# താമരമൊട്ടുകൾ

വാല്യം 27 | ആഗസ്റ്റ് 2025 | ലക്കം 08 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## August 2025

| | | |
|---|---|---|
| 01 | 10.00 | Thiruvambady |
| 02 | 11.00 | Chempanoda |
| | 14.30 | Kozhikode |
| | 16.00 | Paroppady |
| | 18.00 | Narinada |
| 03 | 10.00 | Thamarassery |
| | 15.00 | Thiruvambady |
| 04 | 15.00 | Thamarassery |
| 05 - 09 | | KCBC |
| 10 | | Passukadavu |
| 11 | 06.30 | Peedikappara |
| | 14.00 | Thamarassery |
| | 18.00 | Vettathur |
| 12 - 13 | | Kottayam |
| 14 | 18.00 | Valiyakolly |
| 15 | 07.30 | Vayalida |
| | 17.00 | Manjuvayal |
| 16 | 06.30 | Paroppady |
| | 10.30 | Puthuppady |
| | 17.00 | Kozhikode |
| 17 | 10.00 | Vellimadukunnu |
| | 15.30 | Thrissur |
| 18 - 29 | | Synod |
| 30 | 10.00 | PMOC |
| | 11.15 | Malaparambu |
| 31 | 07.00 | Vettilappara |

വാല്യം 27 താമരമൊട്ടുകൾ ആഗസ്റ്റ് 2025 ലക്കം 08

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




## St. Maximilian Kolbe

Pray for us

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1 | ആശംസകൾ | 523 |
| 2 | പ്രോഗ്രാം ആഗസ്റ്റ് 2025 | 525 |
| 3 | സർക്കുലർ-തടവറ ശുശ്രൂഷാദിനം | 526 |
| 4 | സർക്കുലർ-കർഷകദിനം | 532 |
| 5 | സർക്കുലർ-ജസ്റ്റിസ് സൺഡേ | 537 |
| 6 | സർക്കുലർ-20/2025 മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം | 540 |
| 7 | സർക്കുലർ-19/2025 വൈദികദിനം | 542 |
| 8 | സർക്കുലർ-18/2025 റൂബിജൂബിലി വിശ്വാസപരിപോഷണ മാസം | 545 |
| 9 | സർക്കുലർ-17/2025 അൽഫോൻസാ തീർഥാടനം | 553 |
| 10 | സർക്കുലർ-16/2025 അഖണ്ഡജപമാല സമർപ്പണം | 549 |
| 11 | സർക്കുലർ-15/2025 വൈദികരുടെ വാർഷികധ്യാനം | 552 |
| 12 | ഹൃദയപൂർവം-3/2025 കുട്ടികൾക്കായി പിതാവിന്റെ കത്ത് | 554 |
| 13 | കച്ചേരിക്കാര്യം | 557 |
| 14 | സ്മരണാഞ്ജലി | 559 |
| 15 | പാവനസ്മരണയ്ക്ക് | 560 |
| 16 | പ്രസ്ബിറ്ററൽ റിപ്പോർട്ട് | 561 |
| 17 | വിശ്വാസപരിശീലനം | 565 |
| 18 | എയ്ഡർ എഡ്യൂകെയർ | 569 |
| 19 | സെമിനാരി വാർത്തകൾ | 570 |
| 20 | ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം | 571 |
| 21 | കെസിവൈഎം-എസ്എംവൈഎം | 573 |
| 22 | മദ്ബഹ ശുശ്രൂഷ (SMART) | 575 |
| 23 | സ്റ്റാർട്ട് | 576 |
| 24 | കരിസ്മാറ്റിക് മൂവ്മെന്റ്, ക്രിസ്റ്റീൻ മിനിസ്ട്രി | 577 |
| 25 | കരുണാഭവൻ | 578 |
| 26 | ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 578 |
| 27 | പ്രവാസി അപ്പസ്തോലെറ്റ് | 579 |
| 28 | ബഥാനിയ ധ്യാനകേന്ദ്രം | 579 |
| 29 | വികസനവേദി | 581 |
| 30 | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി | 582 |
| 31 | കത്തോലിക്കാ കോൺഗ്രസ് | 584 |
| 32 | എക്യുമെനിസം | 586 |
| 33 | മരിയൻ പ്രോലൈഫ് മൂവ്മെന്റ്, യൂദിത്ത് ഫോറം | 587 |
| 34 | യേശുനിധി | 589 |
| 35 | അജപാലനക്കുറിപ്പുകൾ | 590 |

# BIRTH DAY
## *Greetings*

Rev. Fathers

| | | |
|---|---|---|
| Kalarickal Joseph | August | 1 |
| Panackal Varghese | | 3 |
| Chilambikunnel Thomas | | 4 |
| Kochumuriyil Thomas | | 5 |
| Karukamalil Vincent | | 9 |
| Kuzhivelil Dominic | | 15 |
| Plakkoottathil Jacob | | 15 |
| Paimpillil George | | 15 |
| Karakunnel Jacob | | 16 |
| Kandassamkunnel Mathew | | 17 |
| Karackal Sebastian | | 18 |
| Mazhuvanchery Abraham | | 21 |
| Oravumkara John | | 22 |
| Mundanattu George | | 22 |
| Edakkattil Joseph | | 25 |
| Pamplaniyil Joseph | | 26 |
| Peruvelil Mathew | | 27 |
| Kappalumackal Jacob | | 29 |
| Kannampally Thomas | | 30 |
| Ezhanikatt Joseph | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kuzhivelil Dominic | Augus | 8 |
| Muttathukudiyil Dominic | | 8 |
| Thoomkuzhy Dominic | | 8 |
| Alumkal Augustine | | 28 |
| Kizhukkarakatt Augustine | | 28 |
| Kizhukarakatt Sudeep | | 28 |
| Kizhukarakatt Danties | | 28 |
| Machukuzhiyil Augustine | | 28 |
| Pannikkottu Augustine | | 28 |
| Pattaniyil Augustine | | 28 |
| Palathumthalackal Augustine | | 28 |
| Thuravackal Augustine | | 28 |
| Vamattathil Augustine | | 28 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ആഗസ്റ്റ് 2025

| | | |
|---|---|---|
| 01 | വെള്ളി | **പതിനഞ്ച് നോമ്പാരംഭം** |
| 02 | ശനി | **ചരമദിനം: ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 04 | തിങ്കൾ | **വി. ജോൺ മരിയ വിയാനി, വൈദികദിനം** |
| 06 | ബുധൻ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 09 | ശനി | **ചരമദിനം: ഫാ. ജോസഫ് അറക്കപ്പറമ്പിൽ** |
| 11 | തിങ്കൾ | വി. ക്ലാര |
| 14 | വ്യാഴം | വി. മാക്സ്മില്ല്യൻ കോൾബെ |
| 15 | വെള്ളി | **മാതാവിന്റെ സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം** |
| 17 | ഞായർ | **ചരമദിനം: ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| 19 | ചൊവ്വ | **ചരമദിനം: ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| 21 | വ്യാഴം | വി. പത്താംപീയൂസ് മാർപാപ്പ |
| 22 | വെള്ളി | **ചരമദിനം: ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| 23 | ശനി | **വി. ബർത്തലോമിയോ ശ്ലീഹാ** |
| 25 | തിങ്കൾ | **ചരമദിനം: ഫാ. ജോസഫ് കോഴിക്കോട്ട്** |
| 26 | വ്യാഴം | വി. അഗസ്റ്റിൻ |
| 28 | വ്യാഴം | **ചരമദിനം: ഫാ. തോമസ് കൊച്ചുപറമ്പിൽ** |
| 29 | വെള്ളി | **വി. എവുപ്രാസ്യ** |

No: 4033/K-5/KCBC/OL/DS

# തടവറ ശുശ്രൂഷാ ഞായർ
# 10 ആഗസ്റ്റ് 2025
# വീണുപോയ മനുഷ്യർക്ക് പ്രാർഥനയുടെ ചിറകിൽ പറന്നുയരാം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു രക്ഷിക്കാൻ വന്ന കർത്താവായ ഈശോ മിശിഹായുടെ (ലൂക്കാ 19:10) കൃപയും കരുണയും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ. കത്തോലിക്കാസഭ തടവറ പ്രേഷിത ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ ഇതിന്റെ ആപ്തവാക്യം – “വീണുപോയ മനുഷ്യർക്ക് പ്രാർഥനയുടെ ചിറകിൽ പറന്നുയരാം”. എന്നത് ദൈവകൃപയാലും സഭയുടെ കരുണാർദ്രമായ പിൻബലത്താലും എപ്പോഴും നവീകരണം സാധ്യമാണ് എന്ന കാര്യം നമ്മെ ഓർമിപ്പിക്കുന്നു. മാപ്പേകാൻ വിസമ്മതിക്കുകയും അതേസമയം കുറ്റം വിധിക്കാൻ ധൃതികൂട്ടുകയും ചെയ്യുന്ന ഇന്നത്തെ ലോകത്ത് മറ്റൊരു വലിയ സത്യത്തിലേക്കു സുവിശേഷം നമ്മെ ക്ഷണിക്കുന്നു: ഓരോ മനുഷ്യവ്യക്തിയും, എത്ര വലിയ താഴ്ചയിലേക്ക് വീണാലും, ദൈവത്തിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടവനും നമ്മുടെ പ്രാർഥനവഴി അവിടത്തെ കരുണ ലഭിച്ചു രൂപാന്തരപ്പെടാൻ സാധ്യതയുള്ളവനുമാണ്. ദൈവത്തിനും വീണ്ടെടുക്കാൻ കഴിയാത്തവരായി ആരുമില്ല.

## വീണ്ടെടുപ്പിനായുള്ള വിളി

വീണുപോയവരോടുള്ള ദൈവത്തിന്റെ അചഞ്ചലമായ സ്നേഹം വിശുദ്ധലിഖിതത്തിന്റെ ആരംഭം മുതൽ നാം കാണുന്നു. ആദവും ഹവ്വയും വീണുപോയെങ്കിൽപ്പോലും ഉപേക്ഷിക്കപ്പെട്ടില്ല. ദാവീദ് രാജാവ് വലിയ പാപത്തിൽ വീണുപോയിരുന്നെങ്കിലും അനുതപിക്കുകയും ദൈവത്തിന്റെ ഹൃദയത്തിനു ചേർന്ന വ്യക്തിയായി മാറുകയും ചെയ്തു. ഒരിക്കൽ സഭയെ പീഡിപ്പിച്ചിരുന്ന പൗലോസ് ജനതകളുടെ അപ്പോസ്തലനായി മാറി. ധൂർത്തപുത്രന് മാപ്പ് ലഭിച്ചെന്നു മാത്രമല്ല, അവന്റെ തിരിച്ചുവരവ് ആഘോഷിക്കപ്പെടുകയും ചെയ്തു. ഇവയെല്ലാം കേവലം ഭൂതകാല കഥകൾ അല്ല. വിശ്വാസവും അനുതാപവും ഉള്ളപ്പോൾ ഒരു വീഴ്ചയും അതിൽ തന്നെ അന്ത്യമല്ല; മറിച്ച്, തിരിച്ചുവരവിലേയ്ക്കും ഉയർപ്പിലേയ്ക്കുമുള്ള സാധ്യതയാണ്. എസക്കിയേൽ പ്രവാചകൻവഴി ദൈവം പറയുന്നതുപോലെ, ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ

ദുഷ്ടമാർഗത്തിൽനിന്നു പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം (33:11).

### ക്രിസ്തു: കരുണാമയനും വീണ്ടെടുക്കുന്നവനും

യേശു തന്റെ പരസ്യജീവിതത്തിൽ എല്ലാവരെയും തന്നോട് ചേർത്തുപിടിച്ചു. അനുതപിച്ച കള്ളനോട് മാപ്പു നൽകികൊണ്ട് അവിടുന്ന് പറഞ്ഞു: നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ 23:43). അവിടന്ന് ചുങ്കക്കാരോടൊത്തു വിരുന്നിനിരുന്നു, വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവർക്കു മാപ്പുകൊടുത്തു, നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി. നഷ്ടപ്പെട്ട നാണയത്തിന്റെയും നഷ്ടപ്പെട്ട ആടിന്റെയും നഷ്ടപ്പെട്ട പുത്രന്റെയും ഉപമകളിലൂടെ അവിടന്ന് പിതാവിന്റെ ഹൃദയം വെളിപ്പെടുത്തി: മനസാന്തരം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും (ലൂക്കാ 15:7) എന്ന് അവിടന്നു പ്രസ്താവിച്ചു. ക്രിസ്തുവിന്റെ ദൗത്യം, അന്നും ഇന്നും, എന്നും നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി രക്ഷപ്പെടുത്തുക എന്നതാണ് (ലൂക്കാ 19:10).

### സഭ: വീണു പോകുന്നവരുടെ മാതാവ്

ക്രിസ്തുവിന്റെ ശരീരം എന്ന നിലയ്ക്ക് അവന്റെ തന്നെ കരുണയുടെ ദൗത്യമാണ് സഭയെ ഭരമേൽപ്പിച്ചിരിക്കുന്നത്. ആരെയും കുറ്റം വിധിക്കാനല്ല അവൾ നിലകൊള്ളുന്നത്; മറിച്ച്, സ്വാഗതം ചെയ്യാനും സുഖപ്പെടുത്താനും സമൂഹത്തിൽ തിരസ്കൃതരും വീണുപോയവരും ആയവരെ പുനരുജ്ജീവിപ്പിക്കാനുമാണ്. അനുരഞ്ജനകൂദാശവഴി ആത്മാക്കൾ നവീകരിക്കപ്പെടുന്നു. ദിവ്യകാരുണ്യസ്വീകരണംവഴി മുറിവേൽപ്പിക്കപ്പെട്ട ജീവിതങ്ങൾ ബലപ്പെടുത്തപ്പെടുന്നു. സഭ ക്ഷണിക്കപ്പെട്ടിരിക്കുന്നത് മാപ്പും മോചനവും നൽകാൻവേണ്ടി മാത്രമല്ല അതോടൊപ്പം സുഖപ്പെടുത്താനും അനുഗമനം ചെയ്യാനും വേണ്ടിയാണ്. ഒരു അമ്മയെപ്പോലെ അവൾ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും പ്രത്യാശപകരുകയും ചെയ്യുന്നു; അത് അഴികൾക്കുള്ളിലുള്ള ആളുകൾക്കുവേണ്ടിയും സഭ ചെയ്യുന്നു. പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്ന് ഏശയ്യാ പ്രവാചകൻ വഴി അരുൾചെയ്യപ്പെട്ട വചനത്തിന്റെ ചൈതന്യത്തിലാണ് (ഏശ 49:15) പ്രിസൺ മിനിസ്ട്രി ഇന്ത്യ (PMI) അഴികൾക്കു പിന്നിലുള്ള സഹോദരീസഹോദരന്മാരുടെ പക്കലേക്കു സഭയുടെ കരുണാർദ്രഭാവത്തോടെ തിരിയുന്നത്.

## പ്രിസൺ മിനിസ്ട്രി ഇന്ത്യ: സുവിശേഷം പ്രവർത്തന പന്ഥാവിൽ

1981 ഡിസംബർ എട്ടാം തീയതി കോട്ടയത്തെ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ രണ്ടു വൈദിക വിദ്യാർഥികളാൽ ആരംഭിച്ച പ്രിസൺ മിനിസ്ട്രി ഇന്ത്യ നമ്മുടെ നാട്ടിൽ ദൈവിക കരുണയുടെ ദീപനാളം ആണ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സന്നദ്ധപ്രവർത്തകർ തടവറകളിൽ പ്രവേശിക്കുന്നത് ആരെയും വിധിച്ചുകൊണ്ടല്ല, മറിച്ച് അനുകമ്പയോടെയാണ്. അവർ അവിടത്തെ അന്തേവാസികളോടൊത്തു പ്രാർഥിക്കുകയും, അവർക്ക് കൗൺസിലിംഗ് നൽകുകയും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും നിയമസഹായം നൽകുകയും ചെയ്യുന്നു. മാത്രമല്ല, അവർ ജയിൽ മോചിതരായശേഷം അവർക്ക് ആവശ്യമായ അനുഗമനം നല്കി പുനഃരധിവസിപ്പിക്കുവാൻ ശ്രമിക്കുന്നു. ശിക്ഷകഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ എങ്ങോട്ട് പോകണമെന്ന് അറിയാത്തവരെ PMI പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിക്കുകയും അവർക്ക് ജോലി സാധ്യതകൾ ഒരുക്കുകയും മുറിവേറ്റ ജീവിതങ്ങളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ കാരാഗ്രഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു (മത്താ 25:36) എന്ന ക്രിസ്തു വചനം അപ്രകാരം അന്വർഥമാക്കുന്നു.

## പ്രാർഥനയുടെ ചിറകുകളിൽ

തടവുകാരെ പുനഃരധിവസിപ്പിക്കുന്ന പ്രക്രിയയിൽ പ്രാർഥനയും ഉപവാസവും അടിസ്ഥാന ഘടകങ്ങളാണ്. പ്രാർഥനവഴിയാണ് ഹൃദയങ്ങൾ മൃദുലമാക്കപ്പെടുന്നതും മനസ്സാക്ഷി ഉണർത്തപ്പെടുന്നതും കൃപ സ്വീകരിക്കപ്പെടുന്നതും. ബംഗളൂരുവിലുള്ള നാഷണൽ ഓഫീസിനോട് ചേർന്ന PMIയുടെ ഒരു പ്രാർഥനാ ഗോപുരം (prayer tower) ഉണ്ട്; ലോകം മുഴുവനുമുള്ള തടവുകാർക്കുവേണ്ടി ദിവ്യകാരുണ്യസവിധേ അവിടെ സന്നദ്ധപ്രവർത്തകർ നിരന്തരം മധ്യസ്ഥ പ്രാർഥന നടത്തുന്നു. ഈ അഖണ്ഡ മധ്യസ്ഥ പ്രാർഥനയിൽ (Incessant Intercessary Invocation) ഓൺലൈൻ ആയിട്ടോ ആത്മീയമായിട്ടോ പങ്കുചേരാൻ നിങ്ങളെ സ്നേഹപൂർവം ക്ഷണിക്കുന്നു. അഖണ്ഡ ഉപവാസം, അഖണ്ഡ ദിവ്യബലി, അഖണ്ഡ ജപമാല, അഖണ്ഡ കരുണക്കൊന്ത എന്നിവ PMI സംഘടിപ്പിക്കുന്നുണ്ട്. നിങ്ങളുടെ നിത്യേനയുള്ള പ്രാർഥനയും അധ്യാത്മിക ശുശ്രൂഷകളും തടവുകാരെ, ഏറെ പ്രത്യേകിച്ച് ഭീകര പ്രവർത്തകർ, മനുഷ്യക്കടത്തുകാർ തുടങ്ങിയവരെ, കൃപയിലേക്ക് ഉയർത്തുന്ന യഥാർഥ ചിറകുകളായി പരിണമിക്കും.

## തടവറ ശുശ്രൂഷവഴിയുള്ള രൂപാന്തരം

ഒരുകാലത്ത് നിരന്തരം കളവു ചെയ്തുകൊണ്ടിരുന്ന രാജേഷിന്റെ (പേര് സാങ്കൽപ്പികം) കഥ ഞാൻ നിങ്ങളോടു പങ്കുവയ്ക്കാം. കുടുംബവും സമൂഹവും തിരസ്കരിച്ച അയാളെ തടവറ ശുശ്രൂഷയുടെ സന്നദ്ധപ്രവർത്തകർ ജയിലിൽ കണ്ടുമുട്ടി. പ്രാർഥനയും വചനവായനയും ശുശ്രൂഷകരുടെ പിൻബലവും വഴിയായി അയാൾക്ക് ആഴത്തിലുള്ള മാനസാന്തരാനുഭവം ഉണ്ടായി. തന്റെ മോചനത്തിനുശേഷം തൊഴിൽ കണ്ടെത്താനും തന്റെ അമ്മയുമായി രമ്യതപ്പെടാനും പുതിയൊരു ജീവിതശൈലി സ്വീകരിക്കാനും PMI അയാളെ സഹായിച്ചു. ഇന്ന് അയാൾ ഒരു നല്ല പിതാവാണ്; ഇടവകയിലെ സന്നദ്ധപ്രവർത്തകനും ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന്റെ സജീവസാക്ഷിയുമായി പ്രശോഭിക്കുന്നു.

## ഇന്ത്യയിലെ സഭയുടെ വിളി

നമ്മുടെ ഓരോ ഇടവകയും സന്യാസസമൂഹവും പ്രാർഥനാകൂട്ടായ്മയും കുടുംബവും ദൈനംദിനം തടവറകളിൽ ആയിരിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കണം, പ്രത്യേകിച്ച് മധ്യസ്ഥപ്രാർഥനവഴിയും ജപമാല വഴിയുമുള്ള പിൻബലം അനിവാര്യമാണ്. പ്രാർഥന, സംഭാവന, സന്നദ്ധപ്രവർത്തനം, പങ്കുവെക്കൽ എന്നിവയിലൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയും. ഒരുകാലത്ത് തടവറയിലായിരുന്നവരെ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്യാനും അവരുടെ മാഹാത്മ്യം അംഗീകരിക്കാനും അവരോട് അനുകമ്പയോടെ പെരുമാറാനും നാം തയ്യാറാകണം. തടവറയിൽ ആയിരിക്കുന്നവരുടെ കുടുംബങ്ങൾക്കു സഹായം എത്തിച്ചുകൊടുക്കാൻ നമ്മൾ ശ്രമിക്കണം; കാരണം അവരെല്ലാവരും ക്രിസ്തുവിൽ നമ്മുടെ സഹോദരീ സഹോദരന്മാരാണ്.

തടവറ പ്രേഷിത ഞായർ ആചരണം വിസ്മരിക്കപ്പെട്ടവരെ ശുശ്രൂഷിക്കാനും ശബ്ദമില്ലാത്തവരുടെ അഭിഭാഷകരാകാനും അഴികൾക്കുള്ളിലെ മനുഷ്യരോടു സദ്‌വാർത്ത അറിയിക്കാനും നമ്മെ കൂടുതൽ ധൈര്യ പ്പെടുത്തട്ടെ. വിധി പറയുന്ന ഒരു കോടതിമുറിയല്ല സഭ, മറിച്ച് സുഖപ്പെടുത്തുന്ന ഒരു ആതുരാലയമാണ്. ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹ 8:11) എന്ന ക്രിസ്തുവിന്റെ വചനം നമുക്ക് ഓർമിക്കാം.

## കൃതജ്ഞതയും ആശംസകളും

സഹോദര മെത്രാന്മാരോടു ചേർന്നുനിന്നുകൊണ്ട്, എല്ലാ രൂപതകൾക്കും സന്യാസസഭ മേലധികാരികൾക്കും ഉപകാരികൾക്കും നിങ്ങളുടെ പ്രാർഥനയ്ക്കും ഉദാരമായ പിന്തുണയും അനുസ്മരിച്ചുകൊണ്ട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ നിർലോഭമായ സഹകരണം അഭ്യർത്ഥിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തടവറ പ്രേഷിത ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകരുടെ ദൗത്യം വളരെയേറെ ഞങ്ങൾ വിലമതിക്കുന്നു; തടവറയിൽ ആയിരുന്നവരെ പുനഃരധിവസിപ്പിക്കുക എന്നതാണ് ഏറ്റവും വെല്ലുവിളിനിറഞ്ഞ, ശ്രമകരമായ പ്രവൃത്തി. പ്രിസൺ മിനിസ്ട്രിയുടെ സ്വർഗീയ മധ്യസ്ഥരായ വിശുദ്ധ മാക്സ് മില്യൻ കോൾബേ, ധന്യൻ ഫ്രാൻസിസ് സേവ്യർ വാൻ തൂവാൻ എന്നിവരുടെ പ്രാർത്ഥനകൾ നമുക്കു യാചിക്കാം. നമ്മുടെ മാതാവായ പരിശുദ്ധ കന്യകമറിയം എപ്പോഴും നമ്മെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യട്ടെ !

പൈതൃകാശിസ്സുകളോടെ,

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ്
കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ)

## വിശ്വാസികളുടെ പ്രാർഥന

കാർമികൻ: പ്രിയ സഹോദരീസഹോദരന്മാരേ, പാപികളോടും ദരിദ്രരോടും ഈശോ വളരെയേറെ അനുകമ്പ കാണിച്ചു. അതിനാൽ, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ നാമും തടവറകളിൽ ഉള്ളവരോടു കരുണയോടെ പെരുമാറാൻ ഇടയാക്കണമെന്നു കർത്താവിനോടു നമുക്ക് പ്രാർഥിക്കാം.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളണമേ.

കർത്താവേ, അങ്ങ് നിഷ്കളങ്കനായ തടവുപുള്ളി എന്ന നിലയിൽ തടവുകാരുടെ അനുഭവത്തിൽ പങ്കുചേർന്നല്ലോ. അഴികളുടെ പിറകിലുള്ള ഞങ്ങളുടെ സഹോദരീസഹോദര ന്മാരുടെ മാനസിക വിഷമങ്ങളും ശാരീരിക അസ്വസ്ഥതകളും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരെയും അവരുടെ കുടുംബങ്ങളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. അവരോടു കരുണയോടും സഹതാപത്തോടും പെരുമാറാൻ തടവറ അധികാരികളെ പ്രാപ്തരാക്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളണമേ.

ഭാരതത്തിലെ തടവറ ശുശ്രൂഷയിൽ ആയിരിക്കുന്ന എല്ലാ സന്നദ്ധപ്രവർത്തകരെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. എളിയവരും തഴയപ്പെട്ടവരും താഴെത്തട്ടിലുള്ള വരും ആയവർക്കുവേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്നവരെ നല്ല ഇടയനായ ഈശോ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യാൻ ഇടവരുത്തണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളണമേ.

കർത്താവേ, തെറ്റായി കുറ്റാരോപിതരായി തുറുങ്കിലടക്കപ്പെട്ട എല്ലാവരെയും ഓർത്തു ഞങ്ങൾ പ്രാർഥിക്കുന്നു. അവരുടെ യാതനയും തിക്തതയും അങ്ങേയ്ക്ക് അറിയാമല്ലോ. കരുണാമയ നായ ദൈവമേ, ശരിയായ അഭിഭാഷക പ്രവർത്തനം വഴിയായി എത്രയും പെട്ടെന്ന് മോചിതരാകുവാൻ അവർക്ക് ഇടയാക്കണ മേയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

പ്രത്യുത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളണമേ.

കാർമികൻ: പിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്കു തിരിയുമ്പോൾ അങ്ങ് അതീവ സന്തുഷ്ട നാണല്ലോ. അങ്ങയുടെ കരം നീട്ടി തടവറകളിൽ കഴിയുന്ന സഹോദരീസഹോദരന്മാരെ സ്പർശിക്കുകയും അവർ നവീകരിക്കപ്പെട്ട ഒരു ജീവിതം നയിക്കാൻ ഇടയാക്കുകയും ചെയ്യേണമേ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളണമേ. ആമേൻ.

---

*ഈ സർക്കുലർ 2025 ആഗസ്റ്റ് 10-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.*

Ref: 4124/K-35/KCBC/OL/DS

# 2025 ആഗസ്റ്റ് 17 കർഷകദിനം
# കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ വൈദികരേ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ, യുവജനങ്ങളെ, കുഞ്ഞുങ്ങളെ,

സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കർഷകർ കടന്നു പോവുകയും, നാടിറങ്ങുന്ന വന്യമൃഗങ്ങളാൽ നൂറുകണക്കിനാളുകൾ കൊല്ലപ്പെടുകയും അപരിഷ്കൃത നാടുകൾക്ക് സമാനം കേരളത്തിന്റെ വഴിയോരങ്ങളിൽ ജനങ്ങളുടെ സ്വൈര്യവിഹാരത്തെ അപകടത്തിലാക്കും വിധം തെരുവ് നായ്ക്കൾ പെരുകുകയും ചെയ്യുന്ന ഗുരുതരമായ സാമൂഹ്യപ്രതിസന്ധികൾക്ക് നടുവിലാണ് കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. അന്നം തരുന്നവന്റെ സങ്കടങ്ങൾ സർക്കാരുകൾ തുടർച്ചയായി അവഗണിക്കുമ്പോൾ അവരുടെ ബുദ്ധിമുട്ടുകളിലേക്ക് വിശ്വാസസമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിക്കുകയാണ് ഈ സർക്കുലറിന്റെ ലക്ഷ്യം.

കേരളത്തിന്റെ കാർഷിക പാരമ്പര്യത്തിന്റെ ഉത്സവനാളുകൾ കൂടിയായ ഈ ഓണക്കാലത്ത് കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും നമ്മുടെ കുടുംബങ്ങളെ ബലപ്പെടുത്തിയിരുന്ന കാർഷിക സംസ്കാരത്തെ അനുസ്മരിക്കാനുമായി ഈ ഞായറാഴ്ച നമുക്ക് മാറ്റിവയ്ക്കാം.

## കാർഷിക വൃത്തിയും സംസ്കാരവും

കാർഷികവൃത്തിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ലോകത്തിലെ എല്ലാ സംസ്കാരങ്ങളും വളർന്നു വന്നത് കൃഷിയിൽ നിന്നാണെന്ന് നാം മനസ്സിലാക്കണം. കൃഷിക്കു വേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് സിന്ധുനദീ തട സംസ്കാരം പോലെയുള്ള മഹത്തായ ലോക സംസ്കാരങ്ങൾ ആവിർഭവിച്ചത്. കേരളത്തെക്കുറിച്ച് പറയുമ്പോൾ മലയാളിയുടെ നന്മനിറഞ്ഞ സംസ്കാരത്തെ രൂപപ്പെടുത്തിയതിൽ പ്രധാന പങ്കുവഹിച്ചത് കൃഷിയായിരുന്നുവെന്ന് പറയേണ്ടി വരും. നെല്ലും വയലും പച്ചക്കറിത്തോട്ടങ്ങളും എല്ലാംകൂടി നമ്മുടെ ചുറ്റുപാടുകളിൽ സൃഷ്ടിച്ച ഒരു സംസ്കാരം ഉണ്ടായിരുന്നു. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലരാക്കി എടുക്കുന്ന കർഷകൻ സ്കൂൾ

അധ്യാപകനേക്കാൾ വലിയ ജീവിതമൂല്യങ്ങളായിരുന്നു പഠിപ്പിച്ചുകൊണ്ടിരുന്നത്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും കൂട്ടിച്ചേർത്തുനിർത്തലിന്റെയും പ്രോത്സാഹനത്തിന്റെയും ദയയുടെയുമൊക്കെ വലിയ സുവിശേഷപാഠങ്ങളായിരുന്നു അവ. കുട്ടികളെ കൂടെനിർത്തി നടുകയും വളമിടുകയും അയൽപക്കക്കാരോടൊത്ത് വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാല മാതാപിതാക്കൾ പകർന്നു കൊടുത്തിരുന്ന ഉദാത്തമായ മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നിരുന്നത്.

## ക്രിസ്തുവിന്റെ മനസ്സിലെ കൃഷിക്കാരൻ

നമ്മുടെ കർത്താവ് ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കാൻ മെനഞ്ഞെടുത്ത ഉപമകളിൽ ഏറിയപങ്കും കൃഷിയോടും കൃഷിക്കാരോടും ബന്ധപ്പെടുത്തിയുള്ളതായിരുന്നുവെന്ന് നാം മറന്നുകൂടാ. തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ കൃഷിക്കാരായിരുന്നു. മുന്തിരി കൃഷിയും മീൻപിടുത്തവും ആടുമേയ്ക്കലും ഗോതമ്പ് കൃഷിയുമൊക്കെ അവരുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങളായിരുന്നു. ആയതിനാൽ അവരുടെ കൃഷിയിടങ്ങളിൽ നിന്ന് മിശിഹാ തമ്പുരാൻ ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ മെനഞ്ഞു. ദൈവരാജ്യം വയലിൽ വിതയ്ക്കപ്പെട്ട വിത്തിന് തുല്യമാണെന്ന് പറഞ്ഞപ്പോഴും ദൈവരാജ്യം മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർക്ക് സമാനമാണെന്ന് പറഞ്ഞപ്പോഴുമൊക്കെ അവിടുന്ന് കർഷകന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുകയായിരുന്നു. പിന്നീട് അവിടുന്ന് നല്ലിടയന്റെ ഉപമ പറഞ്ഞു; കടുകുമണിയുടെ ഉപമ പറഞ്ഞു; കടലിൽ എറിയപ്പെട്ട വലയുടെ ഉപമ പറഞ്ഞു. അങ്ങനെ എത്രയോ ഉപമകളാണ് കർഷക ബന്ധിയായി അവിടുന്ന് പറഞ്ഞത്. കൃഷിയേയും കർഷകരെയും നമ്മുടെ കർത്താവ് സ്നേഹിച്ചുവെന്ന ഉത്തമബോധ്യത്തിൽ നിന്നാണ് കത്തോലിക്കാ സഭയും സഭയുടെ മാധ്യമങ്ങളും കർഷകർക്കുവേണ്ടി ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നത്.

## കടുത്ത കർഷക അവഗണന

“വിതയ്ക്കുന്ന കൈകളാണ് നമ്മുടെ ജീവൻ. കർഷകൻ നമ്മുടെ അമ്മയും പിതാവും” എന്നൊരു ചൊല്ലുണ്ടല്ലോ. കൃഷിക്കാരനെ ആദരവോടെ കണ്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. കാർഷിക വിളവെടുപ്പുകൾ ഉത്സവം പോലെയാണ് നമ്മുടെ നാട്ടിൽ കൊണ്ടാടിയിരുന്നത്. എന്നാൽ ഇന്ന് ആ കാലമൊക്കെ പോയിരിക്കുന്നു. കർഷകൻ അധികാരികളുടെ മുമ്പിൽ അടിയാനെപ്പോലെ തൊഴുതു നിൽക്കേണ്ട ഗതികേടിലായിരിക്കുന്നു. ഉദ്പാദനം മുതൽ വിപണനം വരെ സർവ്വ മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷി

യുമാകട്ടെ, അത് നെല്ലോ, റബ്ബറോ, ഏലമോ, കപ്പയോ എന്തുമാകട്ടെ, കർഷകന്റെ ജീവസന്താരണത്തിന് ഉപകരിക്കപ്പെടാത്തവിധം വില തകർച്ചയെ നേരിടുകയോ വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. വിറ്റ നെല്ലിന്റെ വില കിട്ടാതെ ലോണെടുത്ത പണത്തിന് പലിശയടച്ച് കടക്കെണിയിലായിരിക്കുകയാണ് നെൽക്കർഷകർ. 89 കോടി രൂപയുടെ നെല്ല് സപ്ലൈകോ സംഭരിച്ചതിൽ ഇതുവരെ കർഷകർക്ക് കൊടുത്തത് 27 കോടി രൂപ മാത്രമാണ്. സർക്കാരിന്റെ കടുത്ത അവഗണനയിൽ പ്രതിഷേധിച്ച് അപ്പർ കുട്ടനാട്ടിലെ നെൽക്കർഷകർ 1300-ാളം ഏക്കർ പാടത്ത് അടുത്ത വിത വേണ്ടെന്ന സങ്കടകരമായ തീരുമാനത്തിലെത്തിയിരിക്കുകയാണ്. പ്രകൃതിക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപ്പോലും അവഗണിക്കുകയാണ്. ഇതിന്റെ കൂടെ കർഷകന്റെ സ്വപ്നങ്ങളുടെ മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ഉദ്പാദനച്ചിലവും ഉയർന്നിരിക്കുന്നു. 50 രൂപ മുതൽ 250 രൂപ വരെയാണ് ഈ വർഷം രാസവളങ്ങൾക്ക് വില കൂട്ടിയത്. രണ്ടു വർഷത്തിനിടയിൽ കേന്ദ്രസർക്കാർ വളം സബ്സിഡിയിൽ വെട്ടിക്കുറച്ചത് 84,000 കോടി രൂപയാണ്. റബർ കർഷകരുടെ കാര്യവും ദയനീയമാണ്. 250 രൂപ നൽകുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കഴിഞ്ഞ വർഷം കോട്ടയം, ഇടുക്കി ജില്ലകളിലായി 220 കോടിയുടെ കൃഷി നാശമാണുണ്ടായത്. ഒന്നിനും പരിഹാരമുണ്ടാകുന്നില്ല. കർഷകന്റെ രോദനങ്ങൾക്ക് ചെവി കൊടുക്കാൻ തയ്യാറാകാതെ സർക്കാർ സംവിധാനങ്ങൾ കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിയിരിക്കുന്നു. കർഷകന്റെ മക്കളുടെ വിവാഹം പോലും നടക്കാതെ പോകുന്നു. മാധ്യമങ്ങൾ പോലും കർഷകന്റെ പക്ഷം നിൽക്കാൻ മടിക്കുകയാണ്.

### വന്യജീവി ആക്രമണവും തെരുവുനായ ശല്യവും

ഇതിനെല്ലാം പുറമേയാണ് മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിലേക്ക് കടന്നു കയറി വന്യജീവികൾ നടത്തുന്ന ഭീകരാക്രമണം. 2024 മുതൽ 2025 കഴിഞ്ഞ മാസം വരെ എൺപത്തഞ്ചോളം മനുഷ്യജീവനുകളാണ് വന്യമൃഗ ആക്രമണങ്ങളിൽ നഷ്ടപ്പെട്ടത് എന്നത് മനുഷ്യപ്പറ്റുള്ള ഏതൊരു സർക്കാരിന്റെയും ഉറക്കം കെടുത്തുന്ന ഭീകരമായ കണക്കാണ്. എന്നാൽ ഇന്ന് മനുഷ്യദുരിതങ്ങളുടെ മേൽ വീണ മീട്ടി രസിക്കുന്ന വകുപ്പായി വനം വകുപ്പ് മാറിക്കഴിഞ്ഞു. അവർക്ക് നിയമാനുസൃത ഭൂമിയിൽ സ്ഥാപിക്കപ്പെട്ട കുരിശുകൾ പൊളിച്ചുമാറ്റി വിശ്വാസത്തെ ആക്ഷേപിക്കാൻ തിടുക്കമാണ്. എന്നാൽ ആനയിൽ നിന്നും പുലിയിൽ നിന്നുമൊക്കെ മനുഷ്യനെ രക്ഷിക്കാൻ യാതൊരു തിടുക്കവുമില്ല. സംസ്ഥാന ചരിത്രം കണ്ടതിൽ വച്ച് ഏറ്റവും കഴിവുകെട്ട

വകുപ്പായി വനംവകുപ്പ് മാറിക്കഴിഞ്ഞു. 2022-25 കാലഘട്ടത്തിൽ പാലക്കാടും വയനാടുമൊക്കെയായി ഏഴായിരത്തിൽപ്പരം കേസുകളാണ് വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത് എന്നറിയുമ്പോൾ എത്രമാത്രം ഭീകരമാണ് അതെന്ന് ചിന്തിച്ചു നോക്കൂ. മനുഷ്യവിരുദ്ധമായ എല്ലാ നിയമങ്ങളെയും പൊളിച്ചെഴുതാനുള്ള ആർജ്ജവത്വം ജനപ്രതിനിധികൾ കാണിക്കണം. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ പറഞ്ഞതുപോലെ അക്രമകാരികളായ മൃഗങ്ങളെ കൊന്നു നിയന്ത്രിക്കണം. അതിനുള്ള നിയമം പാസാക്കാൻ രാഷ്ട്രീയ ഭേദമന്യേ ജനപ്രതിനിധികൾ ഒന്നിക്കണം. മനുഷ്യ വിരുദ്ധമായ എല്ലാ മൃഗസ്നേഹ വാഴ്ത്തലുകളെയും നാം സംഘടിതമായി ചെറുത്തു തോൽപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരിഷ്കൃത രാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിലും അതിന്റെ ഇറച്ചി ചന്തയിൽ വാങ്ങാൻ കിട്ടുമെന്ന് ഓർക്കണം. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ അതിക്രമിച്ചു കയറുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം മലയോര മേഖലകളിലെ കർഷക കൂട്ടായ്മകൾക്ക് നൽകണമെന്ന് കർഷകർക്ക് വേണ്ടി കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

തെരുവ് നായ്ക്കൾ കടിച്ചു കൊന്നിട്ട താറാവുകളെയോർത്ത് വിലപിക്കുന്ന താറാവ് കർഷകരുടെ വിലാപം നാം കേട്ടു. കേരളം ഇന്ന് നായ്ക്കളുടെ സ്വന്തം നാടായി മാറിക്കഴിഞ്ഞിരിക്കുന്നു. ഓരോ 10 കിലോമീറ്ററിലും 10 തെരുവുനായ്ക്കളെയെങ്കിലും കാണാവുന്ന ദുർഗതിയിലായിരിക്കുന്നു. നമ്മുടെ നാട്ടിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഒന്നരലക്ഷം പേരെയാണ് തെരുവുനായ്ക്കൾ കടിച്ചത് എന്ന വസ്തുത എത്ര ഭീകരമാണ്! മലപ്പുറത്തും തിരൂരങ്ങാടിയിലും പത്തനാപുരം വിളക്കുടിയിലും വാക്സിൻ എടുത്തിട്ടും മരിച്ചുപോയ ഈ നാടിന്റെ കുഞ്ഞുങ്ങളെ കണ്ണീരണിയാതെ നമുക്ക് ഓർമ്മിക്കാൻ ആവുമോ? വെറ്റിനറി ഡോക്ടർമാരുടെ പ്രൊഫഷണൽ സംഘടനയായ ഇന്ത്യൻ വെറ്റിനറി അസോസിയേഷൻ, കേരള നായ്ക്കളുടെ വന്ധ്യംകരണം കൊണ്ട് അടുത്തകാലത്തൊന്നും അവയെ നിയന്ത്രിക്കാനാവില്ല എന്നും അവയെ നശിപ്പിക്കുക മാത്രമേ വഴിയുള്ളു എന്നും പറഞ്ഞിട്ടും എന്ത് ഫലപ്രദമായ നടപടിയാണ് സർക്കാരിനെടുക്കാൻ കഴിഞ്ഞത്? ഇത്രമാത്രം ജനങ്ങളെ ബാധിച്ച ഒരു വിഷയത്തിൽ കുഞ്ഞുങ്ങൾ പോലും മൃതിയടഞ്ഞിട്ടും സ്വമേധയാ കേസെടുക്കാൻ പറ്റുന്ന ഒരു ജഡ്ജി പോലും നമ്മുടെ ഹൈക്കോടതിയിൽ ഇല്ലാതെ പോയല്ലോ എന്നോർത്ത് നാം സങ്കടപ്പെടുന്നു.

### സത്വര നടപടികൾ ആവശ്യം

സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് കൃഷികൊണ്ട് ജീവിക്കാനാവില്ല. കർഷകരോട് ആത്മാർത്ഥത ഉണ്ടെങ്കിൽ അവരുടെ പെൻഷനും

കൃഷിനാശം മൂലം ഉണ്ടായ നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് മുൻഗണന നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനം വകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. കർഷകർക്കെതിരെ ചാർത്തപ്പെട്ട കേസുകൾ പിൻവലിക്കണം. വന്യജീവി ആക്രമണങ്ങൾ ചെറുക്കാൻ പര്യാപ്തമാകും വിധം പരിഷ്കൃത രാജ്യങ്ങളുടേതിനു സമാനം വനത്തിന് ചുറ്റും കിടങ്ങുകളും ഇലക്ട്രിക് ഫെൻസിങ്ങുകളും ശക്തമായ വേലിക്കെട്ടുകളും നിർമ്മിക്കണം. വിറ്റ ഉൽപന്നങ്ങളുടെ വില രണ്ടാഴ്ചക്കുള്ളിൽ നൽകാൻ നടപടി ഉണ്ടാകണം. സാമൂഹിക ജീവിതത്തിന് ഭീഷണിയാകുന്ന തെരുവ് നായ്ക്കളെ ഉന്മൂലനം ചെയ്യാൻ നടപടികൾ സ്വീകരിക്കണം. എറണാകുളും ജില്ലയിലെ ചെല്ലാനം തീരമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനായുള്ള സമരത്തിനും വേഗത്തിൽ പരിഹാരം ഉണ്ടാകണം. കർഷകരുടെ സങ്കടങ്ങൾ പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം.

## കാർഷിക സംസ്കാരം വീണ്ടെടുക്കാം

കാർഷിക സംസ്കാരം നമ്മുടെ നാട്ടിൽ നിലനിർത്തിയിരുന്ന നന്മയുടെ ഇന്നലെകളെ ഈ ഓണക്കാലത്ത് നമുക്ക് അനുസ്മരിക്കാം. കൃഷിയുടെ സംസ്കാരം അന്യം നിന്ന് പോകാതിരിക്കാൻ എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കാൻ കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്ത് നമുക്ക് കൈമോശം വന്നുപോയ കുടുംബകൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. നമ്മുടെ യുവതലമുറയുടെ മൂല്യബോധം നിർണ്ണയിക്കുന്നതിൽ കൃഷിക്ക് വലിയ പങ്കുണ്ടെന്ന് മറക്കാതിരിക്കാം. ഒഴിവു സമയങ്ങളിൽ ഡോക്ടറും എഞ്ചിനീയറും അധ്യാപകനും ഒക്കെ കൃഷിക്കാരൻ ആകണം. നാം സ്വന്തമായി ഉദ്പാദിപ്പിച്ച ഭക്ഷ്യ വിഭവങ്ങൾ കൂട്ടി ആഴ്ചയിൽ ഒരിക്കലെങ്കിലും ആഹാരം കഴിക്കാൻ കഴിഞ്ഞാൽ ഈ കാലത്ത് അത് വലിയ ഭാഗ്യം തന്നെയാകും. കർഷകന്റെ ശബ്ദമായ ഇൻഫാമിന് നിങ്ങൾ ഏവരുടെയും ശക്തമായ പിന്തുണയും സഹായവും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

*2025 ആഗസ്റ്റ് 15-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമധ്യേ എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

No: 4123/K-5/KCBC/OL/DS

# ജസ്റ്റിസ് സൺഡേ (നീതി ഞായർ) 2025 ആഗസ്റ്റ് 17 കെ.സി.ബി.സി., എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീസഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 78 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേ ക്കാൾ വളരെ ദയനീയമാണ് ഇന്ന്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 75 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്ക പ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദലിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം ഇവർക്ക് നിഷേധിക്കപ്പെട്ടത്.1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമതവിശ്വാസി കളായ ദലിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിത പ്പെടുത്തി. എന്നാൽ 1956-ൽ സിക്ക് ദളിതരെയും, 1990-ൽ ബുദ്ധമത ദലിതരെയും ഈ പട്ടികയിൽ കൂട്ടിച്ചേർത്തു. തുടർന്നുള്ള കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും, അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അധികാരികൾ അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണപങ്കാളിത്തവും, ഉദ്യോഗ-വിദ്യാഭ്യാസ പ്രവേശനവും, വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ദളിത് ക്രൈസ്തവർക്ക് ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986-ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കു വാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ ഏകദേശം രണ്ട് കോടിയിൽപരം വിശ്വാസികളിൽ ഭൂരിപക്ഷവും ദലിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്. ഇവർ അനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രമാണ്. ഇവരുടെ ന്യായമായ

അവകാശങ്ങൾ നേടിയെടുക്കുവാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും ആണ് നീതി ഞായർ ആചരിക്കുന്നത്. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും, വാടകവീടുകളിൽ കഴിയുന്നവരും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു വീട്ടിൽത്തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്തവരും ധാരാളമുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം ദലിത് ക്രൈസ്തവർക്ക് നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളി ലൂടെ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ കേരളത്തിൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. മാനേജ്മെന്റ് ക്വാട്ടയിലെയും കമ്മ്യൂണിറ്റി ക്വാട്ടയിലും ദലിത് ക്രൈസ്തവ വിദ്യാർത്ഥി കൾക്ക് പ്രവേശനം ലഭിച്ചാൽ ലംസം ഗ്രാന്റ് ലഭിക്കുകയില്ല. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണമാണ് വിദ്യാഭ്യാസ ത്തിന് ദലിത് ക്രൈസ്തവവിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. സാങ്കേതികവിദ്യാഭ്യാസത്തിന് അവർക്ക് ലഭിക്കുന്ന സംവരണം ½% മാത്രമാണ്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും ക്ലാസ് IVൽ രണ്ട് ശതമാനവും ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴില വസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴി വുകളും ക്ലാസ്സ് I ൽ 872 ഒഴിവുകളും നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ ഫലപ്രദമായി ലഭിക്കുന്നില്ല. സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാൻ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും, കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് പ്രത്യേക ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ സഭാസ്ഥാപനങ്ങളിൽ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉദ്ധരിക്കുവാൻ സഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായ ത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇത് പരിഹരിക്കപ്പെടുവാൻ പരിശ്രമം ആവശ്യവുമാണ്.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസ ത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന തിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ ആഗസ്റ്റ് 10' പ്രതിഷേധദിനമായും CBCI യുടെ ആഹ്വാനപ്രകാരം ആഗസ്റ്റ് 17 ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാ സഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്ക മഹാജനസഭ (DCMS) വഴി യാണ്. ഈ സംഘടനയുടെ പ്രവർത്തനം എല്ലാ രൂപതയിലും കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. സംഘ ടനയുടെ സപ്തതി വർഷം ഇപ്പോൾ (1905-2025) ആഘോഷിക്കുകയാണ്. **2024 -2025 അദ്ധ്യായന വർഷം** എസ്എസ്എൽസി (80%), പ്ലസ്ടു (70%), ഡിഗ്രി, പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തമായ വിജയം കൈ വരിച്ച വർക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. **അപേക്ഷകൾ ആഗസ്റ്റ് 30ന് മുൻപ് സെക്രട്ടറി, കെ.സി.ബി.സി, എസ്.സി/ എസ്.റ്റി/ബി.സി. കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682 028** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ദലിത് കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക തലത്തിൽ നടത്താറുള്ള സ്തോത്രകാഴ്ച പ്രയോജനപ്പെടുത്തുന്നതാണ്. ഈ തുക രൂപതാ കേന്ദ്രങ്ങൾ വഴി സെപ്റ്റംബർ 30നു കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവക/രൂപത തലത്തിൽ വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസ്സുകളും സമ്മേളന ങ്ങളും നടത്തി ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യം) ആചരണം അർത്ഥവത്താ ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

---

*2025 ആഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപ നങ്ങളിലും വായിക്കുമല്ലോ.*

**സർക്കുലർ 20/2025**

# മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

താമരശ്ശേരി രൂപതയുടെ മൂന്നാമത്തെ മെത്രാനായിരുന്ന അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് സെപ്റ്റംബർ 6 ന് അഞ്ച് വർഷം പൂർത്തിയാകുക യാണ്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വിശ്വാസ തീഷ്ണതയിൽ ജ്വലിച്ച് പതിമൂന്ന് വർഷക്കാലം രൂപതയ്ക്കും നാടിനും പ്രകാശം പകർന്ന പോൾ ചിറ്റിലപ്പിള്ളി പിതാവിനെ പ്രത്യേകമായി സ്മരിക്കാനും കൃതജ്ഞത നിറഞ്ഞ മനസ്സോടെ പ്രാർത്ഥിക്കാനും നാം കടപ്പെട്ടിരിക്കുന്നു.

വിട്ടുവീഴ്ചയില്ലാത്ത വിശ്വാസശീലങ്ങളും കലർപ്പില്ലാത്ത കഠിനാധ്വാനവും പ്രാർത്ഥനകൊണ്ട് ആർജിച്ച സുചിന്തിതമായ നിശ്ചയങ്ങളും എല്ലാവരേയും ഉൾക്കൊള്ളുന്ന ഹൃദയവിശാലതയും പോൾ പിതാവിന്റെ പ്രത്യേകത കളായിരുന്നു. തികച്ചും അപരിചിതമായിരുന്ന താമരശ്ശേരി രൂപതയെ സുപരിചിതമാക്കുന്ന ഇടയയാത്രകളും ഇടപെടലുകളുമാണ് അദ്ദേഹം നടത്തിയത്. ചലനാത്മകവും അനുഗ്രഹീതമായ പതിമൂന്ന് സഫലവർഷ ങ്ങളുടെ ഗുണഫലങ്ങൾ സ്വീകരിച്ച നാം ദൈവത്തോടും സഭയോടും നമ്മുടെ പ്രിയപ്പെട്ട ചിറ്റിലപ്പിള്ളി പിതാവിനോടും കടപ്പെട്ടിരിക്കുന്നു. അഭിവന്ദ്യ പിതാവ് നൽകിയ വിശ്വാസ ദർശനങ്ങളെയും മാനുഷിക മൂല്യങ്ങളെയും നമുക്ക് ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തുകയും പിതാവിലൂടെ രൂപതയ്ക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് ദൈവത്തിന് നന്ദിപറയു കയും ചെയ്യാം.

ചിറ്റിലപ്പിള്ളി പിതാവിന്റെ മരണവാർഷികദിനമായ സെപ്റ്റംബർ 6ന് പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വച്ച് രാവിലെ 10.30 മണിക്ക് വി. കുർബാനയും അനുസ്മരണശുശ്രൂഷകളും ക്രമീകരിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലേതുപോലെ, അന്ന് നടക്കുന്ന അനുസ്മരണ ബലിയിലും മറ്റ് തിരുക്കർമ്മങ്ങളിലും ബഹു. വൈദികരും സിസ്റ്റേഴ്സും ഇടവക പ്രതിനിധികളും സംബന്ധിക്കേണ്ടതാണ്. സെപ്റ്റംബർ 6 നോ, അതിനടുത്ത ദിവസങ്ങളിലോ നമ്മുടെ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പോൾ പിതാവിനെ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർഥനകൾ നടത്തണ

മെന്നും സാധിക്കുന്നവരെല്ലാവരും അതിൽ പങ്കെടുക്കണമെന്നും ഞാൻ സ്നേഹപൂർവം അഭ്യർഥിക്കുന്നു.


അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ ദീപ്തസ്മരണകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ദൈവസന്നിധി യിൽ പിതാവിനുവേണ്ടി പ്രാർഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 ആഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*



സർക്കുലർ 19/2025

# വൈദികദിനം
# വൈദികക്ഷേമനിധി

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ദൈവജനത്തിന്റെ ജീവിതത്തിലേക്ക് ആത്മീയ ഔഷധമായി പെയ്തിറങ്ങിയ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4ന് തിരുസഭ ആചരിക്കുകയാണല്ലോ. പൗരോഹിത്യമെന്ന മഹാദാനത്തെ അതിന്റെ പൂർണ്ണതയിൽ ഏറ്റെടുത്ത് ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥരായി നിലകൊള്ളുന്ന വൈദികരെ, പ്രത്യേകമായി ഇടവക വൈദികരെ അനുസ്മരിക്കുന്ന ദിവസമാണ് അന്ന്. കൃപനിറഞ്ഞ പൗരോഹിത്യത്തെ, ദൈവത്തിനായി മാറ്റി വെയ്ക്കപ്പെട്ട ജീവിതങ്ങളെ ഓർത്ത് പ്രാർഥിക്കാനും ആശംസകൾ നേരാനും എല്ലാ വർഷവും നാം കരുതിവയ്ക്കുന്ന ഈ ദിവസം അനുഗ്രഹപ്രദവും അർഥപൂർണവുമായി നമുക്ക് ആചരിക്കാം.

സങ്കീർത്തനത്തിൽ ഇപ്രകാരം ആലപിക്കുന്നു, "സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം!.. കുരികിൽ പക്ഷി ഒരു സങ്കേതവും മീവൽപ്പക്ഷി കുഞ്ഞിന് ഒരു കൂടും അങ്ങയുടെ ബലിപീഠത്തിങ്കൽ കണ്ടെത്തുന്നു വല്ലോ"(84,1;3). ദൈവവചനത്തിന്റെ പ്രഭവസ്ഥാനത്ത് വസിക്കുന്ന താണ് പൗരോഹിത്യത്തിന്റെ പുണ്യം. ഓരോ പുരോഹിതനും വചനം ജീവിതം കൊണ്ട് വ്യാഖ്യാനിക്കുന്നവരാണ്. ഗാഗുൽത്തായിലെ പരമത്യാഗത്തിന്റെ അനുസ്മരണമായ വി. കുർബാനയിലൂടെ നമ്മെ, ബലി ജീവിതത്തോട് ചേർത്ത് നിർത്തുന്നവരാണവർ. നമ്മുടെ സ്വർഗ്ഗോന്മുഖമായ യാത്രയെ അവർ ചൈതന്യപൂരിതമാക്കുന്നു. മനുഷ്യ ജീവിതത്തിന്റെ സമസ്തമേഖലയിലും ക്രിസ്തുവിന്റെയും സഭയുടെയും മുഖവും മനോഭാവവുമാകുന്ന വൈദികർ നമുക്ക് എന്നും അഭിമാനമാണ്... ആശ്വാസമാണ്... ആത്മവിശ്വാസമാണ്.

സഭയുടെ വളർച്ചയിൽ പൊതുവായും നമ്മുടെ ഇടവകകളുടെ വളർച്ചയിൽ പ്രത്യേകമായും വൈദികർ ഏറ്റെടുക്കുന്ന ത്യാഗവും അധ്വാനവും നിസ്തുലമാണല്ലോ. ഒരു നൂറ്റാണ്ട് പിന്നിടുന്ന മലബാർ കുടിയേറ്റത്തിന്റെ നാൾവഴികളിൽ, ദിശനൽകിയതും ഊർജ്ജമായതും പ്രതിസന്ധികളിൽ പതറാതെ കാത്തതും പുണ്യപൂർവ്വികരായ വൈദികരാണെന്നുള്ള വസ്തുത

നമുക്ക് വിസ്മരിക്കാതിരിക്കാം. ഓരോ ഇടവകയ്ക്കും നാടിനും ഒരു പാട് വൈദികരുടെ സമർപ്പണ ത്തിന്റെ വളക്കൂറുണ്ട്. പുതിയ കാലത്തിന്റെ പരിതസ്ഥിതികളിൽ വിശ്വാസം ജീവിക്കാനും കൈമാറാനും പ്രതിസന്ധികളെ വിവേക ത്തോടെ മറികടക്കാനും താങ്ങായി, തണലായി, നമ്മുടെ വൈദികർ നമുക്കൊപ്പമുണ്ട്. പ്രാർഥനയുടെയും പാപപരിഹാരത്തിന്റെയും പകുത്തേകലിന്റെയും ഈ ബലിജീവിതങ്ങളാണ് നമ്മുടെ ബലം.

നമ്മുടെ രൂപതയിൽ 214 വൈദികരാണ് ഇപ്പോഴുള്ളത്. 159 വൈദികർ ഇടവകകളിലും സ്ഥാപനങ്ങളിലും പ്രസ്ഥാനങ്ങളിലുമായി പ്രവർത്തന നിരതരാണ്. ജോലിയും പഠനവും മറ്റ് ചുമതലകളുമായി ഏതാനും വൈദികർ കേരളത്തിന് പുറത്തും വിദേശത്തുമായി ശുശ്രൂഷ ചെയ്യുന്നു. വളരെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച വൈദികരിൽ 19 പേർ രോഗത്താലും പ്രായാധിക്യത്താലും നമ്മുടെ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരുന്നു. അവർക്ക് വേണ്ടി പ്രാർഥിക്കാനും കഴിയുന്ന അവസരങ്ങളിൽ അവരെ സന്ദർശിക്കാനും നമുക്ക് കടമയുണ്ട്. നിത്യസമ്മാനത്തിനായി വിളിക്ക പ്പെട്ട, നമുക്ക് നേതൃത്വം നല്കിയ അഭിവന്ദ്യ മങ്കുഴിക്കരി പിതാവി നേയും, അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനേയും, മറ്റു വൈദികരേയും പ്രാർഥനകളിൽ കൃതജ്ഞതയോടെ നമുക്ക് അനുസ്മരിക്കാം. തങ്ങളുടെ ജീവനും ജീവിതവും സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും നൽകി, ദൈവത്തിന്റെ ഉപരിമഹത്വത്തിനായി പ്രയത്നിച്ചവരാണവർ.

സംതൃപ്തമായ വൈദികസമൂഹമാണ് ഏതൊരു രൂപതയുടെയും വളർച്ചക്ക് പിൻബലം. ഇടവകകളിൽ അവർക്ക് ലഭിക്കുന്ന പരിഗണനയും പിന്തുണയും സ്നേഹവും അംഗീകാരവും അവരുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവവും മികവുറ്റതുമാക്കുന്നു. അതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് വൈദികരുടെ ആരോഗ്യ സുരക്ഷയും സംരക്ഷണവും. ഇത് സാധ്യമാകുന്നത് നിങ്ങളുടെ പ്രാർഥനയിലൂടെയും വൈദിക ക്ഷേമനിധിയിലേക്ക് നിങ്ങൾ അകമഴിഞ്ഞ് നൽകിയ സാമ്പത്തിക സഹായത്തിലൂടെയുമാണ്. കഴിഞ്ഞവർഷം ശരാശരി ഒരു കോടിയിൽ അധികം രൂപയാണ് വിവിധങ്ങളായ വൈദികക്ഷേമ പ്രവർത്തനങ്ങൾക്കും ആരോഗ്യ പരിപാലനത്തിനുമായി ചെലവഴിച്ചത്. വൈദികദിനത്തോട നുബന്ധിച്ച് നാം സമാഹരിക്കുന്ന തുകയാണ്, വൈദികക്ഷേമത്തിനും പ്രത്യേകിച്ച് നമ്മുടെ പ്രിയപ്പെട്ട പുരോഹിതരുടെ ആരോഗ്യ പരിപാലനത്തിനു മുള്ള രൂപതയുടെ പ്രധാന സാമ്പത്തിക സ്രോതസ്സ്. ഔദാര്യ പൂർണ്ണമായ സഹകരണം മുൻവർഷങ്ങളിൽ നിങ്ങൾ നൽകി എന്നത് നന്ദിയോടെ ഞാൻ ഓർക്കുകയും ദൈവത്തിന് നന്ദിയർപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ കരങ്ങൾ ശൂന്യമായാലും ഹൃദയം ശൂന്യമാകാതെ സൂക്ഷിച്ചാൽ, നമുക്കുള്ളത് സമൃദ്ധിയിൽ നൽകാൻ സാധിക്കും. ആഗസ്റ്റ് മാസം, 3-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേയാണ് വൈദികക്ഷേമനിധിയിലേ ക്കുള്ള ഈ വർഷത്തെ സമാഹരണം നടക്കുന്നത്. അതിനുള്ള കവറുകൾ ഇതിനോടകം നിങ്ങളുടെ ഭവനങ്ങളിൽ എത്തിയിട്ടുണ്ടാകും.വൈദികദിനത്തിലെ സ്തോത്രക്കാഴ്ചയിൽ എല്ലാവരുടേയും പങ്കാളിത്തം ഉണ്ടാകണമെന്നും ഞാൻ അഭ്യർഥിക്കുന്നു.

വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനും സെമിനാരികളിലെ അനുബന്ധ ആവശ്യങ്ങൾക്കുമായി പ്രാർഥനയോടൊപ്പം സാമ്പത്തികമായി സഹായിക്കുന്ന എല്ലാ വ്യക്തികളേയും സ്ഥാപനങ്ങളേയും കൃതജ്ഞതയോടെ നമുക്ക് അനുസ്മരിക്കാം. മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലുമായി 64 പേർ വൈദിക പരിശീലനം നടത്തുന്നുണ്ട്. വൈദിക-സമർപ്പിത ദൈവവിളികളുടെ പ്രാധാന്യവും പ്രോത്സാഹനവും നമ്മുടെ ഗൗരവമേറിയ പരിഗണനാ വിഷയം ആകണമെന്നും സ്നേഹപൂർവം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

പ്രിയപ്പെട്ട വൈദികരേ, നാൽപ്പത് വർഷത്തെ രൂപതയുടെ ചരിത്രം വൈദി കരുടെ ത്യാഗങ്ങളുടെ നോവും വിയർപ്പിന്റെയും ആത്മാർപ്പണത്തിന്റെ പുണ്യവും ചേർന്നതാണ്. എന്റെ ഏറ്റവും അടുത്ത സഹപ്രവർത്തകരായ നിങ്ങളോട് നന്ദി പറയാൻ കൂടി ഈ അവസരം പ്രയോജനപ്പെടുത്തുകയും വൈദികരുടെ രാജ്ഞിയായ പരിശുദ്ധ അമ്മയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും രൂപതയുടെ മധ്യസ്ഥയായ വി. അൽഫോൻസായും ദൈവതിരുമുൻപിൽ നിങ്ങൾക്കും നമുക്കോരുത്തർക്കും മാധ്യസ്ഥ്യമാകട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവം നിങ്ങളുടെ വത്സല പിതാവ്

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 ജൂലൈ 27-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കാൻ നൽകിയത്.*

സർക്കുലർ: 18/2025

# റൂബി ജൂബിലി
## (ഉണർന്നു പ്രശോഭിക്കുക - ഏശ 60,1)
## വിശ്വാസപരിപോഷണമാസം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ നാല്പതാം വാർഷികാഘോഷങ്ങളിലൂടെ നാം കടന്നുപോവുകയാണല്ലോ. ദൈവജനത്തിനും പൊതുസമൂഹത്തിനും പ്രയോജനപ്രദവും ഗുണകരവുമായ നിരവധി പദ്ധതികളാണ് ഓരോ മാസവും വിഭാവനം ചെയ്ത് നാം യാഥാർത്ഥ്യമാക്കുന്നത്. ജൂലൈ മാസത്തിൽ, പ്രകൃതി സംരക്ഷണാർത്ഥം പതിനായിരത്തിലധികം കുടുംബങ്ങളിലേക്ക് നാം വൃക്ഷതൈകൾ വിതരണം ചെയ്തു. ഈ വർഷം ആഘോഷപൂർവ്വം ദിവ്യകാരുണ്യം സ്വീകരിച്ച കുഞ്ഞുങ്ങളുടെ രൂപതാതല സംഗമവും യുവജന സംഘടനയുടെ മുൻകാല ഭാരവാഹികളുടെ കൂട്ടായ്മയും വിജയപ്രദമായി നടത്തി. അപ്രകാരം, ആത്മീയവും ഭൗതീകവുമായ ഒരുക്കങ്ങളോടെ രൂപതയുടെ റൂബി ജൂബിലിയാചരണങ്ങൾ വിപുലമായും ദൈവാനുഗ്രഹപ്രദമായും പുരോഗമിക്കുകയാണ്. ക്രിസ്തുവിന്റെ പ്രാദേശിക സഭയായ നമ്മുടെ രൂപതയെ പടുത്തുയർ ത്താൻ സഹായിക്കുന്ന ഈ കർമ്മപദ്ധതി കൾക്ക് നിങ്ങൾ നല്കുന്ന പിന്തുണയ്ക്കും സഹകരണത്തിനും ദൈവതിരുമുൻപിൽ ഞാൻ കൃതജ്ഞതയർപ്പിക്കുന്നു.

ദൈവം ദാനമായി നല്കുന്ന വിശ്വാസം ആനന്ദത്തോടെ സ്വീകരിക്കാനും അത് പരിപോഷിപ്പിക്കാനും രൂപതയുടെ മതബോധനവിഭാഗം നേതൃത്വം നൽകുന്ന പരിശീലന പദ്ധതികൾക്കാണ് ആഗസ്റ്റ് മാസം നാം പൂർണമായി മാറ്റിവയ്ക്കുന്നത്. മാർ തോമാശ്ലീഹാ വഴിയായി നമുക്ക് ലഭിച്ച വിശ്വാസപൈതൃകത്തിൽ ആഴപ്പെട്ട്, ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ പക്വത പ്രാപിക്കുവാൻ ഈ മാസം പ്രത്യേകമായി നാം പരിശ്രമിക്കുന്നു. "വിശ്വാസംവഴി ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും, നിങ്ങൾ സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കണമെന്നും ഞാൻ പ്രാർഥിക്കുന്നു" (എഫേ 3,17). വി. പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ വിശ്വാസത്തിൽ വളരാൻ നമുക്ക് ശക്തി എന്നും പ്രദാനം ചെയ്യട്ടെ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പരിപൂർണതയിലേക്ക് പ്രാരംഭ കൂദാശ യിലൂടെ ക്ഷണിക്കപ്പെട്ട നാം ഓരോരുത്തരും, വിശ്വാസത്തിലൂടെ

പ്രത്യുത്തരം നല്കുമ്പോൾ, നമുക്ക് ലഭിച്ചിരിക്കുന്ന ദൗത്യത്തിന് ചേർന്നവിധം ജീവിക്കാനുള്ള കൃപയും പ്രേരണയും ലഭിക്കും. ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു, "യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക്... സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം" (ഗലാ 5,6) ആഗസ്റ്റ് മാസത്തിലെ റൂബി ജൂബിലിയുടെ കർമ്മപദ്ധതികളിലൂടെ സ്നേഹത്തിൽ പ്രവർത്തന നിരതമാകുന്ന വിശ്വാസത്തിൽ പക്വത പ്രാപിക്കാനും 'ഉണർന്നു പ്രശോഭിക്കാനും' (ഏശ 60,1) കുടുംബങ്ങൾക്കും വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

വിശ്വാസത്തെ പരിപോഷിപ്പിക്കുന്ന മിശിഹായുടെ ദാനങ്ങ ളിലൊന്നാണ് വി. കുർബാന. ക്രിസ്തീയ ജീവിതത്തിന്റെ കാതലായ കർത്താവിന്റെ ഈ പെസഹരഹസ്യത്തിലുള്ള സജീവ പങ്കാളി ത്തവും ഒരുങ്ങിയുള്ള ദിവ്യകാരുണ്യ സ്വീകരണവും നമ്മിൽ അത്ഭുത കരമായ ഫലങ്ങൾ ഉളവാക്കുന്നു. കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു, "ഭൗതികമായ ഭക്ഷണം നമ്മുടെ ശാരീരിക ജീവിതത്തിൽ പുറപ്പെടുവിക്കുന്നത് എന്തോ അത് കുർബാനസ്വീകരണം മൂലം നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ വിസ്മയനീയമാംവിധം ഉളവാക്കുന്നു" (CCC 1392). അനുദിനം വി. കുർബാനയിൽ പങ്കെടുത്ത്, അവിടുത്തെ തിരുശരീര രക്തങ്ങൾ യോഗ്യതയോടെ സ്വീകരിച്ച്, പവിത്രമായ വിശ്വാസത്തിൽ ആഴപെടാൻ ജൂബിലി വർഷത്തിൽ നമുക്ക് പ്രത്യകം പരിശ്രമിക്കാം. അതിന് സഹായമായി, വി. കുർബാനയെ പഠനവിഷയമാക്കി കുട്ടികൾക്കുവേണ്ടി ഏകദിന വിശ്വാസോത്സവവും വി. ബലിയിൽ എല്ലാ ദിവസവും പങ്കെടുക്കുന്ന കുഞ്ഞുങ്ങളുടെ രൂപതാതല സംഗമവും ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുന്നുണ്ട്. വി. കുർബാന യിൽ അനുദിനം പങ്കെടുക്കാനും ആരാധനക്രമത്തിൽ അധിഷ്ഠിത മായ ആത്മീയജീവിതം നയിക്കാനും രൂപതാതലത്തിലുള്ള പ്രസ്തുത കൂട്ടായ്മയും പഠനശിബിരവും എല്ലാ കുട്ടികൾക്കും വിശ്വാസ പരിശീലകർക്കും മാതാപിതാക്കൾക്കും പ്രചോദനമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

വിശ്വാസത്തെയും വിശ്വാസജീവിതത്തെയും പരിപോഷിപ്പി ക്കുന്ന മറ്റനേകം കർമ്മപദ്ധതികളും ആഗസ്റ്റ് മാസത്തിൽ രൂപതയുടെ വിശ്വാസ പരിശീലനത്തിനു വേണ്ടിയുള്ള വിഭാഗം രൂപപ്പെടുത്തി യിട്ടുണ്ട്. അവയെല്ലാം ഫലപ്രദവും കൃപാപൂർണ്ണവുമാകാൻ എല്ലാ ബഹു. വൈദികരുടെയും സമർപ്പിതരുടെയും വിശ്വാസസമൂഹത്തി ന്റെയും സഹകരണം ഒരിക്കൽ കൂടി ഞാൻ അഭ്യർഥിക്കുന്നു. എല്ലാ കർമ്മപദ്ധതികളിലും സജീവമായി പങ്കെടുത്തുകൊണ്ട് വിശ്വാസ ത്തിൽ കൂടുതൽ പക്വത പ്രാപിച്ച്, ഉണർന്ന് പ്രശോഭിക്കാൻ (ഏശ 60,1) ദിവ്യകാരുണ്യത്തിന്റെ കൃപയാൽ അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബമായി,

നവീകരിക്കപ്പെട്ട രൂപതയായി മാറാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. വിശ്വാസികളുടെ മാതാവായ പരിശുദ്ധകന്യകാമറിയവും രൂപതാ മധ്യസ്ഥയായ വി. അൽഫോൻസായും നമുക്കോരോരുത്തർക്കും മാധ്യസ്ഥ്യമാകട്ടെയെന്ന് പ്രാർഥിച്ചുകൊണ്ട്,

സ്നേഹപൂർവം നിങ്ങളുടെ വത്സല പിതാവ്,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 ജൂലൈ 27-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കാൻ നൽകിയത്.*

*സർക്കുലർ 17/2025*

# അൽഫോൻസ തീർത്ഥാടനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ഭാരതത്തിന്റെ ആദ്യവിശുദ്ധയായ വി. അൽഫോൻസാമ്മയുടെ നാമധേയത്തിലുള്ള ലോകത്തിലെ പ്രഥമ രൂപതയാണല്ലോ താമരശ്ശേരി. സ്വർഗീയ മധ്യസ്ഥയായ വി. അൽഫോൻസായുടെ തിരുനാൾ നൊവേനയോട് കൂടെ നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും നമുക്ക് ആചരിക്കാം. ലളിതവും ത്യാഗനിർഭര വുമായ ജീവിതം വഴി സുവിശേഷത്തിന് അനശ്വര വ്യാഖ്യാനം രചിച്ച നമ്മുടെ നാടിന്റെ പ്രഥമവിശുദ്ധ ഏവർക്കും പ്രത്യേകിച്ച്, നമ്മുടെ രൂപതയ്ക്കും എന്നും വഴികാട്ടിയാകട്ടെ എന്ന് പ്രാർഥിക്കുന്നു.

വി. കുരിശിന്റെ നിതാന്ത ഉപാസകയായിരുന്നു വി. അൽഫോൻ സാമ്മ. “നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ” (1 കോറി 1,18). അനുദിനജീവിത ത്തിൽ, കർത്താവിന്റെ കുരിശിന്റെ മഹത്വം തിരിച്ചറിഞ്ഞ വിശുദ്ധ, തന്റെ ജീവിതവും പ്രിയപ്പെട്ട ഈശോയ്ക്ക് സ്നേഹബലിയായി അർപ്പിച്ചു. അങ്ങനെ, സഹനവും ത്യാഗവും വിശുദ്ധീകരണത്തിനുള്ള ഉപാധിയാക്കിയ വി. അൽഫോൻസ, അനേകായിരങ്ങൾക്ക് ഇന്നും വിശ്വാസത്തിന്റെ പുത്തൻ ഉണർവും ആവേശവും പകരുന്ന സ്നേഹപ്രകാശമായി സഭയിൽ ജ്വലിക്കുന്നു.

വിശുദ്ധയുടെ നാമധേയത്തിൽ നമ്മുടെ രൂപതയിൽ ധാരാളം ഇടവകകളും സ്ഥാപനങ്ങളും മഠങ്ങളും വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. രൂപതയുടെ ഇന്നോളമുള്ള ചരിത്രം പരിശോധിക്കുമ്പോൾ വിശുദ്ധയുടെ മധ്യസ്ഥതയാൽ ദൈവപരിപാലനയുടെ ഊഷ്മളമായ അനുഭവം ദർശിക്കാൻ സാധിക്കും. പിന്നിട്ട കഠിനാധ്വാനത്തിന്റെയും കണ്ണീർപ്പൂക്കളുടെയും അന്നന്നത്തെ അപ്പത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളുടെയും വഴികളിൽ വി. അൽഫോൻസാമ്മയുടെ വലിയ മാധ്യസ്ഥ്യം രൂപതയ്ക്കും രൂപതയിലെ ഓരോ കുടുംബത്തിനും ഉണ്ടായിരുന്നു. രൂപതയുടെ നാല്പതാം വാർഷികത്തിന്റെ വിവിധ ആചരണങ്ങളിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ വത്സരത്തിൽ വിശുദ്ധയിലൂടെ രൂപതാകുടുംബത്തിന് ലഭിച്ച നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കാൻ തിരുനാൾ ദിനങ്ങളിൽ നിങ്ങൾ ശ്രദ്ധിക്കുമല്ലോ.

വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് ഈ വർഷവും പതിവുപോലെ, നമ്മുടെ രൂപതാംഗങ്ങൾ വിശുദ്ധയുടെ കബറിടത്തിങ്കലേക്ക് തീർഥയാത്ര നടത്തി കൃതജ്ഞതാബലി അർപ്പിച്ച് പ്രാർഥിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഈ വർഷം ഭരണങ്ങാനത്തേക്കുള്ള തീർഥാടനം ജൂലൈ 22-ാം തീയതി, ചൊവ്വാഴ്ചയാണ്. അന്നേദിവസം രാവിലെ 11 മണിക്ക് വി. കുർബാനയും അനുബന്ധ ശുശ്രൂഷകളും കബറിടത്തിങ്കൽ ക്രമീകരിച്ചിട്ടുണ്ട്. തിരുസഭയുടെ വിശുദ്ധവത്സരത്തിൽ തീർഥാടനസ്ഥലങ്ങൾ സന്ദർശിക്കുന്നതും പ്രാർഥനയിലായിരിക്കുന്നതും പൂർണദണ്ഡ വിമോചനം പ്രാപിക്കാനുള്ള അവസരമായി പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിട്ടുള്ളത് നിങ്ങൾ ഓർമിക്കുമല്ലോ. അതുകൊണ്ട് രൂപതയുടെ റൂബിജൂബിലി വർഷത്തിൽ, സാധിക്കുന്നവരെല്ലാം എന്നോടൊപ്പം ഭരണങ്ങാനം തീർഥാടനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു. ഇടവകയിൽ നിന്നോ അല്ലെങ്കിൽ പലഇടവകകൾ ഒന്നുചേർന്നോ വാഹനസൗകര്യം ഒരുക്കിയാൽ തീർഥാടനത്തിൽ പങ്കെടുക്കുന്നവർക്ക് സൗകര്യപ്രദമാകും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇതിന് നേതൃത്വം നല്കുമല്ലോ. ഇടവകതലത്തിൽ ഒരുക്കുന്ന തിരുനാളാഘോഷത്തിലും നൊവേനയിലും മറ്റ് ഭക്തകൃത്യങ്ങളിലും എല്ലാവരുടെയും സജീവമായ പങ്കാളിത്തമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ഭരണങ്ങാനം ഭാരതത്തിന്റെ ലിസ്യുവാക്കി മാറ്റിയ വി. അൽഫോൻസ, വിശുദ്ധിയിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ എന്നും വഴിവിളക്കാകട്ടെയെന്ന് ആശംസിക്കുന്നു. നിങ്ങൾക്കേവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

സ്നേഹപൂർവം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2025 ജൂലൈ 20-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കാൻ നൽകിയത്.*

*സർക്കുലർ 16/2025*

# അഖണ്ഡജപമാല സമർപ്പണം

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, പ്രിയ മാതാപിതാക്കളേ, യുവജനങ്ങളേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

ദൈവമാതൃഭക്തി ക്രൈസ്തവരുടെ മുഖമുദ്രയാണ്. ഓരോക്രൈസ്തവനെയും സംബന്ധിച്ചിടത്തോളം പരിശുദ്ധ അമ്മ എന്ന പദം അവന്റെ അധരങ്ങളിൽ എല്ലാ നേരവും ഉണ്ടാകേണ്ട പ്രാർഥനയാണ്. ഒരായുസ്സു മുഴുവൻ ദൈവേഷ്ടത്തിനു മുമ്പിൽ വ്യയം ചെയ്ത പരിശുദ്ധ അമ്മ വ്യാകുലങ്ങളുടെ മഹാസമുദ്രത്തിൽ തകർന്നടിഞ്ഞില്ല. കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവളാണ് ഭാഗ്യവതിയായ മറിയം. ബെത്‌ലഹേമിലും നസ്രത്തിലും അനുഷ്ഠിച്ച മാതൃത്വത്തിന്റെ കർത്തവ്യങ്ങൾ മാത്രമല്ല അവളെ ഭാഗ്യവതിയാക്കിയത്. തിരുവചനത്തെ ഉപാസിച്ച് കാൽവരിയിൽ മെഴുകുതിരി പോലെ തെളിഞ്ഞുരുകിയ സമർപ്പണം പരിശുദ്ധ മറിയത്തെ സ്വർഗീയ മഹത്വത്തിന് നിദാനമാക്കി. രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ചു കൊണ്ട് ജീവിതത്തിന് നന്മകൾ മാത്രം നേരുന്ന പരിശുദ്ധ അമ്മയുടെ കാലടികളെ നമുക്ക് പിന്തുടരാം. സഭാപിതാവായ വി. അംബ്രോസ് പഠിപ്പിക്കുന്നതുപോലെ "ദൈവമാതാവ് സ്വർഗത്തിലേക്കുള്ള ഗോവണിയാണ്". ദൈവം ഈ പടികളിലൂടെ ഇറങ്ങി വരുന്നത്, മറിയം വഴി മനുഷ്യർ സ്വർഗത്തിലേക്ക് കയറുവാനാണ്.

ഇഹലോക വാസത്തിന്റെ അവസാന നിമിഷങ്ങളിൽ ഈശോ തന്റെ ശിഷ്യർക്ക് നൽകിയ രണ്ട് സമ്മാനങ്ങളാണ് വി. കുർബാനയും പരിശുദ്ധ അമ്മയും. 'ഇതാ നിന്റെ അമ്മ' എന്ന തിരുമൊഴിയിലൂടെ മനുഷ്യകുലത്തിന് കന്യകാമറിയത്തെ അമ്മയായി ഈശോ നൽകി. പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെത്തന്നെ വിശേഷിപ്പിച്ചത് 'ജപമാല റാണി' എന്നാണ്. ജപമാല ചൊല്ലി നാം പ്രാർഥിക്കുമ്പോൾ പരിശുദ്ധ അമ്മയുടെ പ്രത്യേക സംരക്ഷണവും വിശുദ്ധിയിൽ ജീവിക്കാനുള്ള കൃപയും ലഭിക്കുന്നു.വി. അൽഫോൻസ് ലിഗോരി ഇപ്രകാരം പഠിപ്പിക്കുന്നു, "ദൈവമാതാവായി തിരഞ്ഞെടുക്കപ്പെട്ടത് മുതൽ ഈ ലോകത്തിൽ ആരെ സഹായിക്കണം എന്ന് നോക്കി ഓടി നടക്കുകയാണ് പരിശുദ്ധ മറിയം". തന്നോട് മാധ്യസ്ഥം അപേക്ഷിക്കുന്ന ആരെയും ഉപേക്ഷിക്കാത്തവളാണ് പരിശുദ്ധ അമ്മ എന്ന ഉറപ്പ് വിശുദ്ധന്റെ വാക്കുകളിലൂടെ നമുക്ക് ലഭിക്കുന്നു. വി. പാദ്രെ പിയോ നമ്മോട് ഇങ്ങനെ ആവശ്യപ്പെടുന്നു. "സ്വർഗീയ അമ്മയുടെ അടുത്ത് എപ്പോഴും ആയിരിക്കുക, അമ്മയെ സ്നേഹിക്കുക, ജപമാല ചൊല്ലി അമ്മയോട് പ്രാർഥിക്കുക. കാരണം, ഈ കാലഘട്ട

ത്തിലെ ലോകത്തിന്റെ എല്ലാ തിന്മകൾക്കും എതിരായ ആയുധമാണ് ജപമാല". വിശുദ്ധന്റെ ഈ വാക്കുകൾ ജപമാലയുടെ സംരക്ഷണം തേടാൻ നമുക്ക് ആത്മ ധൈര്യവും പ്രചോദനവും നല്കട്ടെ. കന്യകാമറിയത്തിന്റെ തണലിൽ അഭയം തേടുന്നവർക്ക് അനർഥങ്ങളൊന്നും സംഭവിക്കില്ല, അവർ ഒന്നിനേയും ഭയപ്പെ ടേണ്ടതില്ല, സൗഭാഗ്യത്തിന്റെ സുരക്ഷിതമായ തീരങ്ങളിലേക്ക് പരിശുദ്ധ അമ്മ അവരെ ആനയിക്കും.

പ്രശ്നകലുഷിതമായ ഈ കാലഘട്ടത്തിൽ കുടുംബങ്ങളുടെ വിശുദ്ധീകര ണത്തിനും ലോകസമാധാനത്തിനും വേണ്ടി പ്രാർഥിക്കുകഎന്നത് വിശ്വാസിക ളായ നമ്മുടെ കടമയാണ്. ജപമാലയിലെ ലുത്തിനിയായുടെ അവസാന ഭാഗ ത്ത് പരിശുദ്ധ അമ്മയെ നാം സംബോധന ചെയ്യുന്നത് 'സമാധാനത്തിന്റെ രാജ്ഞി' എന്നാണ്. തന്റെ മക്കളുടെ സമാധാനത്തിനും ലോകസമാധാനത്തി നും ഈശോയുടെ പക്കൽ ഏറ്റവും വലിയ മാധ്യസ്ഥം വഹിക്കാൻ മറിയത്തോളം യോഗ്യതയുള്ള വേറെയാരാണുള്ളത്. പ്രശാന്തവും സുരക്ഷിതവുമായ ജീവിത ത്തിന് ഭീഷണിയായിരിക്കുന്ന യുദ്ധങ്ങളും ഭീകര പ്രവർത്തനങ്ങളും നമ്മെ അ സ്വസ്ഥപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ സമാധാന രാജ്ഞിയായ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം ഏവർക്കും അനിവാര്യമാണ്. അതോടൊപ്പം കുടുംബബ ന്ധങ്ങളിലും കുഞ്ഞുങ്ങളിലും നമ്മുടെ യുവജനങ്ങളിലും വിശ്വാസത്തിന്റെ മേഖലയിലും നാമറിയാതെ നുഴഞ്ഞുകയറുന്ന അപകടങ്ങൾ മനസ്സിലാക്കാനും അവയെ തരണം ചെയ്യാനും പരിശുദ്ധ അമ്മയോട് ചേർന്ന് നിൽക്കാം. ശിഥില മാക്കപ്പെട്ട കുടുംബബന്ധങ്ങളുടെ നവീകരണത്തിനും നഷ്ടപ്പെട്ടുപോയ വിശു ദ്ധിയുടെ വീണ്ടെടുപ്പിനുമായി ജപമാല ചൊല്ലി അനുദിനം നാം പ്രാർഥിക്കേണ്ട തുണ്ട്.

നമ്മുടെ രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ ന ടത്തുന്ന വിവിധങ്ങളായ ശുശ്രൂഷകൾ നമുക്കെല്ലാവർക്കും ജീവിത വിശുദ്ധീക രണവും ദൈവകൃപയും പ്രദാനം ചെയ്യുന്നു എന്നത് എത്രയും സന്തോഷം നി റഞ്ഞ കാര്യമാണ്. കഴിഞ്ഞ ഇരുപത്തിനാലു വർഷമായി നടന്നുവരുന്ന അഖ ണ്ഡജപമാല സമർപ്പണം ഈ വർഷം ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കു കയാണല്ലോ. ജൂലൈ മാസം 17-ാം തീയതി ആരംഭിച്ച്, ഒക്ടോബർ 25ന് അവസാ നിക്കുന്ന രീതിയിലാണ് അഖണ്ഡ ജപമാല ഈ വർഷം ക്രമീകരിച്ചിരിക്കു ന്നത്. ഈ രജത ജൂബിലി വർഷത്തിൽ 101 ദിനരാത്രങ്ങൾ നാം ഒന്നുചേർന്ന് പ്രാർഥിക്കുന്നത് പ്രത്യേക നിയോഗങ്ങളായ ലോകസമാധാനത്തിനും കുടുംബ വിശുദ്ധീകരണത്തിനും വേണ്ടിയാണ്. രൂപതാ സ്ഥാപനത്തിന്റെ നാല്പതാം വാർഷികവും അഖണ്ഡ ജപമാലയാചരണത്തിന്റെ രജത ജൂബിലിയും ഒന്നി ച്ച് ആഘോഷിക്കാൻ അവസരം ലഭിച്ചത് ദൈവത്തിന്റെ പ്രത്യേക പരിപാലന യായി നമുക്ക് ദർശിക്കാം.

ഒരു കുടുംബം എന്ന നിലയിൽ നമ്മുടെ രൂപതയ്ക്ക് ദൈവാനുഗ്രഹത്തി ന്റെ വലിയ അവസരമാണ് അഖണ്ഡ ജപമാലയുടെ ദിവസങ്ങൾ. രൂപത മുഴു

വനും വേണ്ടി ഈ ജൂബിലി വർഷത്തിൽ നമുക്ക് പ്രാർഥനയുടെ കരങ്ങൾ ഉയർത്താം. കഴിഞ്ഞ വർഷങ്ങളിലേതു പോലെ ഈ വർഷവും നമ്മുടെ എല്ലാ ഇടവകകളുടെയും സജീവ പങ്കാളിത്തം അഖണ്ഢ ജപമാല സമർപ്പണത്തിൽ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കുടുംബ കൂട്ടായ്മകൾ, ഭക്തസംഘടനകൾ, വിവിധ ഗ്രൂപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പരമാവധി ആളുകൾ ജപമാലയുടെ ദിവസങ്ങളിൽ ബഥാനിയായിൽ എത്തണമെന്നുംപ്രാർഥിക്കണമെന്നും അനുഗ്രഹങ്ങൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർഥിക്കുന്നു. നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേൽപ്പിച്ച് ബഥാനിയായിലെത്തി ഒരു ജപമാലയെങ്കിലും ചൊല്ലി പ്രാർത്ഥിക്കാൻ നിങ്ങളെല്ലാവരും ശ്രദ്ധിക്കുമല്ലോ. സമർപ്പിത സമൂഹങ്ങളിലെ അംഗങ്ങൾ ലോക സമാധാനത്തിനും കുടുംബ വിശുദ്ധീകരണത്തിനും വേണ്ടി, രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രത്തിലെത്തി പ്രാർഥിക്കണമെന്നും സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിളിച്ചവനോട് അവസാന ശ്വാസംവരെ വിശ്വസ്തത പുലർത്തിയ ഉഷകാലതാരകമാണ് ഏവരെയും ക്രിസ്തുവിലേക്ക് നയിക്കുന്ന പരിശുദ്ധ അമ്മ. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്; "ജീവിതത്തിന്റെ ഓരോ മേഖലയിലുമുള്ള സഹോദരീസഹോദരൻമാരേ,ക്രൈസ്തവ കുടുംബങ്ങളേ, രോഗികളേ, മുതിർന്നവരേ, യുവാക്കളേ ഞാൻ നിങ്ങളോട് പറയുന്നു, വിശ്വാസത്തോടെ ജപമാല എടുക്കുക.ക്രിസ്തുവിന്റെ മുഖം ധ്യാനിക്കുന്നതിലൂടെ പിതാവിന്റെ സ്നേഹത്തിൽ ജ്വലിച്ച്, പരിശുദ്ധാത്മ സന്തോഷത്തിൽ നിറയുന്ന ജീവിത രഹസ്യം സ്വീകരിക്കാൻ നാം പ്രാപ്തരാകും".

അഖണ്ഢ ജപമാല സമർപ്പണത്തിന്റെ രജത ജൂബിലി വർഷം വലിയ അനുഗ്രഹങ്ങൾ നമ്മുടെ ഓരോരുത്തരുടെയും നിയോഗങ്ങളിലേക്കും വ്യക്തിജീവിതത്തിലേക്കും കുടുംബങ്ങളിലേക്കും സ്വീകരിക്കാനുള്ള അവസരമായി നമുക്ക് തിരിച്ചറിയാം. കുരിശിൻ ചുവട്ടിൽ, ഈശോ യോഹന്നാന് അമ്മയെ ഭരമേൽപിച്ചപ്പോൾ, ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിലേക്കാണ് സ്വീകരിച്ചത്. പരിശുദ്ധ അമ്മയെ നമ്മുടെ ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാൻ ഈ ജൂബിലി വർഷത്തെ അഖണ്ഢജപമാല സമർപ്പണത്തിലൂടെ എല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

സ്നേഹപൂർവം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 ജൂലൈ 13-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കാൻ നൽകിയത്.*

*സർക്കുലർ 15/2025*

# വൈദികരുടെ വാർഷികധ്യാനം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ,

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനം ജൂലൈ 6 മുതൽ 10 വരെ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ചുനടക്കുകയാണ്. ക്രിസ്തുവിന്റെ ഹൃദയത്തിന് അനുരൂപമായി വളരുക എന്ന ശ്രമകരമായ ദൗത്യം ഏറ്റെടുത്തിരിക്കുന്ന വൈദികർക്ക് തങ്ങളുടെ വിളിയുടെ നിരന്തര വളർച്ച ഉറപ്പാക്കുന്നതിന് സഭ നിർദ്ദേശിക്കുന്ന മാർഗ്ഗത്തിൽ പ്രധാനപ്പെട്ടതാണ് വാർഷികധ്യാനം. രൂപതാസ്ഥാപനത്തിന്റെ നാല്പതാം വാർഷികം ആചരിക്കുന്ന ഈ അവസരത്തിൽ 'കൂടുതൽ ഉണർന്നു പ്രശോഭിക്കാനുള്ള കൃപ' (ഏശ 60,1) ധ്യാനത്തിലൂടെ എല്ലാ വൈദികർക്കും അവരിലൂടെ ദൈവജനം മുഴുവനും ലഭിക്കട്ടെയെന്ന് ആഗ്രഹിക്കുകയും പ്രസ്തുത ദിനങ്ങളിൽ ധ്യാനത്തിലും നിശബ്ദതയിലുമായിരിക്കുന്ന വൈദികരെ സമർപ്പിച്ച് പ്രാർഥിക്കുകയും ചെയ്യാം.

വി. പൗലോസ് ശ്ലീഹ നമ്മെ ഓർമിപ്പിക്കുന്നു: "ജനങ്ങളിൽനിന്നു ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാനപുരോഹിതൻ, ദൈവികകാര്യങ്ങൾക്കു നിയമിക്കപ്പെടുന്നതു പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്" (ഹെബ്രാ 5,1). ദൈവസന്നിധിയിൽ ബലിയർപ്പിക്കാനും ബലിയാകാനുമായി വിളിക്കപ്പെടുന്ന പുരോഹിതൻ സ്വയം വിശുദ്ധികരിച്ചും പവിത്രീകരിച്ചുമാണ് ഈ ദൗത്യത്തിൽ പങ്കുചേരുന്നത്. കൗദാശികജീവിതത്തിലും വചനാഭിമുഖ്യത്തിലും ഓരോ വൈദികനും ആഴപ്പെടുന്നത് ദൈവവുമായുള്ള ബന്ധം പരിപോഷിപ്പിച്ചുകൊണ്ടാണ്. തിരുസന്നിധിയിലേക്ക് ഉയിർത്തപ്പെട്ട കാസ പോലെ നിർമ്മലമായ ജീവിതം നയിക്കാനും ദൈവീകകാര്യങ്ങൾ തീക്ഷണതയോടെ പരികർമ്മം ചെയ്യാനും പുരോഹിതരെ ശക്തിപ്പെടുത്തുന്നത് ക്രിസ്തുവുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ചയാണ്.

ക്രിസ്തു ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാണെന്നുള്ള വിശ്വാസം (മത്താ 16,16) ആദ്യം ഏറ്റുപറഞ്ഞ ശിഷ്യൻ ശിമയോൻ പത്രോസായിരുന്നു. "കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു" (യോഹ 21,17): ഈ വചസ്സുകളോടെ നാഥന്റെ മുൻപിൽ പ്രണമിച്ച അവൻ, ഗുരുവിനോടുള്ള സ്നേഹത്തെപ്രതി എന്നും കർമ്മനിരതനും നിർഭയനുമായിരുന്നു. നീയാകുന്ന പാറമേൽ എന്റെ സഭ സ്ഥാപിക്കുമെന്ന് ഈ വൽസലശിഷ്യനോടാണ് ഈശോ അരുൾചെയ്തതും. എന്നാൽ, ശിഷ്യത്വത്തിന്റെയും ദൈവസ്നേഹത്തിന്റയും ഔന്നത്യത്തിലായിരുന്ന ശിമയോൻ പത്രോസാണ്, ബലഹീനവും

ദുർബലവുമായ അവസരത്തിൽ, ഏറ്റവുമധികം താൻ സ്നേഹിച്ച ക്രിസ്തുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറയുന്നതും (ലൂക്കാ 22, 54-62). ഇപ്രകാരം ജീവിതത്തിന്റെ ഉയർച്ച-താഴ്ചകളിൽ, വിശ്വാസത്തെ വിസ്മരിച്ചും ദൈവസ്നേഹത്തെ അവഗണിച്ചും സ്വയം മറന്നുപോകുന്ന, ആത്മാവ് ദുർബലമാകുന്ന സന്ദർഭങ്ങൾ എല്ലാ പുരോഹിതർക്കുമുണ്ട്. ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം നഷ്ടപ്പെടുമ്പോൾ സാത്താൻ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിക്കുന്ന ബലഹീന നിമിഷങ്ങൾ (ലൂക്കാ 22,23) പൗരോഹിത്യജീവിതത്തെ കീഴ്പ്പെടുത്തും. ശുശ്രൂഷാരംഗത്ത് അഭിമുഖികരിക്കേണ്ടിവരുന്ന ഇത്തരം പ്രതിബന്ധങ്ങളെ സമചിത്തതയോടെ നേരിടുന്നതും വ്യക്തിപരവും വ്യക്തിത്വപരവുമായ കുറവുകളെ കണ്ടെത്തി പുരോഹിതർ സ്വയം നവീകരിക്കുന്നതും വാർഷിക ധ്യാനത്തിലൂടെയാണ്. ദൈവിക രഹസ്യങ്ങളുടെ വിശ്വസ്തരായ കാര്യസ്ഥന്മാരാകാനുമുള്ള ചുമതല പരിശുദ്ധാത്മശക്തിയോടെ നിറവേറ്റാനുള്ള ശക്തി ലഭിക്കുന്നതും ഈ ദൈവാശ്രയദിനങ്ങളിലാണ്. അതിനാൽ, കൃപയുടെ വിരുന്നായ വാർഷിക ധ്യാനാവസരം ബഹു. വൈദികർക്ക് ദൈവവുമായുള്ള ബന്ധം ദൃഢമാക്കാനും ശുശ്രൂഷയോടുള്ള പ്രതിബദ്ധത പുതുക്കാനും അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർഥിക്കുന്നു. ഇടവകയുടെയും ഇതര ഉത്തരവാദിത്വങ്ങളുടെയും തിരക്കുകളിൽ നിന്ന കന്ന് വിചിന്തനത്തിനും നിശബ്ദതയ്ക്കുമായി മാറ്റി വയ്ക്കുന്ന ധ്യാനദിനങ്ങളിൽ പ്രിയപ്പെട്ട വൈദികർക്കായി നിങ്ങളും പ്രാർത്ഥിക്കുമല്ലോ; സാധിക്കുന്നവർ ഒരു നേരമെങ്കിലും ഉപവസിച്ച് അവർക്കുവേണ്ടി പ്രാർഥിക്കണമെന്നും ഞാൻ അഭ്യർഥി ക്കുന്നു.

വൈദികരുടെ ഈ വർഷത്തെ ധ്യാനം നയിക്കുന്നത് ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനാണ്. പ്രിയപ്പെട്ട ധ്യാനഗുരുവിനെയും, വാർഷിക ധ്യാനം നടക്കുന്ന ബഥാനിയ സെന്ററിനെയും നിങ്ങൾ പ്രാർഥനാമധ്യേ, പ്രത്യേകം അനുസ്മരിക്കണം.

പരിശുദ്ധ കന്യകാമറിയവും, വി. അൽഫോൻസയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും ദൈവസന്നിധിയിൽ ഈ ധ്യാനവിജയത്തിനായി മാധ്യസ്ഥമാകട്ടെ. നിങ്ങൾക്ക് ഏവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

സ്നേഹപൂർവം,

+Remigius

**✠ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2025 ജൂലൈ 6-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കാൻ നൽകിയത്.*

**ഹൃദയപൂർവം 03/2025**

# കുട്ടികൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത്

സ്നേഹമുള്ള കുഞ്ഞുമക്കളേ,

എല്ലാവരും സുഖമായിരിക്കുന്നല്ലോ. പഠനമെല്ലാം നന്നായി നടക്കുന്നു എന്ന് വിചാരിക്കുന്നു. ഓണപരീക്ഷയ്ക്ക് ഒരുങ്ങുന്ന തിരക്കിലാണല്ലോ. നന്നായി പഠിക്കണം കേട്ടോ, ഒപ്പം കഠിനാധ്വാനവും ചെയ്യണം. നമുക്ക് നല്ല ലക്ഷ്യബോധം ഉണ്ടാകണം. എന്താണ് നമ്മുടെ ലക്ഷ്യം? എനിക്ക് എല്ലാ വിഷയത്തിലും എ പ്ലസ് ലഭിക്കണം. ഈ ലക്ഷ്യത്തോടുകൂടി വേണം പഠിക്കാൻ. അതിന് നമുക്ക് ആവശ്യമായിട്ടുള്ളത് എന്താണ്? ദൈവത്തിന്റെ സഹായം. അതുകൊണ്ട് നന്നായി പ്രാർഥിക്കണം. മാത്രമല്ല കഠിനാധ്വാനം ചെയ്യുകയും വേണം. നിങ്ങൾക്ക് ജീവിതത്തിന് ഒരു ടൈംടേബിൾ ഉണ്ടോ? ഇല്ലെങ്കിൽ ഇന്ന് തന്നെ തിരികെ വീട്ടിൽ ചെന്ന് അത് ക്രമീകരിക്കണം. മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹായത്തോടെയാണ് ടൈംടേബിൾ ഉണ്ടാക്കേണ്ടത്. മറന്നുപോകരുത്. ഇനി ഞാൻ നിങ്ങളെ കാണുമ്പോൾ നിങ്ങളോട് ചോദിക്കും നിങ്ങൾ ഒരു ടൈംടേബിൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന്.

ഈ അടുത്ത നാളിൽ ഞാൻ കർണാടകയിലെ സൗത്ത് കാനറ ഭാഗത്ത് ചെറിയ വനത്തിലൂടെ യാത്ര ചെയ്യേണ്ടി വന്നു. എന്നെ അതിശയിപ്പിച്ച ഒരു കാര്യം ആ വനത്തിൽ പല ഇടങ്ങളിലും ചിതൽ പുറ്റ് കാണാനിടയായി. ചിതൽ പുറ്റ് നിങ്ങൾ കണ്ടിട്ടുണ്ടോ? ചിതലിന്റെ ജീവിതം നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ഒരു ചിതൽപ്പുറ്റിന് എത്ര ഉയരവും ആഴവുമുണ്ടാകും? നിലത്തുനിന്ന് 10 മീറ്റർ ഉയരം വരെയുള്ള ചിതൽ പുറ്റുകൾ ഉണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ചില പുറ്റുകൾക്കു ഒന്നു മുതൽ നാലു മീറ്റർ വരെ ഉയരമാണ് ഉള്ളത്. താഴേക്ക് എത്ര ആഴം ഉണ്ടാകും? 10 മീറ്റർ വരെ ആഴം ഉണ്ടാവും എന്ന് പറഞ്ഞാൽ നമുക്ക് വിശ്വസി ക്കാൻ ആകുമോ!

ചിതൽപ്പുറ്റ് നിങ്ങൾ തൊട്ടു നോക്കിയിട്ടുണ്ടോ? ഇത്ര ചെറിയ ജീവിയായ ചിതലുകൾക്ക് താമസിക്കാനുള്ള വീട് എത്ര ഭംഗിയായിട്ടാണ് നിർമ്മിക്കുന്നത് എന്നത് നമ്മെ അത്ഭുതപ്പെടുത്തും. അത്ര പെട്ടെന്നൊന്നും അതിനെ തകർക്കാൻ കഴിയില്ല. ഭൂമിയിലെ വിവിധ വസ്തുക്കൾ ചേർത്താണ് ഇത്ര ബലിഷ്ഠമായ ഭവനം അവ നിർമ്മിക്കുന്നത്. ഇത് വളരെ വൈദഗ്ധ്യത്തോടെയാണ് അവചെയ്യുക. അവരുടെ ഭവനത്തിൽ ആവശ്യത്തിനു മാത്രമേ വെളിച്ചം കയറുകയുള്ളൂ. ഉള്ളിൽ ഒരു എയർകണ്ടീഷൻ സംവിധാനം പോലെയാണത്രേ. ഇതിലൂടെ വലിയ ഒരു ജീവിതപാഠമാണ് ചിതൽ നമുക്ക് നൽകുന്നത്, ജീവിതത്തിൽ വിജയി

ക്കാൻ വലുതാവണമെന്നില്ല, എന്നാൽ ഒരു ലക്ഷ്യവും അതിനോടുള്ള ആത്മാർപ്പിത പരിശ്രമവുമാണാവശ്യം. ഏതൊരു ചെറിയവനും വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ചിതൽ ഒരു സമൂഹജീവി ആണെന്ന് നിങ്ങൾക്കറിയാമോ? ചിതലുകൾക്കിടയിൽ മുട്ടയിടുന്നവർ, പടയാളികൾ, ജോലിക്കാർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ട്. എങ്കിലും ചിതലുകൾ ഒരേ ലക്ഷ്യത്തോടെ ജീവിക്കുന്നു. അവരിൽ ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്തം നിർവഹിക്കുന്നു, ആർക്കും അഹങ്കാരമില്ല, മത്സരമില്ല. മനോഹരമായ ഒരു ചിതൽപ്പുറ്റ് നിർമ്മിച്ചത് ഒരാളല്ല, കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്. ചിലപ്പോഴെങ്കിലും നമ്മൾ കൂട്ടായ്മ മറന്നു സ്വന്തം വിജയത്തിനായി മാത്രം നിലകൊള്ളാറുണ്ട്. വിദ്യാർത്ഥികളായ നിങ്ങളെ സംബന്ധിച്ചിടത്തോളം, നിങ്ങളുടെ സ്വപ്നങ്ങൾ വലിയവയാകാം. പക്ഷേ, ഒറ്റക്ക് വിജയിക്കാനാകില്ല.'ഐക്യമത്യം മഹാബലം' എന്ന് നിങ്ങൾക്ക് കേട്ടിട്ടില്ലേ? നാം ഒരുമിച്ച് നിന്ന് പ്രവർത്തിക്കുകയാണെങ്കിൽ ഏതൊരു കാര്യവും വളരെ എളുപ്പത്തിൽ സാധിക്കും. സഭാപ്രസംഗകൻ ഇപ്രകാരം പഠിപ്പിക്കുന്നു; "രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും. അവരിൽ ഒരുവൻ വീണാൽ അപരനു താങ്ങാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവൻ വീണാൽ താങ്ങാനാരുമില്ല. അവന്റെ കാര്യം കഷ്ടമാണ്"(സഭാപ്രസംഗകൻ 4: 9-10). അതുകൊണ്ട് കുടുംബാംഗങ്ങൾ എപ്പോഴും ഒന്നിച്ച് പ്രവർത്തിക്കണം. ക്ലാസ് മുറിയിൽ സഹപാഠികൾ ഒന്നിച്ചു പ്രവർത്തിക്കണം. സ്കൂളിൽ എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കണം. അങ്ങനെ ഒരുമിച്ച് പ്രവർത്തിച്ചാൽ നമുക്ക് വലിയ വിജയം ലഭിക്കും.

ഭൂരിഭാഗം ചിതലുകൾക്കും കണ്ണ് കാണാൻ സാധിക്കില്ല എന്ന് നിങ്ങൾക്കറിയാമോ? ചിതൽ എപ്പോഴും നിശബ്ദമായി, പരസ്യപ്രദർശനങ്ങൾ ഒന്നുമില്ലാതെ, മണ്ണിനടിയിലായി, സ്ഥിരതയോടെ സ്വന്തം ജോലി നിർവഹിക്കുന്ന ജീവിയാണ്. വാസ്തവത്തിൽ യഥാർത്ഥ വിജയം പണിയപ്പെടുന്നത് ശാന്തമായ, സ്ഥിരതയുള്ള കഠിന പ്രയത്നത്തിലൂടെയാണ്. ചിതൽ ആരും കാണാതെ പണിയുമ്പോഴും, അതിന്റെ ഫലമായി ഉയരുന്ന ചിതൽപ്പുറ്റ് ഒരിക്കൽ എല്ലാവരും കാണും. അതുപോലെ, നിങ്ങളുടെ കഠിന പ്രയത്നങ്ങൾക്കും ഒരിക്കൽ ഫലം ലഭിക്കും. പ്രശസ്തിനേടാനോ ആളുകൾ കാണാനോ വേണ്ടിയല്ല, നമ്മൾ ചെയ്യുന്ന ഓരോ കാര്യവും ആത്മാർത്ഥതയോടെ ചെയ്യുന്നതായിരിക്കണം.

ചിതലുകൾ ജീവിതത്തിൽ ഒരിക്കലും ഉറങ്ങാറില്ല എന്ന് നിങ്ങൾക്കറിയാമോ? അവ എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, ഒരുതരത്തിലും തന്റെ ജോലിയിൽനിന്ന് പിൻവാങ്ങുന്നില്ല. തടസ്സങ്ങൾ വന്നാലും അവർ പിറകോട്ടു പോകുന്നില്ല. ഒരിടത്ത് കല്ലും വേരുകളും തടസ്സം ആകുമ്പോൾ അവ പുതിയ വഴി കണ്ടെത്തും. നമ്മുടെ ജീവിതവും അതുപോലെ തന്നെയാണ്. ഓരോ പരാജയത്തിലും നമ്മുടെ കഴിവുകൾ ചോദ്യംചെയ്യപ്പെടുമ്പോൾ, പുതിയ വഴികൾ കണ്ടെത്തുക. കീഴടങ്ങാതെ മുന്നോട്ട് പോകുക. അതാണ് യഥാർത്ഥ വിജയം.

തടസ്സത്തെ കണ്ടു നിന്നുപോകലല്ല, മറിച്ച് അതിനെ തരണം ചെയ്യാനുള്ള മനോശക്തി നിങ്ങൾ രൂപപ്പെടുത്തണം.

ചിതൽ മറ്റുള്ള ജീവികൾക്ക് ഒരു സഹായി കൂടിയാണ് കേട്ടോ. കുറച്ച് വർഷങ്ങൾ കഴിയുമ്പോൾ ചിതലുകൾ അവ വസിക്കുന്ന പുറ്റുകൾ ഉപേക്ഷിച്ച് പുതിയ പുറ്റുകൾ നിർമ്മിക്കും.അപ്പോൾ അവ ഉപേക്ഷിച്ച പുറ്റുകൾ മറ്റു പല ജീവികൾക്കും അഭയവും തണലും സങ്കേതവും ആയി മാറുന്നു. നമ്മുടെ ജീവിതവും മറ്റുള്ളവർക്ക് തണലായി മാറണം. നമ്മുടെ ലക്ഷ്യങ്ങൾനേടുന്നതോടൊപ്പം മറ്റുള്ളവരെ സഹായിക്കാനും ഉയർത്തിക്കൊണ്ടു വരുവാനും നിങ്ങൾ തീർച്ചയായും പരിശ്രമിക്കണം.

നിങ്ങൾ പ്രകൃതിയിലേക്ക് നോക്കിക്കേ. പ്രകൃതി നമുക്ക് എന്തെന്ത് പാഠങ്ങളാണ് നൽകുന്നത്. ചിതലലെന്ന് വിളിക്കുന്ന കൊച്ചുജീവിയിലൂടെ ഒത്തിരിയേറെ കാര്യങ്ങൾ പഠിച്ചു. അത് നമ്മൾ ജീവിതത്തിൽ സ്വീകരിക്കണം. ഇന്ന് നമ്മുടെ കൃഷിയിട ങ്ങളിൽ എവിടെയും ചിതൽ പുറ്റുകൾ കാണാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനികളും വളവും മൂലം ഇത്തരം ജീവികളെല്ലാം നശിച്ചുപോകുന്നു. നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം. ചിതലുകളെ പോലെ നിങ്ങൾ ഒരുമിച്ചു പ്രതിബദ്ധതയോടെ ലക്ഷ്യബോധത്തോടെ നീങ്ങുകയാണെങ്കിൽ, നിങ്ങളുടെ ജീവിതം അനുഗ്രഹിക്കപ്പെടും ഒപ്പം എ പ്ലസ് എന്ന കെട്ടിടം നിശ്ചയമായും ഉയർത്താൻ നിങ്ങൾക്ക് സാധിക്കും.

ഹൃദയപൂർവം,

+Remigiose

**✠ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ കത്ത്, ആഗസ്റ്റ് മാസത്തിലെ ആദ്യഞായറാഴ്ച വിശ്വാസ പരിശീലകർ കുട്ടികൾക്ക് അസംബ്ലിയിൽ വായിച്ചു കൊടുക്കേണ്ടതാണ്.*

# കച്ചേരിക്കാര്യം

## 1. പുതിയ നിയമനങ്ങളും സ്ഥലം മാറ്റവും

Rev. Fathers

| | | |
|---|---|---|
| Fr. George Mundanatt | : | Judge Eparchial Tribunal |
| Fr. Thomas Kalappura | : | Defender of Bond |
| Fr. Zacharia Nedumattathil OFM Cap | : | Asst. Vicar, Perambra |
| Fr. Lonappan Chirayath OFM Cap. | : | Asst. Vicar, Kundayithode |
| Fr. George Kaithamattathil OFM Cap | : | Relieved, Kundayithode |
| Fr. Goerge Purayidathil | : | Study Leave - KU Leuven |
| Fr. Joseph Thekkumkattil | : | Director, Family Apostolate |

### SMART Regional Directors

| | | |
|---|---|---|
| Fr. Paul Poovathinkal | : | Vilangad |
| Fr. Emmanuel Kuroor | : | Maruthomkara |
| Fr. Joseph Kalappurackal | : | Thamarassery |
| Fr. Kurian Veliyath | : | Paroppady |
| Fr. Mathew Kottackal | : | Thottumukkam |
| Fr. Joseph Vettukallel | : | Perinthalmanna |
| Fr. Sebastian Mattappilly | : | Karuvarakundu |

## 2. വൈദികദിനം - ആഗസ്റ്റ് 4

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതിയാണല്ലോ. ലോകം മുഴുവനിലുമുള്ള വൈദികർക്കുവേണ്ടി, പ്രത്യേകിച്ച് അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

## 3. വൈദികക്ഷേമനിധി

വൈദികക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ ആഗസ്റ്റ് 3-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ സ്തോത്രക്കാഴ്ചയായി സ്വീകരിച്ച് എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## 4. വൈദികദിന കൂട്ടായ്മ

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ

തിരുനാളിനോടനുബന്ധിച്ചുള്ള ബഹു. വൈദികരുടെ സൗഹൃദ സമ്മേളനം താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരിയിലും അൽഫോൻസ സ്കൂളിലും വെച്ച് നടത്തുന്നു. ആഗസ്റ്റ് 4-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4.30 ന് ബഹു. അച്ചന്മാരെല്ലാവരും അൽഫോൻസ മൈനർ സെമിനാരിയിൽ എത്തിച്ചേരുകയും അത്താഴത്തോടെ പരിപാടികൾ സമാപിക്കുകയും ചെയ്യുന്നതാണ്.

### 5. പതിനഞ്ച് നോമ്പ്

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് മുന്നോടിയായി നമ്മുടെ സഭയിൽ പതിനഞ്ച് നോമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന പാരമ്പര്യം ഉണ്ടല്ലോ. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും തീഷ്ണതയോടെ നോമ്പാചരണം നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

### 6. തടവറ പ്രേഷിതദിനം

ആഗസ്റ്റ് 10-ാം തീയതി കേരളസഭ തടവറ പ്രേഷിതദിനമായി ആചരിക്കുന്നു. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച തടവറ പ്രേഷിതപ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 7. ജസ്റ്റിസ് സൺഡേ

ആഗസ്റ്റ് 17-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയായി സഭ ആചരിക്കുന്നു. അന്നേദിവസം വി. കുർബാനമധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ദളിത് ക്രൈസ്തവരുടെ സമുദ്ധാരണത്തിനുവേണ്ടിയുള്ളതാകയാൽ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 8. അഭിനന്ദനങ്ങൾ, ആശംസകൾ

**ബഹു. ജോസഫ് പാലക്കാട്ട്, ബഹു. മാത്യു പുളിമൂട്ടിൽ (സിജോ), ബഹു. ജോർജ് വെള്ളാരംകാലായിൽ, ബഹു. ജോസഫ് ചുണ്ടയിൽ** എന്നീ വൈദികർ *Tamilnadu Teachers Education University* യൂണിവേഴ്സിറ്റിയിൽ നിന്നും M.Ed. ബിരുദം വിജയകരമായി കരസ്ഥമാക്കിയിരിക്കുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്ന് M.A. in Cinema and Television - 5-ാം റാങ്ക് **ഫാ. ചാക്കോ മുണ്ടയ്ക്കൽ** (ലിൻസ്) കരസ്ഥമാക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട വൈദികർക്ക് അഭിനന്ദനങ്ങൾ നേരുന്നു.

കാനഡയിലുള്ള മിസ്സിസാഗ സീറോ മലബാർ രൂപതയിൽ അജപാലനശുശ്രൂഷ ആരംഭിച്ച **ബഹു. മാത്യു നിരപ്പേലച്ചന്** എല്ലാ ആശംസകളും പ്രാർഥനയും നേരുന്നു.

### 9. സ്വാഗതം, നന്ദി

താമരശ്ശേരി രൂപതയുടെ അജപാലനശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന **ബഹു. സഖറിയ നെടുമറ്റത്തിൽ OFM Cap., ബഹു. ലോനപ്പൻ**

**ചിറയത്ത് OFM Cap.** എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

രൂപതയിലെ അജപാലന ശുശ്രൂഷകൾക്കും സേവനങ്ങൾക്കു ശേഷം പുതിയ മേഖലയിലേക്ക് കടന്നുപോകുന്ന കുണ്ടായിത്തോട് ഇടവകയിൽ അസി. വികാരിയായിരുന്ന **ബഹു. ജോർജ് കൈതമറ്റത്തിൽ OFM Cap.** അച്ചന് നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

## 10. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനം

സെപ്റ്റംബർ 6 ന് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 5-ാം ചരമവാർഷികദിനമാണ്. സെപ്റ്റംബർ 6-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും ശുശ്രൂഷകളും നടക്കുന്നു. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവായിരിക്കും തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുന്നത്. ബഹു. വൈദികരും സമർപ്പിതരും കൈക്കാരന്മാരും കൂടാതെ സാധിക്കുന്ന ദൈവജനവും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

## 11. സ്മരണാഞ്ജലി

| | | |
|---|---|---|
| **02-08-2010** | **:** | **റവ. ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 02-08-1992 | : | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. |
| 03-08-1973 | : | റവ. ഫാ. ജോസഫ് ഇടക്കര |
| 06-08-1958 | : | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. |
| 08-08-1993 | : | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. |
| **09-08-2011** | **:** | **റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ** |
| 10-08-2007 | : | റവ. ഫാ. ജോർജ് കച്ചിറമറ്റം |
| 13-08-1994 | : | റവ. ഫാ. തോമസ് മാമ്പുഴയ്ക്കൽ |
| **17-08-2018** | **:** | **റവ. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| **19-08-2007** | **:** | **റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| **22-08-2005** | **:** | **റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| **25-08-2010** | **:** | **റവ. ഫാ. ജോസഫ് കോഴിക്കോട്ട്** |
| 28-08-1970 | : | റവ. ഫാ. ജോർജ് വട്ടുകുളം |
| **28-08-2023** | **:** | **റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**


# സ്നേഹസ്മരണയ്ക്ക്




ഫാ. ജോസഫ്
മണിയങ്ങാട്ട്
02-08-2010



റവ. ഫാ. ജോസഫ്
അറയ്ക്കപ്പറമ്പിൽ
09-08-2011



റവ. ഫാ. ചാണ്ടി
കുരിശുംമൂട്ടിൽ
17-08-2018



റവ. ഫാ. അലക്സ്
മണക്കാട്ടുമറ്റം
19-08-2007



റവ. ഫാ. അഗസ്റ്റിൻ
തുരുത്തിമറ്റം
22-08-2005



റവ. ഫാ. ജോസഫ്
കോഴിക്കോട്ട്
25-08-2010



റവ. ഫാ. തോമസ്
കൊച്ചുപറമ്പിൽ
28-08-2023

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

12-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആറാമത് യോഗം 2025 ജൂൺ 10, ചൊവ്വാഴ്ച രാവിലെ 10.30ന് രൂപതാഭവനിൽ വച്ച് ചേരുകയുണ്ടായി. പ്രാരംഭ പ്രാർഥനയ്ക്കും വി. ഗ്രന്ഥ വ്യാഖ്യാനത്തിനും ബഹു. ഫാ. ജോർജ് കുമ്പുക്കൽ നേതൃത്വം നല്കി. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ യോഗത്തിൽ പങ്കെടുക്കുന്ന ഏവർക്കും പ്രത്യേകിച്ച് പുതുതായി 12-ാമത് പ്രസ്ബിറ്ററൽ കൗൺസിലിലേക്ക് കടന്നുവന്ന എക്സ് ഒഫിഷ്യോ അംഗങ്ങൾ ബഹു. ഫാ. ജോസഫ് തേക്കുംകാട്ടിൽ, ഫാ. ഫ്രാൻസിസ് വെള്ളാമാക്കൽ, ഫാ. ആന്റണി ചെന്നിക്കര, ഫാ. സെബാസ്റ്റ്യൻ പാട്ടശ്ശേരി, ഫാ. വർഗീസ് പനയ്ക്കൽ, ഫാ. ജോർജ് കുമ്പുക്കൽ എന്നിവർക്കും രൂപതയുടെ ഫിനാൻസ് ഓഫീസറായി ചുമതലയേറ്റ ബഹു. ഫാ. ജോർജ് മുണ്ടനാട്ടിനും ഹാർദ്ദവമായി സ്വാഗതം ആശംസിച്ചു.

അനുഗ്രഹ പ്രഭാഷണമധ്യേ, അഭിവന്ദ്യ പിതാവ് മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പ്രസ്ബിറ്ററൽ കൗൺസിലിന്റെ പ്രാധാന്യം വിവരിക്കുകയും അംഗങ്ങളുടെ സജീവ പങ്കാളിത്തം രൂപതയുടെ ഭാവി അജപാലന പദ്ധതികൾരൂപീകരിക്കുന്നതിന് അത്യന്താപേക്ഷിതവുമാണെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. സഭയുടെ വിശുദ്ധവത്സരവും കുടിയേറ്റത്തിന്റെ ശതാബ്ധിയും രൂപത സ്ഥാപനത്തിന്റെ നാല്പതാം വാർഷികവും ആചരിക്കുന്ന ഈ വർഷം രൂപതയുടെ അജപാലന പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗനിർദ്ദേശവും നവോന്മേഷവും നല്കാൻ പ്രസ്ബിറ്ററൽ കൗൺസിൽ പ്രതിജ്ഞാബദ്ധമാണെന്ന് അഭിവന്ദ്യപിതാവ് ഓർമിപ്പിച്ചു. സമകാലീന ലോകത്ത് മലയോരജനതയുടെ ആശങ്കകളും പ്രതിസന്ധികളും വർധിച്ചുവരുന്ന കുടിയേറ്റം സൃഷ്ടിക്കുന്ന സാമൂഹികമാറ്റങ്ങളും പഠനവിധേയമാക്കി നവഅജപാലന ശൈലികളും സുവിശേഷവത്ക്കരണത്തിന്റെ നവീനമാർഗങ്ങളും രൂപപ്പെടുത്താൻ പ്രസ്ബിറ്ററൽ കൗൺസിലിന്റെ കൂടിയാലോചനകൾക്ക് സാധിക്കട്ടെ എന്ന് പിതാവ് ആശംസിച്ചു. ജൂൺ 11-ാം തീയതി രൂപതയുടെ പ്രഥമ മെത്രനായ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 31-ാം ചരമവാർഷികം ആചരിക്കുമ്പോൾ ബാലാരിഷ്ടതകളിൽ രൂപതയെ കൈപിടിച്ച് നയിച്ച, ജാതിമത ഭേദമന്യേ ഏവർക്കും പ്രിയങ്കരനായ അദ്ദേഹത്തെ കൃതജ്ഞതയോടെ ഓർക്കുകയും ദൈവപരിപാലനയെ അനുസ്മരിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് പ്രഭാഷണമധ്യേ പിതാവ് സൂചിപ്പിച്ചു. സാർവ്വത്രിക സഭയെ ധീരതയോടെ നയിച്ച പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ദേഹവിയോഗം നമ്മെ ഏവരെയും ദുഃഖത്തിലാഴ്ത്തി. വംശത്തിന്റെയും രാഷ്ട്രത്തിന്റെയും വേർതിരിവുകളില്ലാതെ എല്ലാ ജനതയും ഹൃദയത്തിലേറ്റിയ വ്യക്തിത്വവും ചരിത്രപുരുഷനു മായിരുന്നു ഫ്രാൻസിസ് മാർപാപ്പയെന്ന് അഭിവന്ദ്യ പിതാവ്

അനുസ്മരിച്ചു. സഭയ്ക്ക് നേതൃത്വം നല്കുവാൻ ഈ കാലഘട്ടത്തിന് ഏറ്റവും അനുയോജ്യനായ വ്യക്തിയെയാണ് ലെയോ പതിനാലാമൻ മാർപാപ്പയിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവിന്റെ നേതൃത്വവും പ്രബോധനവും ആഗോള സഭയ്ക്ക് മികവോടെയും ഊർജ്ജസ്വലതയോടെയും പ്രവർത്തിക്കാൻ അനുഗ്രഹമാകട്ടെയെന്ന് അഭിവന്ദ്യ പിതാവ് പ്രാർഥിച്ചു. തുടർന്ന്, പ്രസ്ബിറ്ററൽ കൗൺസിലിൽ ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് മാർപാപ്പയെയും നിത്യപിതാവിന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ട ബഹു. മാത്യു പുള്ളോലിക്കൽ അച്ചനെയും അനുസ്മരി ക്കുകയും അവരുടെ ആത്മ ശാന്തിക്കായി പ്രാർഥിക്കുകയും ചെയ്തു.

12-ാം പ്രസ്ബിറ്ററൽ കൗൺസിലിന്റെ അഞ്ചാം യോഗറിപ്പോർട്ട് സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് അവതരിപ്പിക്കുകയും സമ്മേളനം ഐക്യകണ്ഠേന അത് പാസാക്കുകയും ചെയ്തു. റിപ്പോർട്ടിന്മേൽ നടന്ന ചർച്ചകൾക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നല്കി.

(1) വൈദികർക്കുള്ള ഇൻഷൂറൻസ് പരിരക്ഷ: നിലവിൽ ലഭിച്ച വിവിധ കമ്പനികളുടെ ഇൻഷുറൻസ് പോളിസികൾ, പ്രീമിയം എന്നിവ പി.പി.എഫ് സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് യോഗത്തെ അറിയിക്കുകയും അനുയോജ്യമായ ഇൻഷൂറൻസിലേക്ക് എല്ലാ വൈദികരെയും ചേർക്കാമെന്ന് സമ്മേളനം തീരുമാനിക്കുകയും ചെയ്തു. അതിനാവശ്യമായ തുക വൈദികർ നല്കുന്ന വാർഷിക വ്യക്തിവിഹിതത്തിൽനിന്ന് നല്കാമെന്നും എന്നാൽ, കൂടുതൽ പരിരക്ഷയുള്ള പോളിസികളിൽ ചേരുന്നവർക്ക് വ്യക്തിവിഹിതത്തിൽ നിന്ന് ഇളവുനല്കുന്നത് ഉചിതമാണെന്നും വൈദികസമിതി തീരുമാനിച്ചു.

(2) ഫോട്ടോ/വീഡിയോ ഗ്രാഫേഴ്സിനുള്ള നിർദ്ദേശങ്ങൾ: വിവാഹം, മാമ്മോദീസ തുടങ്ങിയ തിരുക്കർമ്മങ്ങളുടെ ഫോട്ടോ/വീഡിയോ എന്നിവ എടുക്കുന്നവർക്കുള്ള മാർഗനിർദ്ദേശങ്ങൾ രൂപത ചാൻസലർ അവതരിപ്പിക്കുകയും വൈദികസമിതി നിർദ്ദേശിച്ച മാറ്റങ്ങളോടെ അഭിവന്ദ്യ പിതാവിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

12-ാം വൈദികസമിതിയിലെ അഞ്ചാം യോഗം അജണ്ടയെ അധികരിച്ചുള്ള ചർച്ചകളിലേക്ക് തുടർന്ന് പ്രവേശിച്ചു.

(1) ഏയ്ഞ്ചൽസ് മീറ്റ്: 2025ൽ, സാഘോഷപൂർവ്വം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം – ഏയ്ഞ്ചൽസ് മീറ്റ്, റൂബി ജൂബിലിയോടനുബന്ധിച്ച് രൂപതാതലത്തിൽ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അപ്രകാരം നടത്തുമ്പോൾ അഭിമുഖികരിക്കുന്ന പ്രതിസന്ധികളും സി.എം.എൽ ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ അവതരിപ്പിച്ചു. ഇപ്രകാരം രൂപതാതലത്തിൽ ഒരുമിച്ച് ചേരേണ്ടത് ഈ അജപാലന വർഷത്തിന്റെ പ്രത്യേകതകൾ അനുസരിച്ച് ഉചിതമാണെന്ന് വിലയിരുത്തിയ വൈദികസമിതി പ്രസ്തുത സമ്മേളനം ഏറ്റവും സൗകര്യപ്രദമായ സ്ഥലത്തും അനുയോജ്യമായ സമയത്തും നടത്താൻ തീരുമാനിച്ചു.

(2) റൂബി ജൂബിലി ആചരണങ്ങൾ: രൂപതാസ്ഥാപനത്തിന്റെ നാല്പതാം വാർഷികാചരണത്തിന്റെ കർമ്മപദ്ധതികളും അവയുടെ പുരോഗതിയും വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ വിശദീകരിച്ചു. യുവജനക്ഷേമത്തിനും ശാക്തീകരണത്തിനും ഉതകുന്ന കർമ്മപദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്ന ജൂലൈ മാസത്തിലെ പ്രവർത്തനങ്ങൾ കെ.സി.വൈ.എം-എസ്.എം.വൈ.എം ഡയറക്ടർ ഫാ. മാത്യു തെക്കേകരമറ്റത്തിന്റെ നേതൃത്വത്തിലാണ് സംഘടിപ്പിച്ചിരിക്കു ന്നത്. ആഗസ്റ്റ് മാസം വിശ്വാസപരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ നേതൃത്വം നല്കുന്നു. റൂബി ജൂബിലി പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും ഏകോപനവും എല്ലാവരിലേക്കും എത്താൻ സാമൂഹ്യസമ്പർക്ക മാധ്യമ പ്രേഷിതത്വത്തിന്റെ നേതൃത്വത്തിലുള്ള പ്രചാരണവും പങ്കുവയ്ക്കലും ഊർജ്ജസ്വലമാക്കാനും വൈദികസമിതി നിർദ്ദേശിച്ചു.

(3) പുനരധിവാസപദ്ധതികൾ: വിലങ്ങാട്, മഞ്ഞക്കുന്ന് പ്രദേശങ്ങളിലുണ്ടായ മണ്ണിടിച്ചിലും ഉരുൾപൊട്ടലുംമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്ന പുനരധിവാസ പദ്ധതികളുടെ അവലോകനത്തിന് ബഹു. ജനറളാച്ചൻ മോൺ. അബ്രാഹം വയലിൽ നേതൃത്വം നല്കി. 65 കുടുംബങ്ങളുടെ പുനരധിവാസമാണ് പൂർണമായി നടപ്പാക്കേണ്ടത്. 11 ഭവനങ്ങളുടെ നിർമാണം ഇതിനോടകം പൂർത്തിയായി. ഭവന നിർമ്മാണത്തിനുള്ള സർക്കാരിന്റെ സഹായവും കുടുംബങ്ങൾക്ക് ലഭിച്ചുവരുന്നുണ്ട്. ഭവനം നിർമിച്ച് നല്കുന്നതിനൊപ്പം പുനരധിവാസ പദ്ധതിയിൽപെട്ട എല്ലാ കുടുംബങ്ങൾക്കും ജീവിതമാർഗത്തിന് സഹായിക്കുന്ന കാര്യങ്ങൾ നല്കുന്നതിലും നമ്മൾ സജീവശ്രദ്ധ പതിപ്പിക്കണമെന്ന് വൈദിസമിതി ആവശ്യപ്പെട്ടു.

(4) സെന്റ് ജോർജ് ക്ലെർജി ഹോം: പി.പി.എഫിന്റെ നേതൃത്വത്തിൽ കക്കാടംപൊയിലിൽ ഒരുങ്ങുന്ന ഭവനമായ സെന്റ് ജോർജ് ക്ലെർജിഹോമിന്റെ നിർമാണത്തെപ്പറ്റി പി.പി.എഫ്. സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് വിവരിച്ചു. പ്രസ്തുത സ്ഥലം രൂപതാ പി.പി.എഫ് ബോർഡിന് സംഭാവനയായി നല്കിയ ബഹു. ജോർജ് താമരശ്ശേരിയച്ചന്റെ സ്വർഗീയ മദ്ധ്യസ്ഥന്റെ നാമം നല്കാമെന്നുള്ള തീരുമാനത്തെ പ്രസ്ബിറ്ററൽ കൗൺസിൽ സ്വാഗതം ചെയ്തു. നിർമാണ പ്രവർത്തനങ്ങളും ഭവനത്തിന്റെ രൂപകൽപ്പനയും പരിശോധിച്ച വൈദികസമിതി അവിടുത്തെ നിർമാണ പുരോഗതികളെ വിലയിരുത്തി. എല്ലാ വൈദികരുടെയും സഹകരണത്തോടെയാണ് ഈ ഭവനം നിർമിക്കേണ്ടതെന്നുള്ള വൈദികസമ്മേളനത്തിലെ തീരുമാനം അനുസ്മരിച്ച വൈദികസമിതി, അന്നേദിവസം (ജൂൺ 10) ഉച്ചകഴിഞ്ഞ് നടക്കുന്ന തറക്കല്ലിടീൽ കർമ്മത്തിൽ സാധിക്കുന്ന എല്ലാ അംഗങ്ങളും പങ്കെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(5) നല്ലിടയൻ വൈദികഭവനം: കോഴിക്കോട്, മേരിക്കുന്നിലുള്ള നല്ലിടയൻ വൈദികഭവനം, കാലപഴക്കംമൂലം നേരിടുന്ന പ്രതിസന്ധിയും അതിന്റെ ഭാവിയെക്കുറിച്ചു നിലനിൽക്കുന്ന ആശങ്കകളും ഡയറക്ടർ ബഹു. ഫാ. ജോസഫ് തേക്കുംകാട്ടിൽ വിശദീകരിച്ചു. അറ്റകുറ്റപണികൾ ആവശ്യമായതിനാൽ ഈരൂടുള്ള വിയാനി പ്രീസ്റ്റ്ഹോമിലേക്ക് നല്ലിടയൻ വൈദികമന്ദിരത്തിലെ ബഹു. വൈദികരെ മാറ്റി പാർപ്പിക്കാനുള്ള

സൗകര്യങ്ങൾ ഒരുക്കിയത് ബഹു. സെബാസ്റ്റ്യൻ പാട്ടശ്ശേരിയച്ചന്റെ നേതൃത്വത്തിലായിരുന്നു. നല്ലിടൻ വൈദികഭവനത്തിന്റെ പുനർനിർമാണത്തിന് ഭാരിച്ച ചിലവുകൾ പ്രതീക്ഷിക്കുന്നതിനാൽ അവിടെ പുതിയ കെട്ടിടം നിർമിക്കുന്നതിനുള്ള അഭിപ്രായവും വൈദികസമിതിയിൽ ഉയർന്നുവന്നു. ആ സാധ്യതകളെക്കുറിച്ച് പഠിക്കാൻ ഫിനാൻസ് ഓഫിസർ, ബഹു. ജോർജ് മുണ്ടനാട്ടച്ചനെ യോഗം ചുമതലപ്പെടുത്തി.

(5) വൈദികരുടെ സ്ഥലമാറ്റവും കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും: ഒരേ മാസം വൈദികരുടെ സ്ഥലമാറ്റവും കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും നടക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും അജപാലന ബുദ്ധിമുട്ടുകളും വൈദികസമിതി ചർച്ചചെയ്തു. ഈ അജണ്ടയിന്മേലുള്ള വിശദമായ ആലോചനകൾക്കുശേഷം, നിലവിലുള്ള സാഹചര്യം തുടരാൻ തീരുമാനിക്കുകയും ചെയ്തു.

(6) ശൂന്യവേളയിലെ നിർദ്ദേശങ്ങളും തീരുമാനങ്ങളും:

(a) ദൈവാലയ ശുശ്രൂഷികൾക്ക് വിവാഹം, മാമ്മോദീസ, വീടുവെഞ്ചരിപ്പ് മുതലായ ശുശ്രൂഷകളിൽ പങ്കുചേരുമ്പോൾ അവർക്ക് മാന്യമായ വേതനം നല്കേണ്ടതുണ്ട് എന്ന നിർദ്ദേശത്തിന്മേൽ ചർച്ചനടന്നു. അപ്രകാരമുള്ള തിരുകർമ്മങ്ങൾക്ക് 500 രൂപയിൽ കുറയാത്ത തുക ദൈവാലയ ശുശ്രൂഷികൾക്ക് ലഭിക്കുന്നുണ്ടെന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പാക്കണമെന്ന് വൈദികസമിതി തീരുമാനിക്കുകയും ചെയ്തു.

(b) രൂപത നിയമാവലി പരിഷ്കരണത്തിന്റെ പുരോഗതിയെപ്പറ്റിയുള്ള ചോദ്യത്തിന്മേൽ പരിഷ്കരണ കമ്മിറ്റിക്ക് നേതൃത്വം നല്കുന്ന ബഹു. തോമസ് ചിലമ്പിക്കുന്നേൽ അച്ചൻ അതിന്റെ പുരോഗതിയെക്കുറിച്ച് വൈദികസമിതിയിൽ വിശദികരിച്ചു.

(c) ഇടവകയുടെ സാമ്പത്തിക വിനിയോഗം സുഗമമാക്കാൻ *ഗൂഗിൾ പേ* പോലുള്ള സംവിധാനങ്ങൾ മുഖാന്തിരം ഇടപാടുകൾ നടത്തുന്നതിന്റെ സാധുതയെപ്പറ്റി ചോദ്യത്തിന്മേൽ ചർച്ചകൾ നടന്നു. വിശദമായ ആലോചനകൾക്കുശേഷം, പ്രസ്തുത വിഷയം പഠിക്കാൻ ബഹു. ഫിനാൻസ് ഓഫീസർ ഫാ. ജോർജ് മുണ്ടനാട്ടിനെ വൈദികസമിതി ചുമതലപ്പെടുത്തി. ചർച്ചകൾക്കും വിചിന്തനങ്ങൾക്കുംശേഷം 12-ാമത് പ്രസ്ബിറ്ററൽ കൗൺസലിന്റെ ആറാമത് യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും സെക്രട്ടറി ബഹു. സെബാസ്റ്റ്യൻ കാവളക്കാട്ട് നന്ദി പറഞ്ഞു. തുടർന്ന് ത്രികാലജപത്തോടെ സമ്മേളനം സമാപിച്ചു.

**ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# വിശ്വാസപരിശീലനം

## ദുക്റാന തിരുനാൾ

ജൂലൈ 3 മാർ തോമാശ്ലീഹായുടെ അനുസ്മരണം വിവിധ ഇടവകകളിൽ വി.ബലിയോടുകൂടി അനുസ്മരിച്ചു.

## Power Cell - 1 പാലൂർകോട്ട

വിശ്വാസ പരിശീലകരുടെ തുടർപരിശീലന പരിപാടിയായ Power Cell പാലൂർക്കോട്ട ഇടവകയിൽ വച്ച് നടന്നു. മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട എന്നീ ഇടവകകൾ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് ശ്രദ്ധേയമായി.

## ലൂമിന 3 ചെമ്പുകടവ്

ജൂലൈ 6 ഞായറാഴ്ച കോടഞ്ചേരി മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം ചെമ്പുകടവ് ദേവാലയത്തിൽ വച്ച് നടന്നു. 145 യുവജനങ്ങൾ പങ്കെടുത്തു.

## ലൂമിന 4 പുഷ്പഗിരി

ജൂലൈ 13 ന് തോട്ടുമുക്കം മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം പുഷ്പഗിരി ഇടവകയിൽ വച്ച് നടന്നു. 94 ഓളം യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

## ലൂമിന 5 താമരശ്ശേരി

താമരശ്ശേരി മേഖലയിലെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം താമരശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. 155-ഓളം യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം യുവജനങ്ങൾക്ക് ഫലദായകമായിരുന്നു.

## Power Cell - 2 പാത്തിപ്പാറ

ഈ വിശ്വാസപരിശീലന വർഷത്തെ 2-ാംമത്തെ Power Cell പാത്തിപ്പാറ ഇടവകയിൽ വച്ച് നടന്നു. കൂരാച്ചുണ്ട്, കരികണ്ടൻപാറ, പാത്തിപ്പാറ, കാറ്റുള്ളമല എന്നീ ഇടവകകളിൽ നിന്ന് 60 ഓളം വിശ്വാസപരിശീലകർ പ്രോഗ്രാമിൽ പങ്കെടുത്തു.

## ലൂമിന 6 ആനക്കാംപൊയിൽ

യുവജന വിശ്വാസപരിശീലനത്തിന്റെ ഭാഗമായി തിരുവമ്പാടി മേഖലയുടെ 2-ാമത്തെ ലൂമിന പ്രോഗ്രാം ആനക്കാംപൊയിൽ ദേവാലയത്തിൽ വച്ച് നടന്നു.

പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ് ഇടവകകളിലെ +1,+2 ക്ലാസ്സുകളിലെ 155 യുവജനങ്ങളും അവരെ പരിശീലിപ്പിക്കുന്ന അധ്യാപകരും ലൂമിന പ്രോഗ്രാമിൽ പങ്കെടുത്തു.

### മതബോധന ദിനം

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനമായ ജൂലൈ 28-ാം തീയതി വിവിധ ഇടവകകളിൽ മതബോധനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രോഗ്രാമുകൾ നടത്തി.

### Power Cell - 3 ഈരൂട്

ഈരൂട് ഇടവകയിൽ വച്ച് 3-ാംമത്തെ Power Cell ജൂലൈ 21 ചൊവ്വാഴ്ച നടന്നു. കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട് എന്നീ ഇടവകകളിൽ നിന്ന് 80 ഓളം അധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

### Power Cell - 4 പശുക്കടവ്

ജൂലൈ 23 ബുധനാഴ്ച്ച പശുക്കടവ് ഇടവകയിൽ വച്ച് 4-ാംമത്തെ Power Cell നടന്നു. മരുതോങ്കര, ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട് എന്നീ ഇടവകകളിൽ നിന്ന് 84 അധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

### Power Cell - 5 പാതിരിക്കോട്

വിശ്വാസ പരിശീലകർക്കായുള്ള Power Cell പ്രോഗ്രാം പാതിരിക്കോട് ഇടവകയിൽ വച്ച് നടന്നു. കരുവാരകുണ്ട് മേഖലയിലെ മുഴുവൻ ഇടവകകളിലേയും അധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

### Power Cell - 6 കക്കയം

ഈ വിശ്വാസപരിശീലന വർഷത്തെ 6-ാംമത്തെ Power Cell കക്കയം ഇടവകയിൽ വച്ച് നടന്നു. കല്ലാനോട്, കക്കയം, , കരിയാത്തുംപാറ, തലയാട്, വയലട എന്നീ ഇടവകകളിൽ നിന്ന് 60 ഓളം വിശ്വാസപരിശീലകർ പ്രോഗ്രാമിൽ പങ്കെടുത്തു.

### DOMUS CAT - കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാ പ്രാർത്ഥനയോടൊപ്പം പ്രാർത്ഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം. ജൂലൈ മാസത്തിൽ നൽകിയത്: പാഠം 5 - മാതാപിതാക്കളുടെ മാതൃക, പാഠം 6 - മാതാപിതാക്കൾ ഈശോയെക്കുറിച്ച് പറയണം, പാഠം 7 - മാതാപിതാക്കൾ ശൈശവത്തിലെ കുഞ്ഞുങ്ങളെ ഈശോയോട് അടുപ്പിക്കുക, പാഠം 8 - കുട്ടികളെ വിശുദ്ധരോടുള്ള ബന്ധത്തിൽ വളർത്തുക.

## ACC 13,14,15 Online Class

**ACC 13 :** "കേരള നവോത്ഥാനവും ക്രൈസ്തവ സംഭാവനകളും" എന്ന വിഷയത്തെ കുറിച്ച് റവ. ഡോ. മാത്യു കുളത്തിങ്കലും, "മരിയൻ വിശ്വാസസത്യങ്ങൾ" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് അന്തീനാടും ക്ലാസ്സ് എടുത്തു.

**ACC 14 :** "കുമ്പസാരം സംശയങ്ങളും ഉത്തരങ്ങളും" (ഭാഗം 1, 2) എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് വെള്ളാരംകാലായിൽ അച്ചനും ക്ലാസ്സ് എടുത്തു.

**ACC 15 :** "ഈശോമിശിഹാ ദൈവമാണ്, വിദ്യാഭ്യാസരംഗവും ക്രൈസ്തവ സംഭാവനകളും" എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell, എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## Marian School -1

റൂബി ജൂബിലിയോടനുബന്ധിച്ച് വിശ്വാസപരിപോഷണ മാസത്തിന്റെ ഭാഗമായി Marian School പ്രോഗ്രാം ആഗസ്റ്റ് മാസത്തിൽ നടത്തുന്നു. മരിയൻ വിശ്വാസസത്യങ്ങൾ ആഴത്തിൽ പഠിക്കുവാനും, ചർച്ചചെയ്യുവാനും, മരിയ ഭക്തിയിൽ വളരുവാനും, വളർത്തുവാനും സഹായകമായ പഠനവിഷയങ്ങൾ രൂപതാ കേന്ദ്രത്തിൽനിന്നും നൽകുന്നു.

### ആഗസ്റ്റ് 2025

| | |
|---|---|
| 01.08.25 വെള്ളി | പതിനഞ്ചുനോമ്പാരംഭം<br>റൂബിജൂബിലി പ്രോഗ്രാം Eucharistic Circle |
| 02.08.25 ശനി | Power Cell 9 : നരിനട സെന്റർ (ചക്കിട്ടപ്പാറ, കുളത്തുവയൽ, മുതുകാട്, പേരാമ്പ്ര, പെരുവണ്ണാമൂഴി, നരിനട) റൂബി ജൂബിലി ഉദ്ഘാടനം ACC 14 പുസ്തക പ്രകാശനം, വിശ്വാസ പരിപോഷണ പ്രതിജ്ഞ |
| 03.08.25 ഞായർ | കൈത്താക്കാലം 2-ാം ഞായർ, വൈദിക ദിനാചരണം (ഇടവകകളിൽ വൈദികരെ ആദരിക്കുന്നു) മതബോധനദിനം (ഇടവകയിൽ മതബോധനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രോഗ്രാം നടത്തുക) റൂബി ജൂബിലി പ്രോഗ്രാം<br>Marian School - I |
| 04.08.25 തിങ്കൾ | വി. ജോൺ മരിയ വിയാനി |
| 06.08.25 ബുധൻ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 09.08.25 ശനി | Promoters Meet (ബിഷപ്സ് ഹൗസ്, താമരശ്ശേരി) |

| | | |
|---|---|---|
| 10.08.25 | ഞായർ | കൈത്താക്കാലം 3-ാം ഞായർ<br>ACC 13, 14, 15 Online Class 5<br>ലൂമിന 7 : കൂരാച്ചുണ്ട് മേഖല - 1 @ ചക്കിട്ടപ്പാറ (ചക്കിട്ടപ്പാറ, മുതുകാട്, പെരുവണ്ണാമൂഴി, കുളത്തുവയൽ, നരിനട, പേരാമ്പ്ര )<br>റൂബിജൂബിലി പ്രോഗ്രാം - Marian School -II |
| 11.08.25 | തിങ്കൾ | വി. ക്ലാര<br>Power Cell 6 : വെട്ടത്തൂർ സെന്റർ (പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം, പൊന്ന്യാംകുറിശ്ശി) |
| 14.08.25 | വ്യാഴം | വി. മാക്സിമില്യൻ കോൾബേ<br>Power Cell 10 : വലിയകൊല്ലി സെന്റർ<br>(വലിയകൊല്ലി, കൂരോട്ടുപാറ, മഞ്ഞുമല, മഞ്ഞുവയൽ, ചെമ്പുകടവ്) |
| 15.08.25 | വെള്ളി | പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണം<br>(കടമുള്ള ദിവസം) ഇന്ത്യൻ സ്വാതന്ത്ര്യദിനം, റൂബി ജൂബിലി പ്രോഗ്രാം - Domus Quiz |
| 17.08.25 | ഞായർ | കൈത്താക്കാലം 4-ാം ഞായർ, ലൂമിന 8 : കരുവാരകുണ്ട് മേഖല @ കരുവാരകുണ്ട് റൂബി ജൂബിലി പ്രോഗ്രാം - Marian School - III |
| 23.08.25 | ശനി | വി. ബർത്തലോമിയോ ശ്ലീഹാ (ആഗസ്റ്റ് 24) |
| 24.08.25 | ഞായർ | കൈത്താക്കാലം 5-ാം ഞായർ, ACC 13, 14, 15 Online Class 6, ലൂമിന 9 : കൂരാച്ചുണ്ട് മേഖല - 2 @ കൂരാച്ചുണ്ട് (കരികണ്ടൻപാറ, കൂരാച്ചുണ്ട്, പാത്തിപ്പാറ, കാറ്റുള്ളമല)<br>റൂബിജൂബിലി പ്രോഗ്രാം - Marian School - IV |
| 28.08.25 | വ്യാഴം | വി. അഗസ്റ്റിൻ, ലൂമിന 10 : പാറോപ്പടി മേഖല - 1 @ മാങ്കാവ് (അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, മാങ്കാവ്, തേഞ്ഞിപ്പലം, കടലുണ്ടി, കുണ്ടായിത്തോട്, പരപ്പനങ്ങാടി) |
| 29.08.25 | വെള്ളി | വി. എവുപ്രാസ്യ |
| 30.08.25 | ശനി | ചോദ്യപേപ്പർ കമ്മറ്റി മീറ്റിംഗ് (Q.com), റൂബി ജൂബിലി പ്രോഗ്രാം - Eucharistic Army |
| 31.08.25 | ഞായർ | കൈത്താക്കാലം 6-ാം ഞായർ, ലൂമിന 11 : മലപ്പുറം മേഖല @ മഞ്ചേരി, റൂബിജൂബിലി പ്രോഗ്രാം Grace Fest ഏകദിന വിശ്വാസോത്സവം വിഷയം: **വിശുദ്ധ കുർബാന.** |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# എയ്ഡർ എഡ്യൂകെയർ

## ജൂൺ മാസത്തെ പ്രവർത്തനങ്ങൾ

ജൂൺ മാസം പതിമൂന്നാം കരുവാരകുണ്ട്, അടക്കാക്കുണ്ട്, കൽക്കുണ്ട്, വാണിയമ്പലം, കാളികാവ്, കുറ്റിപ്പുറം ഇടവകകളിൽ പാരിഷ് വിസിറ്റ് നടത്തുകയും 140 തോളം കുട്ടികളെ കണ്ട് സംസാരിക്കുകയും പ്രാഥമിക വിവരശേഖരണം നടത്തുകയും ചെയ്തു. ജൂലൈ 18 വെള്ളിയാഴ്ച, ജൂലൈ 23 ബുധനാഴ്ച ദിവസങ്ങളിൽ ഓൺലൈൻ മീറ്റിംഗും ചേർന്നു.

## അറിയിപ്പുകൾ

## ലൈഫ് ലോഞ്ച്-എൻ എൽ പി ട്രെയിനിങ് ക്യാമ്പ്

ആഗസ്റ്റ് 29 വെള്ളിയാഴ്ച വൈകിട്ട് 3. 00 മണി മുതൽ 31 ഞായറാഴ്ച വൈകിട്ട് 3.00 ന് അവസാനിക്കുന്ന രീതിയിൽ താമരശ്ശേരി വെഴുപ്പൂർ എംഎസ്സ്റ്റി സെമിനാരിയിൽ വച്ച് രണ്ടുദിവസ ത്തെ ട്രെയിനിങ് ക്യാമ്പ് നടത്തുന്നു. പഠിക്കാൻ വിവിധ കാരണ ങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ, ലേണിംഗ് ഡിസെബിലിറ്റി ഉള്ള കുട്ടികൾ, പലവിധ ആന്തരിക മുറിവുകളിൽ കഴിയുന്നവർ, കുടുംബ പ്രശ്നങ്ങളിൽ ബുദ്ധിമുട്ടുന്ന കുട്ടികൾ എന്നിങ്ങനെ ജീവിതബന്ധിയായ വിവിധ പ്രശ്നങ്ങളിൽ ബുദ്ധിമുട്ടുന്ന കുട്ടികളെ ഉദ്ദേശിച്ചാണ് ഈ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ബഹുമാനപ്പെട്ട വികാരയച്ചന്മാർ ഇത്തരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ ക്യാമ്പിലേക്ക് പറഞ്ഞയക്കുമല്ലോ.

## എയ്ഡർ എക്സ്റ്റൻഡ്

ആഗസ്റ്റ് മാസം ഇരുപത്തിനാലാം തീയതി മുതൽ ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും കരിയർ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, ഇ ഡബ്ലിയു എസ് സർട്ടിഫിക്കറ്റ്, ന്യൂനപക്ഷ സ്കോളർഷിപ്പുകൾ, ജോലി സാധ്യതകൾ, കുട്ടികളുടെ ഐക്യു ലെവൽ, മാനേജ്മെന്റ് സ്കിൽസ്, ആപ്റ്റിട്യൂട് ലെവൽ എന്നിവ കണ്ടെത്തുന്ന തിനുള്ളവർക്ക് ഷോപ്പുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് അർദ്ധദിന ട്രെയിനിങ് ക്യാമ്പുകൾ സംഘടിപ്പിച്ചു തുടങ്ങുന്നു. ഞായറാഴ്ചകളിൽ വേദപാഠ ക്ലാസുകൾക്ക് ശേഷമാണ് ഫോർമേഷൻ പ്രോഗ്രാം നൽകുന്നത്.

## പ്രാഥമിക മൂല്യനിർണയ ടെസ്റ്റ്

വരുന്ന ഓണാവധി കേന്ദ്രീകരിച്ച് കാറ്റിക്കിസം ഡിപ്പാർട്ട് മെന്റുമായി സഹകരിച്ച് എല്ലാ ഇടവകകളിലും 9 മുതൽ പ്ലസ് ടു വരെയുള്ള വേദപാഠ കുട്ടികൾക്കായി പ്രാഥമിക മൂല്യനിർണയ ടെസ്റ്റ് നടത്തുന്നു. ഓൺലൈനായി നടക്കുന്ന ടെസ്റ്റിൽ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മികച്ച മാർക്ക് ലഭിക്കുന്ന കുട്ടികളെ ഐഎഎസ്സി, സിവിൽ സർവീസ് ഉന്നത വിദ്യാഭ്യാസമേഖലകളിലേക്ക് പ്രമോട്ട് ചെയ്യാൻ ഉള്ള ആദ്യപടിയാണ് ഈ പരീക്ഷ.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

# സെമിനാരി വാർത്തകൾ

## ദുക്റാന തിരുനാൾ, കലാസാഹിത്യവേദി ഉദ്ഘാടനം

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വ അനുസ്മരണ തിരുനാൾ ജൂലൈ മൂന്നാം തീയതി ആഘോഷപൂർവം കൊണ്ടാടി. സെമിനാരി കുടുംബം മുഴുവൻ പങ്കുചേർന്ന ദിവ്യബലി അർപ്പണത്തോടെ തിരുനാൾ ആഘോഷത്തിന് തുടക്കം കുറിച്ചു. അന്നേ ദിവസം 2025 - 26 അധ്യയന വർഷത്തിലെ കലാസാഹിത്യ അക്കാദമിയുടെ ഉദ്ഘാടനവും നടന്നു. ദേവഗിരി സെന്റ് ജോസഫ് കോളേജിലെ മലയാളം അസിസ്റ്റന്റ് പ്രൊഫസർ ബിപിൻ മരോട്ടിക്കൽ ആണ് ഉദ്ഘാടനം നടത്തിയത്. യുവ കലാകാരനായ അദ്ദേഹത്തിന്റെ സാന്നിധ്യവും, സംഭാഷണവും വൈദിക വിദ്യാർഥികൾക്ക് പാഠ്യപാഠ്യേതര വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധയും, കഠിനാധ്വാനവും നൽകാൻ പ്രചോദനം നൽകുന്നതായിരുന്നു.

## റെക്ടേഴ്സ് ഡേ

ജൂലൈ പതിനഞ്ചാം തീയതി സെമിനാരിയുടെ റെക്ടർ ഫാ. കുര്യൻ താന്നിക്കലിന്റെ നാമഹേതുക തിരുനാൾ സെമിനാരി കുടുംബം ഒന്നുചേർന്ന് ആഘോഷിച്ചു. ഉച്ചഭക്ഷണത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച സ്നേഹകൂട്ടായ്മയിൽ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവും ബഹുമാനപ്പെട്ട വൈദികരും സന്നിഹിതരായിരുന്നു.

## അഭിവന്ദ്യ പിതാവിന്റെ ജന്മദിനാഘോഷം

ജൂലൈ 26 ന് സെമിനാരിയുടെ രക്ഷാധികാരിയായ അഭിവന്ദ്യ പിതാവിന്റെ ജന്മദിനത്തിൽ സെമിനാരി കുടുംബം അഭിവന്ദ്യ പിതാവിനെ കണ്ട് ജന്മദിനത്തിന്റെ ആശംസകൾ അറിയിച്ചു.

## നവീകരിച്ച സെമിനാരി ചാപ്പലിന്റെയും, ഡോർമിറ്ററികളുടെയും വെഞ്ചരിപ്പ്.

രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് രൂപത മൈനർ സെമിനാരിയുടെ നവീകരിച്ച ചാപ്പലിന്റെയും, ഡോർമിറ്ററികളുടെയും വെഞ്ചരിപ്പ് ജൂലൈ 29 ന് അഭിവന്ദ്യ റെമിജിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു.

## വി. അൽഫോൻസാമ്മയുടെ തിരുനാൾ

താമരശ്ശേരി രൂപതയുടെയും, സെമിനാരിയുടെയും സ്വർഗീയ മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28 ന് ആഘോഷപൂർവം നടത്തി. തിരുനാളിനോടൊനുബന്ധിച്ച് നടന്ന ഒമ്പത് ദിവസത്തെ നൊവേനയുടെ സമാപനവും അന്നേദിവസം നടന്നു.

### പ്രയാണം 2025

സെമിനാരിയുടെ മധ്യസ്ഥയായ വി.അൽഫോൻസാമ്മയുടെയും, വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും തിരുനാളുകളോട് അനുബന്ധിച്ച് ജൂലൈ 30 നു ബുധനാഴ്ച വൈകുന്നേരം വൈദിക വിദ്യാർഥികൾ അണിയിച്ചൊരുക്കിയ കലാസന്ധ്യ 'പ്രയാണം' സെന്റ് ജോൺപോൾ II ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അഭിവന്ദ്യ പിതാവും സമീപപ്രദേശങ്ങളിലെ ഇടവകകളിൽ നിന്നും സന്യാസ ഭവനങ്ങളിൽ നിന്നുമുള്ള വൈദികരും, സന്ന്യസ്തരും, അൽമായരും കലാവിരുന്ന് ആസ്വദിക്കുന്നതിനായി എത്തിച്ചേർന്നു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി

## ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

### രൂപത മാനേജിംഗ് കമ്മിറ്റിയും വൈസ് ഡയറക്ടേഴ്സ് സംഗമവും

2025-26 പ്രവർത്തന വർഷത്തെ പ്രഥമ മാനേജിങ് കമ്മിറ്റിയും ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ് സംഗമവും ജൂലൈ 12 ശനിയാഴ്ച രൂപത പ്രസിഡന്റ് ശ്രീ ജിനോ തറപ്പുതൊട്ടിയിലിന്റെ അധ്യക്ഷതയിൽ ബഥാനിയായിൽ വച്ച് നടത്തപ്പെട്ടു.അംഗങ്ങൾക്കായി സെമിനാർ സംഘടിപ്പിക്കുകയും വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

### മാർത്തോമാ ശ്ലീഹായുടെ ദുക്റാന തിരുനാൾ

ജൂലൈ 3 വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കുകയും ശാഖ തലങ്ങളിൽ അംഗത്വ സ്വീകരണവും പൊതു ദിവ്യകാരുണ്യ സ്വീകരണവും അസാധാരണ സമ്മേളനവും നടത്തുകയും ചെയ്തു.

### എയ്ഞ്ചൽസ് മീറ്റ്

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് 2024-25വർഷം ആദ്യകുർബാന സ്വീകരിച്ച ചെറുപുഷ്പ മിഷൻലീഗിൽ അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി പുല്ലൂരാംപാറ ബഥാനിയായിൽ വച്ച് 2025 ജൂലൈ 12ന് നടത്തപ്പെട്ട എയ്ഞ്ചൽസ് മീറ്റ് -മെഗാ സംഗമം മോൺ. അബ്രഹാം വയലിൽ, സംസ്ഥാന പ്ര

സിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവരുടെ സാന്നിധ്യത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. 1252 കുട്ടികളും 412 മുതിർന്ന ഭാരവാഹികളും ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

### പുസ്തക പ്രകാശനം

ജൂലൈ 12ന് ബഥാനിയായി വച്ച് നടത്തിയ മാനേജിങ് കമ്മിറ്റിയിൽ റൂബി ജൂബിലി നിറവിൽ ആയിരിക്കുന്ന താമരശ്ശേരി രൂപതയെ ആഴത്തിൽ അറിയാൻ 100 ചോദ്യങ്ങൾ അടങ്ങുന്ന 'രൂപതയെ അറിയാൻ സ്നേഹിക്കാൻ' (Knowledge Leads to Love) എന്ന പുസ്തകം അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് പ്രകാശനം ചെയ്തു.

2024 -25 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ടുകൾ രൂപതയിൽ എത്തിക്കുകയും അതിൽനിന്നും മികച്ച ശാഖകളെയും മേഖലകളെയും തിരഞ്ഞെടുത്ത് സംസ്ഥാന സമിതിക്ക് അയക്കുകയും ചെയ്തു.

### മാർ മങ്കുഴിക്കരി മെമ്മോറിയൽ ലേഖന മത്സരം

താമരശ്ശേരി രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തി വരുന്ന മാർ മങ്കുഴിക്കരി മെമ്മോറിയൽ ലേഖന മത്സരം ജൂൺ 29 ഞായറാഴ്ച വിവിധ മേഖല കേന്ദ്രങ്ങളിൽ വച്ച് സംഘടിപ്പിച്ചു.

### മേഖല സമിതി തെരഞ്ഞെടുപ്പ്

2025-27 പ്രവർത്തന വർഷത്തേയ്ക്കുള്ള മേഖല സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2025ജൂൺ 29ന് മേഖല കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും താമരശ്ശേരി മേഖലാ ഭാരവാഹികളും അഭിവന്ദ്യ പിതാവിന് ആശംസകൾ നേർന്നു. അന്നേ ദിനം തന്നെ ചെറുപുഷ്പ മിഷൻ ലീഗ് ഉദ്ഘാടകൻ മാർ തോമസ് തറയിൽ പിതാവിന്റെ അൻപതാം ചരമവാർഷികദിനം ആചരിക്കുകയും ചെയ്തു.

### വൈസ് ഡയറക്ടേഴ്സ് ദിനം

താമരശ്ശേരി രൂപതയുടെ സ്വർഗീയ മധ്യസ്ഥയും ചെറുപുഷ്പ മിഷൻലീഗ് ഉപമധ്യസ്ഥയുമായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ രൂപത, മേഖല, ശാഖ തലങ്ങളിൽ വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

### അറിയിപ്പുകൾ

*പ്രവർത്തന മാർഗരേഖ തയ്യാറാക്കൽ മത്സരം:* 'ക്രിസ്തുവിന്റെ വിള ഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായി...'എന്ന പഠന വിഷയത്തെ ആസ്പദമാക്കി പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ മത്സരം സംഘടിപ്പിക്കുന്നു. ശാഖ

തലത്തിലും മേഖലാതലത്തിലും തയ്യാറാക്കിയ മാർഗരേഖകൾ 20/08/2025 ന് മുൻപായി രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

*തിരിനാളം സ്കിറ്റ് മത്സരം:* വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട നുബന്ധിച്ച് നടത്തുന്ന തിരിനാളം സ്കിറ്റ് മത്സരത്തിൽ പങ്കെടുക്കുന്ന ശാഖ കൾ 15/08/2025 ന് മുൻപായി വീഡിയോ തയ്യാറാക്കി 8606203117എന്ന നമ്പറിലേ യ്ക്ക് അയക്കേണ്ടതാണ്.

*രൂപത മേഖല സാഹിത്യമത്സരങ്ങൾ:* രൂപത, മേഖല സാഹിത്യ മത്സരങ്ങൾ 2025ആഗസ്റ്റ് 9 ശനിയാഴ്ച രാവിലെ 10മണിക്ക് വിവിധ മേഖല കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട സാഹിത്യ രചനകൾ ആഗസ്റ്റ് 28ന് മുമ്പ് രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

### തിരുബാലസഖ്യത്തിന്റെ ആനിമേറ്റേഴ്സ് മീറ്റ്

തിരുബാലസഖ്യത്തിന്റെ ആനിമേറ്റേഴ്സ് മീറ്റിംഗ് ജൂലൈ 12 ന് പുല്ലൂരാം പാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തി. അന്നേദിവസം തന്നെ തിരു ബാലസഖ്യം സംഘടനയുടെ ആന്തം ജൂലൈ 12 ന് പൂല്ലൂരാംപാറ ബഥാനിയാ യിൽ വച്ച് പുറത്തിറക്കി. ഫാ. രഞ്ജിത്ത് ചക്കുംമൂട്ടിൽ എഴുതിയ വരികൾക്ക് ഫാ. ലിജേഷ് MST യാണ് ഈണം പകർന്നത്.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

## കെ.സി.വൈ.എം
## എസ്.എം.വൈ.എം

### ദുക്റാന തിരുനാളിലുള്ള പങ്കാളിത്തം

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വെച്ച് നടന്ന സഭാദിന ചടങ്ങിൽ രൂപതയിൽ നിന്നും പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, എസ്. എം. വൈ. എം സംസ്ഥാന സെക്രട്ടറി ആഗി മരിയ ജോസഫ്, സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപ്പാറ, ചെൽസിയ എന്നിവർ പങ്കെടുത്തു.

### യുവജന ഞായർ ആചരണം

യുവജന ഞായറിന്റെ ഭാഗമായി താമരശ്ശേരി രൂപതയുടെ വിവിധ മേഖലകളിലും, യൂണിറ്റുകളിലുമായി യുവജന ഞായർ ദിനാചരണം നടത്തപ്പെട്ടു. രൂപതയിലെ വിവിധ യൂണിറ്റുകളിൽ രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിന്റെയും രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ, അഞ്ചൽ, ചെൽസിയ എന്നിവരുടെയും സാന്നിധ്യം ഉണ്ടായിരുന്നു.

## വൃദ്ധസദന സന്ദർശനങ്ങൾ

താമരശ്ശേരി യേശുഭവനിൽ കോടഞ്ചേരി മേഖലയുടെ ആതിഥേയത്തിൽ വൃദ്ധസദന സന്ദർശനം ജൂലൈ 12 ന് നടത്തപ്പെട്ടു. ഞായറാഴ്ച കുണ്ടായിത്തോട് ശാന്തി ഭവനിൽ വെച്ച്, മലപ്പുറം മേഖലയുടെ ആതിഥേയത്വത്തിൽ വൃദ്ധസദന സന്ദർശനം ജൂലൈ 13 ന് നടത്തപ്പെട്ടു. 38-ഓളം യുവജനങ്ങളുടെ സാന്നിധ്യം ഉണ്ടായിരുന്നു. അരലക്ഷം രൂപ സാമ്പത്തിക സഹായവും അതിന് പുറമേ ആവശ്യസാധനങ്ങളും നൽകുവാൻ മലപ്പുറം മേഖലയ്ക്ക് സാധിച്ചു.

## മേഖല സമ്മേളനങ്ങളും പ്രവർത്തനങ്ങളും

കൂരാച്ചുണ്ട്, താമരശ്ശേരി മേഖലകളിൽ അർദ്ധ വാർഷിക സെനറ്റ് സമ്മേളനങ്ങൾ ജൂലൈ 20 ന് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ പ്രസിഡന്റ് റിച്ചാൾഡ് ജോൺ എന്നിവർ പങ്കെടുത്തു.

പാറോപ്പടി മേഖലയുടെ നേതൃത്വത്തിൽ രൂപതയുടെ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് 'ജീവധമനി' കുന്ദമഗലം യൂണിറ്റിൽ വെച്ച് ജൂലൈ 20 ന് നടത്തപ്പെട്ടു.

## നമ്മൾ: മുൻകാല ഭാരവാഹികളുടെ സംഗമം

റൂബി ജൂബിലിയുടെ ഭാഗമായി ജൂലൈ 24 വ്യാഴാഴ്ച 'നമ്മൾ' എന്ന പേരിൽ കഴിഞ്ഞ 37 വർഷക്കാലത്തെ മുൻകാല നേതാക്കന്മാരുടെ സംഗമം താമരശ്ശേരി ജോൺ പോൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത പരിപാടിക്ക് മുൻ കെ.സി.വൈ.എം. സംസ്ഥാന പ്രസിഡണ്ടും നിലവിലത്തെ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ യൂത്ത് കോർഡിനേറ്റർ ഷിജോ ഇടയാടിൽ മുഖ്യാതിഥി ആയിരുന്നു. 90-ഓളം യുവജന നേതാക്കളും ഡയറക്ടറച്ചന്മാരും ആനിമേറ്റർ സിസ്റ്റർമാരും പങ്കെടുത്തു.

## വരും മാസത്തെ പ്രവർത്തനങ്ങൾ

*സ്നേഹപൂർവ്വം പൊതിച്ചോറ് വിതരണം* - തിരുവമ്പാടി, മലപ്പുറം, പെരിന്തൽമണ്ണ മേഖലകൾ

ഓഗസ്റ്റ് 16: രൂപത അർദ്ധ വാർഷിക സെനറ്റ് സമ്മേളനം താമരശ്ശേരി MMPC ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു.

ഓഗസ്റ്റ് 17: മേഖല രചനാ മത്സരങ്ങൾ

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം-എസ്.എം.വൈ.എം

# മദ്ബഹ ശുശ്രൂഷാസംഘം (SMART)

സീറോ മലബാർ സഭ വൊക്കേഷൻ കമ്മീഷന്റെ വൊക്കേഷൻ പ്രമോട്ടർമാരുടെ വാർഷിക മീറ്റിംഗ് ജൂലൈ 24-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ താമരശ്ശേരി രൂപതയുടെ വൊക്കേഷൻ ബ്യൂറോ ഡയറക്ടർ ഫാ. ജോയൽ കുമ്പുക്കൽ പങ്കെടുത്തു.

## മാർ തോമാ ശ്ലീഹ ഓൺലൈൻ പ്രസംഗമത്സരം

സ്മാർട്ട് അംഗങ്ങൾക്കായി ഒരുക്കിയ മാർ തോമാ ശ്ലീഹ ഓൺലൈൻ പ്രസംഗമത്സരം ജൂലൈ 30ാം തിയ്യതി നടത്തപ്പെട്ടു. 23 പേർ മത്സരത്തിൽ പങ്കെടുത്തു.

## വിജയികൾ

1st ജെയ്സ് തോമസ് (കൂരാച്ചുണ്ട് )
2nd ആഷേർ ബെന്നി (മരുതോങ്കര)
3rd നെവിൻ ഷിന്റോ (കണ്ണോത്ത് )

## ഒപ്പം

എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുന്നു. ജൂലൈ മാസത്തിൽ കരിയാത്തുംപാറ, ചമൽ, പുതുപ്പാടി എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

## ഒരുക്കം

ശനിയാഴ്ചകളിൽ വിവിധ ഇടവകകൾ സന്ദർശിച്ച് അൾത്താര ശുശ്രൂഷികൾക്ക് പരിശീലനം നൽകുന്നു. അൾത്താര ശുശ്രൂഷി കൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആഗ്രഹിക്കുന്നെങ്കിൽ വികാരിയച്ചന്മാർ 9747036300 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ അൾത്താര ശുശ്രൂഷികൾക്കായി എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7.30 മുതൽ 8.30 വരെ ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ് നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. ജോർജ് കുമ്പുക്കൽ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ, SMART

# സ്റ്റാർട്ട്

## ദുക്റാന തിരുനാൾ

സ്റ്റാർട്ടിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ സമുചിതമായി സ്റ്റാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ആചരിച്ചു. ഡയറക്ടർ ഫാ. ഡോ. ജേക്കബ് കിഴക്കേവീട്ടിലിന്റെയും സ്റ്റാഫ് അംഗങ്ങളുടെയും നേതൃത്വത്തിലാണ് തിരുനാൾ ആഘോഷിച്ചത്. വിദ്യാർത്ഥികളുടെ കലാപരിപാടികൾ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. തോമസ് നാമധാരികളായ സ്റ്റാഫ് അംഗങ്ങളെയും വിദ്യാർത്ഥി കളെയും ചടങ്ങിൽ ആദരിച്ചു.

## 2025 – 26 അധ്യയന വർഷത്തിന് സ്റ്റാർട്ടിൽ ഔദ്യോഗിക തുടക്കം

START സെന്റ് തോമസ് അക്കാഡമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിംഗിന്റെ 2025–26 അധ്യയന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം, 2025 ഓഗസ്റ്റ് 2 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ അധ്യക്ഷത യിൽ സ്റ്റാർട്ട് ക്യാമ്പസിൽ വച്ച് സമുചിതമായി നടത്തപ്പെടും. വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ആഘോഷ ചടങ്ങിൽ പങ്കെടുക്കും. കഴിഞ്ഞ അധ്യയന വർഷത്തിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികളെയും, തങ്ങളുടെ പ്രതിഭ തെളിയിച്ചവ രെയും ഈ വേദിയിൽ അഭിവന്ദ്യ പിതാവ് ആദരിക്കും.

## AI & PYTHON കോഴ്സ് നാലാമത്തെ ബാച്ച് ആരംഭിക്കുന്നു

START ന്റെ നേതൃത്വത്തിൽ AI (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), Python പ്രോഗ്രാമിംഗ്, Machine Learning, Data Science തുടങ്ങിയ വിഷയങ്ങളിലേക്കുള്ള പരിശീലന കോഴ്സ് August 2, 2025 മുതൽ ആരംഭിക്കുന്നു.

## യൂറെക്ക മൊമെന്റ് മിനി മാസ്റ്റർ ക്യാംപ് 2025

START ന്റെ നേതൃത്വത്തിൽ നേതൃത്വത്തിൽ 'യൂറെക്ക മൊമെന്റ് മിനി മാസ്റ്റർ ക്യാംപ് സെപ്റ്റംബർ 1, 2, 3 തീയതികളിൽ സ്റ്റാർട്ട് ക്യാമ്പസിൽ വച്ച് നടത്തപ്പെടുന്നു. ജൂനിയർ വിഭാഗം: 5 മുതൽ 8 വരെ ക്ലാസുകൾ, സീനിയർ വിഭാഗം: 9 മുതൽ 12 വരെ ക്ലാസുകൾ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 വിദ്യാർത്ഥികൾക്ക് മാത്രമേ പങ്കെടുക്കാനുള്ള അവസരം ലഭ്യമാകു.

യൂറെക്ക മൊമെന്റ് മിനി മാസ്റ്റർ ക്യാംപിലെ പ്രധാന പഠന വിഷയങ്ങൾ: 1. ഫലപ്രദമായ പഠനരീതികൾ 2.സൈബർ സുരക്ഷ ബോധവൽക്കരണം 3.ലഹരി വിരുദ്ധ ബോധവൽക്കരണം 4.ആത്മവിശ്വാസവും സ്വയം തിരിച്ചറിയലും 5.നേതൃത്വ പരിശീലനം 6.ആശയവിനിമയ നൈപുണ്യം 7. വ്യക്തിത്വവികസനം.

രജിസ്റ്റർ ചെയ്യാനുമുള്ള ലിങ്ക്
https://www.startindia.org/online,0495-2357843, 9037107843, 9744458111,
www.startindia.org /startcalicut22@gmail.com

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# കരിസ്മാറ്റിക് മൂവ്മെന്റ്

## ജൂബിലേവൂസ്-2026

സുവർണ്ണജൂബിലി സഹസ്രദിന ഉപവാസ പ്രാർത്ഥന- ജൂബിലേവൂസ്-2026, ജൂലൈ 20 ന് പുത്തനങ്ങാടി സെന്റ് മേരിസ് കോളേജ് ചാപ്പലിൽ വച്ച് നടന്നു. ജപമാലയ്ക്കും സ്തുതി ആരാധനയ്ക്കും ശേഷം ബ്ര . അനിൽ ക്ലാസ് എടുത്തു. ഫാ. ചാക്കോ (CFIC) വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മധ്യസ്ഥ പ്രാർത്ഥനയ്ക്ക് ബാബു മാളിയേക്കൽ നേതൃത്വം നൽകി. സബ് സോൺ ആനിമേറ്റർ ആൻറണി കാരിക്കുന്നേൽ, സബ് സോൺ കോഡിനേറ്റർ ആന്റണി തെക്കേക്കുറ്റ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## സോണൽ മീറ്റിംഗ്

അടുത്ത സോണൽ മീറ്റിംഗ് ഓഗസ്റ്റ് 9 ശനിയാഴ്ച അശോകപുരം ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. കെരിഗ്മ മിനിസ്ട്രി യുടെ 101 ദിന ഉപവാസ പ്രാർത്ഥനയുടെ സമാപനത്തോടനു ബന്ധിച്ചു നടക്കുന്ന ഈ സോണൽ മീറ്റിംഗിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## കെരിഗ്മ കോഴ്സ്

ഓഗസ്റ്റ് 11 മുതൽ 14 വരെ താമരശ്ശേരി എം എസ് ടി സെമിനാരി യിൽ വച്ച് നടക്കുന്ന കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ, കെരിഗ്മ മിനിസ്ട്രി കോഡിനേറ്റർ ഷാജി അരീക്കതിലിന്റെ പക്കൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

# ക്രിസ്റ്റീൻ മിനിസ്ട്രി

## സോണൽ സംഗമം

ക്രിസ്റ്റീൻ ആനിമേറ്റേഴ്സിന്റെയും എം എസ് ടി സെമിനാരിയിൽ വച്ചു നടന്ന ധ്യാനത്തിൽ പങ്കെടുത്ത കുട്ടികളുടെയും സംയുക്ത സംഗമം 2025 ജൂലൈ 12ന് താമരശ്ശേരി അൽഫോൻസാ നഴ്സറി സ്കൂളിൽ വച്ച് നടന്നു. ഫാ. സിബി MST വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. KCSC ക്രിസ്റ്റീൻ കോഡിനേറ്റർ ജാക്സൺ ജോൺ മുഖ്യപ്രഭാഷണം നടത്തി. സെൻട്രൽ ടീം അംഗം ജോയി, സോണൽ കോഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽ, ക്രിസ്റ്റീൻ സോണൽ കോഡിനേറ്റർ രാജു മംഗലശ്ശേരി, സേണൽ സെക്രട്ടറി ബെന്നിച്ചൻ കറുകമാലിൽ, ആൻറണി ചൂരപൊയ്കയിൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. ഡോമിനിക് കുഴിവേലിൽ**
ആനിമേറ്റർ,
ക്രിസ്റ്റീൻ മിനിസ്ട്രി, കരിസ്മാറ്റിക് മൂവ്മെന്റ്

# കരുണാഭവൻ

അഭിവന്ദ്യ പിതാവ് കരുണാഭവൻ സന്ദർശിക്കുകയും അന്തേവാസികളോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു. ബഹു. കുര്യൻ വെളിയത്തച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ബഹു. ബിനോയി ചുനയംമാക്കലച്ചനും സി. ഫിലമിനും യാത്രയയപ്പു നൽകി. പുതുതായി ശുശ്രൂഷക്കായി കടന്നുവന്ന സി. സോഫിയയെ സ്വീകരിച്ചു. വിവിധ സംഘടനാംഗങ്ങളും വ്യക്തികളും കരുണാഭവൻ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു. എസ്.ഡി. സമൂഹത്തിലെ പ്രഗത്ഭരായ വ്യക്തികൾ കരുണാഭവനിലെ അന്തേവാസികൾക്ക് ക്ലാസ്സെടുക്കുകയും മാനസികാരോഗ്യ പരിപാടികൾ നടത്തുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ: കരുണാഭവൻ, ജീസസ് ഫ്രട്ടേണിറ്റി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ് & സൈക്കോതെറാപ്പി താമരശ്ശേരി രൂപതയുടെ മേൽനോട്ടത്തിൽ കൗൺസിലിങ്, സൈക്കോളജി എന്നീ മേഖലകളിൽ ഗവേഷണ ത്തിനും പരിശീലനത്തിനുമുള്ള സ്ഥാപനമാണ്. ഡയറക്ടർ ഫാദർ കുര്യൻ പുരമടത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺലൈൻ ആയും, നടക്കുന്നു. സൗജന്യ കൗൺസിലിംഗ് സേവനവും ഇവിടെ നൽകപ്പെടുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാദർ ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) സേവനവം ജെപിഐയിൽ ലഭ്യമാണ്.

**കോഴ്സുകൾ**

1. എംഎസ്സിന് കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എംഎസ്സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)
3. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2025 -2027 ബാച്ച് (ഓഫ് ലൈന് / ഓണ്ലൈന്) ക്ലാസുകളിലേക്കുള്ള അഡ്മിഷന് പുരോഗമിക്കുന്നു കോഴ്സില് ചേരാന് ആഗ്രഹിക്കുന്നവര്ക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. Contact No.949675018 /9037379180

**അറിയിപ്പ്**

1. എംഎസ്സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ) കോഴ്സ് ജൂലൈ 5 ന് തുടങ്ങി.
2. എംഎസ്സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ) കോഴ്സ് ജൂൺ 14 ന് തുടങ്ങി.

## പ്രവാസി അപ്പസ്തോലേറ്റ്

താമരശ്ശേരി രൂപതയുടെ പ്രവാസി അപ്പസ്തോലറ്റ് ഖത്തർ ചാപ്റ്ററിന്റെ രണ്ടാമത് ഫാമിലി മീറ്റിംഗ് ദോഹയിലെ ഒലിവ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് മെയ് മൂന്നാം തീയതി നടത്തപ്പെട്ടു. 30 കുടുംബങ്ങളിൽ നിന്നായി നൂറോളം പേർ പങ്കെടുത്ത പരിപാടിയിൽവച്ച്, ഭാവി പ്രവർത്തനങ്ങൾക്കായി 9 ഫൊറോനാ പ്രതിനിധികളെ ഉൾപ്പെടുത്തി 24 അംഗ കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് തുടങ്ങിയ മീറ്റിങ്ങിൽ വച്ച് പ്രവാസി അപ്പസ്തോലറ്റ് രൂപത ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിൽ ഓൺലൈൻ ആയി സന്ദേശം നൽകി. സിജോ കുന്നേൽ, സോളി സണ്ണി, ഫിനോജ്, ബിജോയ്, സിൽജ്, സൗബിൻ, പ്രതീഷ്, അഞ്ജു രാജ്, സീനു എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ,
ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്, പ്രവാസി അപ്പസ്തോലെറ്റ്

## ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോസ് 2:24).

### ധ്യാനങ്ങൾ

ജൂലൈ മാസം 6 മുതൽ 10 വരെ തീയതികളിലായി താമരശ്ശേരി രൂപതയിലെ വൈദികർക്കുവേണ്ടിയുള്ള വാർഷികധ്യാനം ബഥാനിയായിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ധ്യനം നയിച്ചു. 25 മുതൽ 28 വരെ തീയതികളിലായി ഈ മാസത്തെ ജീവിതനവീകരണധ്യാനം നടത്തപ്പെട്ടു. അനേകം ആളുകൾ പങ്കെടുക്കുകയും ദൈവാനുഭവം നേടുകയും ചെയ്തു.

### അഖണ്ഡ ജപമാല സമർപ്പണം

101 ദിവസം രാപകലുകൾ ഇടമുറിയാതെ നടക്കുന്ന ദിവ്യകാരുണ്യ ആരാധനയ്ക്കും അഖണ്ഡജപമാല സമർപ്പണത്തിനും ബഥാനിയായിൽ തുടക്കമായി. രജത ജൂബിലി വർഷത്തിൽ ലോക സമാധാനവും കുടുംബവിശുദ്ധീകരണവുമാണ് മുഖ്യനിയോഗം. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയും അഖണ്ഡജപമാല സമർപ്പണത്തിന്റെ രജതജൂബിലിയും അനുസ്മരിച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരി തെളിച്ചു.

തുടർന്നു നടന്ന ദിവ്യബലിയിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. പാറോപ്പടി ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, പുല്ലൂരാംപാറ ഇടവക വികാരി ഫാ. കുര്യാക്കോസ് മുഖാലയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിലും മറ്റനേകം വൈദികരും തിരുക്കർമ്മങ്ങളിൽ പങ്കുചേർന്നു.

അഖണ്ഡജപമാല സമർപ്പണത്തോട് അനുബന്ധിച്ച് ബഥാനിയായിൽ എല്ലാ ദിവസവും കുമ്പസാരത്തിനും സ്പിരിചൽ ഷെയറിങ്ങിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂറും ആരാധനയുണ്ടാകും. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് 12നും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം നടക്കും. എല്ലാ ദിവസവും പകൽ മൂന്നിനും പുലർച്ചെ മൂന്നിനും കുരിശിന്റെ വഴിയും കരുണക്കൊന്തയും നടത്തും. എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയും നേർച്ച ഭക്ഷണമുണ്ട്. ഒക്ടോബർ 25-ന് സമാപിക്കും.

### ഏകദിന കൺവെൻഷൻ

ജൂലൈ മാസം എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാനുള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി.

### ആദ്യവെള്ളി കൺവെൻഷൻ

ജൂലൈ മാസം നാലാം തീയതി ആദ്യ വെള്ളിയാഴ്ച ആവേ മരിയ ഹാളിൽ നടന്ന ഏകദിന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചനസന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### വിശുദ്ധ കുർബാനയും കുമ്പസാരവും

അഖണ്ഡ ജപമാല ദിവസങ്ങളിൽ ഞായറാഴ്ച ഒഴികെ എല്ലാദിവസവും രാവിലെ 6 നും ഉച്ചയ്ക്ക് 12 നും വൈകുന്നേരം 7 നും വിശുദ്ധ കുർബാനകൾ ഉണ്ടായിരിക്കുന്നതാണ്. കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കും.

### സ്പിരിചൽ ഷെയറിങ്ങും മധ്യസ്ഥപ്രാർത്ഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർത്ഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

## ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 1 ആദ്യവെള്ളി | : | ഏകദിന കൺവെൻഷൻ |
| 6 ചൊവ്വ | : | അഖണ്ഡജപമാല സമർപ്പണം ഇരുപതാം ദിവസം |
| 8 വെള്ളി | : | ഏകദിന കൺവെൻഷൻ, ജീവിതവിശുദ്ധീകരണധ്യാനം (8-11) |
| 15 വെള്ളി | : | ഏകദിന കൺവെൻഷൻ, പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ അഖണ്ഡ ജപമാല സമർപ്പണം മുപ്പതാം ദിവസം |
| 22 വെള്ളി | : | ഏകദിന കൺവെൻഷൻ ജീവിതവിശുദ്ധീകരണധ്യാനം (22-25) |
| 25 തിങ്കൾ | : | അഖണ്ഡജപമാല സമർപ്പണം നാല്പതാം ദിവസം |
| 29 വെള്ളി | : | ഏകദിന കൺവെൻഷൻ |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## ഭക്ഷ്യകിറ്റ് വിതരണം

സിഒഡിയും ഗ്രാമവികസന സമിതികളും സംയുക്തമായി വിലങ്ങാട്, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, മരുതോങ്കര, കായണ്ണ, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, വെറ്റിലപ്പാറ, തോട്ടുമുക്കം, പരിയാപുരം, വെള്ളില, മാലാപറമ്പ്, നെന്മേനി, പാലൂർകോട്ട, ചീരട്ടാമല എന്നിവിടങ്ങളിലെ 1400 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം നടത്തി. 15 ഇനം സാധനങ്ങൾ അടങ്ങിയ 1500 രൂപയുടെ ഭക്ഷ്യകിറ്റാണ് വിതരണം നടത്തിയത്. സിഒഡി പ്രസിഡന്റ്, രൂപതവികാരി ജനറൽ മോൺ. അബ്രാഹം വയലിൽ ഉദ്ഘാടനം നിർവഹിച്ചു. ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു.

## സ്റ്റാഫ് മീറ്റിംഗ്

സിഒഡി സ്റ്റാഫ് അംഗങ്ങൾക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ജൂൺ 28ന് നടന്ന പരിപാടിയിൽ കാരിത്താസ് ഇന്ത്യ പ്രൊജക്റ്റ് ഓഫീസർ ഡോ. ഹരിദാസ് ക്ലാസ് നയിച്ചു. ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോയ് കെ.സി സംസാരിച്ചു.

## കാർഷിക വായ്പ വിതരണം

സിഒഡിയുടെ നേതൃത്വത്തിൽ കാനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. കാനറാ ബാങ്ക് താമരശ്ശേരി- പൂനൂർ ബ്രാഞ്ചുകൾ വിലങ്ങാട്, തിരുവമ്പാടി, അടിവാരം, കൂരാച്ചുണ്ട് ഗ്രാമവികസന സമിതികളുടെ കീഴിലുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് വായ്പ വിതരണം നടത്തി. പൂനൂർ ബ്രാഞ്ച് മാനേജർ ശ്രീകുമാർ, താമരശ്ശേരി എഇഒ ആതിര, സിഒഡി സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി.

# ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി

## പ്രവർത്തനവർഷ ഉദ്ഘാടനവും ലഹരി വിരുദ്ധ ക്യാമ്പയിനും

ദീപിക ബാലസഖ്യം (DCL) കോഴിക്കോട് പ്രവിശ്യയുടെ കീഴിലുള്ള 4 മേഖലകളുടെ പ്രവർത്തനവർഷ ഉദ്ഘാടനവും കിക്ക് ഔട്ട് ലഹരി വിരുദ്ധ ക്യാമ്പയിനും നടത്തി.

കോടഞ്ചേരി മേഖലയുടെ പ്രോഗ്രാം സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സർക്കിൾ ഇൻസ്പെക്ടർ കെഒ പ്രദീപ് ഉദ്ഘാടനം ചെയ്തു. പ്രവിശ്യ കോർഡിനേറ്റർ ഫാ. തോമസ് പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സി. ഹെലൻ, ശാഖ ഡയറക്ടർ അശ്വതി സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. ലീഡർ അനബ് സി ജോബൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

സെന്റ് തോമസ് യുപി സ്കൂളിൽ നടന്ന കൂരാച്ചുണ്ട് മേഖല പ്രോഗ്രാം എംകെ രാഘവൻ എംപി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. വിൻസെന്റ് കണ്ടത്തിൽ അധ്യക്ഷനായിരുന്നു. പ്രവിശ്യ കോർഡിനേറ്റർ ഫാ. തോമസ് പാറൻകുളങ്ങര ആമുഖ പ്രഭാഷണം നടത്തി. ഹെഡ്മാസ്റ്റർ ബിജു മാത്യു സ്വാഗതവും ശാഖ ഡയറക്ടർ ഷൈബി മാത്യു നന്ദിയും പറഞ്ഞു. ലീഡർ അനൻ ചെറിയാൻ പ്രതിജ്ഞ ചൊല്ലികൊടുത്തു.

കാലിക്കറ്റ് സിറ്റി മേഖലയുടെ പ്രോഗ്രാം കുന്നമംഗലം ഓക്സീലിയം നവജ്യോതി സ്കൂളിൽ പിടിഎ റഹീം എംഎൽഎ ഉദ്ഘാടനം ചെയ്തു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. ജേക്കബ് പുത്തൻപുരക്കൽ അധ്യക്ഷത വഹിച്ചു. മാനേജർ സി. ലിസി ജോസ്, പ്രിൻസിപ്പൽ സി. സീന ജോസഫ്, ശാഖ ഡയറക്ടർ ലൂസി തോമസ്, അർപ്പിത ജെ നാരായണൻ എന്നിവർ സംസാരിച്ചു. ലീഡർ ഇവാൻ സി ജിജോ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

തിരുവമ്പാടി മേഖലയുടെ പ്രോഗ്രാം പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ആയിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർ ബോസ് ജേക്കബ് ഉദ്ഘാടനം ചെയ്തു. സ്കൂൾ അസിസ്റ്റന്റ് മാനേജർ ഫാ. അമൽ പന്തപ്ലാക്കൽ അധ്യക്ഷത വഹിച്ചു. ഫാ. തോമസ് പാറൻകുളങ്ങര ആമുഖപ്രഭാഷണം നടത്തി. ഹെഡ്മാസ്റ്റർ ജോളി ജോസഫ്, മേഖല ഓർഗനൈസർ സി. ജോൺസി, ശാഖ ഡയറക്ടർ ടോം ജോസ് എന്നിവർ സംസാരിച്ചു. ലീഡർ ഐവിൻ റോബി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

4 മേഖലകളിലും ഡിസിഎൽ കൊച്ചേട്ടൻ ഫാ. റോയി കണ്ണഞ്ചിറ മുഖ്യപ്രഭാഷണം നടത്തി. പ്രവിശ്യ കോർഡിനേറ്റർ ഫാ. തോമസ് പാറൻകുളങ്ങര, LDS ട്രെയിനർമാരും DCL പ്രോഗ്രാം കോർഡിനേറ്റർ മാരുമായ സന്ദീപ് കളപ്പുരക്കൽ, മാത്യു മേൽവെട്ടം എന്നിവർ നേതൃത്വം നൽകി.

### സ്റ്റാർ ഫെസ്റ്റ് 2K25

ദീപിക ബാലസഖ്യം (ഡിസിഎൽ) കോഴിക്കോട് പ്രവിശ്യയുടെ മേഖലാതല ലീഡർഷിപ്പ് ട്രെയിനിങ്ങ് സ്റ്റാർ ഫെസ്റ്റ് 2ഗ25ന് LDS ടീം നേതൃത്വം നൽകി. തിരുവമ്പാടി മേഖലയുടെ പ്രോഗ്രാം സേക്രഡ് ഹാർട്ട് യുപി സ്കൂളിൽ നടന്നു. ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. മേഖല ഓർഗനൈസർ ജോളി ജോസഫ് അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ സുനിൽ പോൾ, മേഖല ഓർഗനൈസർമാരായ സി. ജോൺസി, സെബിൻ സണ്ണി എന്നിവർ സംസാരിച്ചു.

കാലിക്കറ്റ് സിറ്റി പ്രോഗ്രാം ദേവഗിരി സാവിയോ ഹൈസ്കൂളിൽ പ്രവിശ്യ കോർഡിനേറ്റർ ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടനം ചെയ്തു. മേഖല ഓർഗനൈസർ ലൂസി തോമസ് അധ്യക്ഷത വഹിച്ചു. മേഖല ഓർഗാനൈസർ സി. ജൂലി ഗ്രെയ്സ്, കൗൺസിലർ ചൈത്ര എന്നിവർ സംസാരിച്ചു. ജെസി ഐ ഇന്റർനാഷണൽ ട്രെയിനർ മാത്യു മേൽവെട്ടം, പ്രോഗ്രാം കോർഡിനേറ്റർ സന്ദീപ് കളപ്പുരക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. അധ്യാപകരും വിദ്യാർത്ഥികളും കലാപരിപാടികൾ അവതരിപ്പിച്ചു.

### കോളേജ് വിസിറ്റ്

മൈസൂർ, ബാംഗ്ലൂർ, മംഗലാപുരം, ഹസൻ തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ കോളേജുകളിലായി അഡ്മിഷനുമായി ബന്ധപ്പെട്ട കോളേജ് വിസിറ്റ് നടത്തി.

### അഡ്മിഷൻ പ്രവർത്തനം

അഡ്മിഷന്റെ ഭാഗമായി വിവിധ കോളേജുകളിൽ വിദ്യാർഥി കളെയും കുട്ടികളെയും സന്ദർശിച്ചു. തുടർന്ന് വിവിധ കോളേജുകളി ലായി അഡ്മിഷൻ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, സി.ഒ.ഡി

# കത്തോലിക്കാ കോൺഗ്രസ്

## ദേശീയ സെമിനാർ

ജൂൺ 13ന് വെള്ളിയാഴ്ച കോഴിക്കോട് അമലാപുരി ചാവറ കൾച്ചറൽ സെൻററിൽ വെച്ച് രാവിലെ 9:30 മുതൽ വൈകുന്നേരം 4:30 വരെ താമരശ്ശേരി രൂപത കത്തോലിക്കാ കോൺഗ്രസിന്റെയും ഹെർമൻ ഗുണ്ടർട്ട് എഡ്യൂക്കേഷൻ ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ ഏകദിന ദേശീയ സെമിനാറും ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിന്റെ പേരിലുള്ള അവാർഡ്ദാനവും സ്കൂൾ കോളേജ് തലങ്ങളിൽ നടത്തിയ ഉപന്യാസമത്സരത്തിലെ വിജയികൾക്കുള്ള സമ്മാന ദാനവും നടന്നു. പ്രഥമ ഹെർമൻ ഗുണ്ടർട്ട് പുരസ്കാരം (ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും) ശ്രീ മോഹൻദാസ് വള്ളിക്കാവിന് സമ്മാനിച്ചു.

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചിനാനിയിൽ പിതാവിനോടൊപ്പം കേരളത്തിലെ മുൻചീഫ് സെക്രട്ടറിയും മലയാളം സർവ്വകലാശാല യുടെ വൈസ് ചാൻസലറും ആയിരുന്ന പ്രശസ്ത ഗാന രചയിതാവ് ശ്രീ. ജയകുമാർ ഐ.എ.എസ്, മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ ജെയിംസ് വർഗീസ് ഐ.എ.എസ്, പണ്ഡിത ശ്രേഷ്ഠനായ ഡോ. ബാബു വർഗീസ്, അവാർഡ് ജേതാവും മിഷനറിമാരുടെ കേരളം എന്ന പ്രസിദ്ധമായ പുസ്തകത്തിന്റെ രചയിതാവുമായ ഡോ. മോഹൻദാസ് വള്ളിക്കാവ്, മലയാളം സർവ്വകലാശാലയിലെ പ്രൊഫസർമാരായ പ്രൊഫ. അനിൽ ചേലമ്പ്ര, ഡോ. അശോക് ഡിക്രൂസ്, ഐ.ഐ.എം ലെ ഡോ. ജയപ്രകാശ് രാഘവയ്യ, പ്രശസ്ത സാഹിത്യകാരനും നോവലിസ്റ്റുമായ കെ. പി. രാമനുണ്ണി, കോഴിക്കോട് കോർപ്പറേഷൻ മേയർ ശ്രീമതി ബീന ഫിലിപ്പ്, തുടങ്ങിയ പ്രശസ്തർ സെമിനാറിൽ പ്രഭാഷണങ്ങൾ നടത്തി. ഡോ. ചാക്കോ കാളം പറമ്പിൽ, ഫാ. സബിൻ തൂമുള്ളിൽ, ഡോ. അൽഫോൻസാ ടീച്ചർ വിൻസന്റ് പൊട്ടനാനിയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ക്രൈസ്തവ കൂട്ടക്കുരുതിക്കെതിരെ പ്രതിഷേധം

മതഭീകരവാദികൾ നൈജീരിയടക്കമുള്ള വിവിധ രാജ്യങ്ങളിൽ നടക്കുന്ന ക്രൈസ്തവരടക്കമുള്ള സമൂഹത്തിന് എതിരെ നടക്കുന്ന കൂട്ടക്കുരുതികൾക്കും പീഡനങ്ങൾക്കും എതിരെ 2025 ജൂൺ 29 ഞായറാഴ്ച താമരശ്ശേരി രൂപതയിലെ കത്തോലിക്കാ കോൺഗ്രസി ന്റെ വിവിധ യൂണിറ്റുകളിൽ ഇരകളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട്, പ്രതിഷേധ ദിനമായി ആചരിച്ചു.

## കത്തോലിക്കാ കോൺഗ്രസ് നേതൃ ശില്പശാല

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ രൂപത സമിതികളുടെ നേതൃത്വത്തിൽ മോസസ് 2k25എന്ന പേരിൽ ശില്പശാല സംഘടിപ്പിച്ചു. താമരശ്ശേരി രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ മുഴുവൻ യൂണിറ്റുകളിൽ നിന്നും യൂണിറ്റ്

പ്രസിഡണ്ട്, സെക്രട്ടറി, ഫൊറോന സമിതി അംഗങ്ങൾ, രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, യൂത്ത് കോഡിനേറ്റർമാർ, വനിതാ കോഡിനേറ്റർമാർ എന്നിവർ ഉൾപ്പെടെ 200 പേർ പങ്കെടുത്തു.

കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗം ഗ്ലോബൽ പ്രസിഡണ്ട് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ജനറൽ സെക്രട്ടറി ജോസ്കുട്ടി ഒഴുകയിൽ, രൂപത ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ, രൂപത ട്രഷറർ സജി കരോട്ട് എന്നിവർ പ്രസംഗിച്ചു.

ഗ്ലോബൽ വൈസ് പ്രസിഡണ്ട് ഡോ.കെ.എം. ഫ്രാൻസിസ്, ഡോ. പീറ്റർ എം രാജ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് ബെന്നി ആന്റണി, രൂപത ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, ഡോ. ചാക്കോ കാളംപറമ്പിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ട്രീസാ ലിസ് സെബാസ്റ്റ്യൻ, രൂപത വൈസ് പ്രസിഡണ്ട് അൽഫോൻസാ മാത്യു, നിമ്മി പൊതിയട്ടേൽ, അഡ്വ. ടോം ഐകൊളമ്പിൽ എന്നിവർ ക്ലാസ്സെടുത്തു

**കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ**

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ തിരുവമ്പാടി ഫൊറോന സംഗമം സംഘടിപ്പിച്ചു. യൂത്ത് കൗൺസിൽ രൂപത ജനറൽ കോഡിനേറ്റർ ഷാന്റോ തകിടിയേൽ അധ്യക്ഷം വഹിച്ചു. കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ.ചാക്കോ കാളം പറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ.തോമസ് നാഗപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. സർക്കാരുകൾ നിരന്തരമായി ക്രൈസ്തവരോട് കാണിക്കുന്ന അവഗണനയ്ക്കെ തിരെയും വന്യജീവി ആക്രമണങ്ങളിൽ സർക്കാരിന്റെ നിലപാടിന് എതിരെയും കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ പ്രമേയം പാസാക്കി. കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ മുഖ്യ പ്രഭാഷണം നടത്തി. രൂപതാ ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ തിരുവാമ്പാടി ഫൊറോന പ്രസിഡന്റ് ജോസഫ് പുലക്കുടിയിൽ, രൂപതാ വൈസ് പ്രസിഡണ്ട് പ്രിൻസ് തിനം പറമ്പിൽ, തിരുവമ്പാടി യൂണിറ്റ് പ്രസിഡണ്ട് സണ്ണി പുതുപ്പറമ്പിൽ, അമൽ, സോനാ ഡോണി എന്നിവർ പ്രസംഗിച്ചു.

**രൂപത - ഫൊറോന എക്സിക്യൂട്ടീവ് പുനസംഘടന**

2025 ജൂലായ് 6 ഞായറാഴ്ച ചേർന്ന കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് സമിതി യോഗത്തിൽ രൂപത എക്സിക്യൂട്ടീവ് സമിതി പുനസംഘടിപ്പിച്ചു. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് പ്രിൻസ് തിനംപറമ്പിലിനെയും (തിരുവമ്പാടി) സെക്രട്ടറി സ്ഥാനത്തേക്ക് ബിബിൻ തോമസ് കുന്നത്ത് (കോടഞ്ചേരി) നേയും തെരഞ്ഞെടുത്തു. എക്സിക്യൂട്ടീവ്

സമിതിയിലേക്ക് ബേബി വട്ടോട്ട് തറപ്പേൽ, സുനിൽ കണ്ടത്തിൻകര എന്നിവർക്ക് പകരമായി സണ്ണി എമ്പ്രയിലിനേയും (നരിനട), അഭിലാഷ് കുടിപ്പാറയേയും (മഞ്ഞക്കുന്ന്) തെരഞ്ഞെടുത്തു.

താമരശ്ശേരി ഫൊറോന പ്രസിഡന്റായി രാജു മംഗലശ്ശേരി യെയും തെരഞ്ഞെടുത്തു. താമരശ്ശേരി ഫൊറോന കോഡിനേറ്ററായി ടോമിച്ചൻ ചക്കിട്ടമുറിയിലിനേയും വിലങ്ങാട് ഫൊറോന കോഡിനേറ്റ റായി ജോൺസൺ മാമൂട്ടിലിനേയും തെരഞ്ഞെടുത്തു. ബിബിൻ കുന്നത്തിന് പാറോപ്പടി ഫൊറോനയുടെ അധിക ചുമതലനൽകി.

**വരും കാല പ്രവർത്തനങ്ങൾ**

**സാരിവേലി സമരം**

രൂക്ഷമായ വന്യമൃഗ അക്രമണങ്ങൾക്കെതിരെ താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ  പെരുവണ്ണാമൂഴി, താമരശ്ശേരി, നിലമ്പൂർ എന്നീ ഫോറസ്റ്റ് ഓഫീസുകളിലേക്ക് 2025 ആഗസ്റ്റ് 2, 9, 16 തീയതികളിലായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# എക്യുമെനിസം

**നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിച്ചു**

നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം കോടഞ്ചേരി മേഖലയുടെയും താമരശ്ശേരി രൂപത എക്യുമെനിസം ഡിപ്പാർട്ട്മെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2025 ജൂലൈ 21-ാം തീയതി തിങ്കളാഴ്ച കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു.

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി പ്രൊഫസറായ ഫാ. ഡോ.  ആന്റണി തറേക്കടവിലും യാക്കോബായ സുറിയാനി സഭ പെരുമ്പാവൂർ മേഖല മെത്രാപ്പോലീത്ത മാത്യൂസ് മാർ അപ്രേം തിരുമേനിയും ക്ലാസുകൾ നൽകി. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ  താമരശ്ശേരി രൂപത മെത്രാൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. താമരശ്ശേരി രൂപത എക്കുമിനിസം ഡയറക്ടറായ ഫാ. ഡോ. ജോസ് പെണ്ണാപറമ്പിൽ എവർക്കും സ്വാഗതം ആശംസിച്ചു. കോടഞ്ചേരി ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐകുളമ്പിൽ, യു സി എഫ് കോടഞ്ചേരി മേഖല സെക്രട്ടറി ഫാ. ബേ

സിൽ തമ്പി പടിഞ്ഞാറേക്കര, യുസിഎഫ് എക്സിക്യൂട്ടീവ് അംഗങ്ങളായ ഫാ. സ്കറിയ ഈന്തലാംകുഴിയിൽ, ഫാ. അനൂപ് അലക്സാണ്ടർ, ഫാ. എബി ചിറയിൽ, ഫാ. ഷിജോ താന്നിയംകട്ടയിൽ, ഫാ. റിനോ ജോൺ, എന്നിവർ സംസാരിച്ചു. യൂസിഎഫ് കോടഞ്ചേരി മേഖലാ പ്രസിഡൻറ് രാജു ചൊള്ളാമഠത്തിൽ, സെക്രട്ടറി ഏലിയാസ്, ട്രഷറർ ഷിജി അവനൂർ, ജയ്സൺ മീൻമുട്ടി, ഷിബു മൈക്കാവ് ആനി പുത്തൻപുര, ടെസ്സി വേളങ്കോട്, ഓമന കേളംകുന്നേൽ, ലീന മാത്യു, റെജി പേഴത്തിങ്കൽ എന്നിവർ നേതൃത്വം നൽകി. സമ്മേളനത്തിൽ കോടഞ്ചേരി മേഖലയിലെ വിവിധ ഇടവകകളിൽ നിന്ന് മുന്നൂറോളം പേർ പങ്കെടുത്തു.

# മരിയൻ പ്രോലൈഫ് മൂവ്മെന്റ്

## കോടഞ്ചേരി മേഖല: പ്രോലൈഫ് എക്സിക്യൂട്ടീവ് അംഗങ്ങൾ

ബിബിൻ ചീരാൻകുഴി (പ്രസിഡന്റ്) വിജി ചാൾസ് തയ്യിൽ (സെക്രട്ടറി) സാബിസ് പനച്ചിക്കൽ (വൈസ് പ്രസിഡന്റ്) ജാൻസി നിറംങ്കിയിൽ (ജോ.സെക്രട്ടറി) ജിൻസ് വേലിക്കകത്ത് (ട്രഷറർ) വിപിൻ വേലിക്കകത്ത് സിബി കൊഴുവനാൽ സന്തോഷ് വാലോലിക്കൽ (എക്സിക്യൂട്ടീവ് അംഗങ്ങൾ).

## വലിയ കുടുംബങ്ങളുടെ സംഗമം

പുല്ലൂരാംപാറ, കരിമ്പ്, മുത്തപ്പൻപുഴ, എന്നീ ഇടവകകളിലെ വലിയ കുടുംബങ്ങളുടെ സംഗമം പുല്ലരാംപാറ പാരിഷ്ഹാളിൽ വച്ച് നടന്നു. രൂപത സെക്രട്ടറി ജോൺസൻ തെങ്ങുംതോട്ടത്തിൽ അധ്യക്ഷനായിരുന്നു. പുല്ലൂരാംപാറ വികാരി ഫാ. കുര്യാക്കോസ് മുഖാലയിൽ സംഗമം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ആനിമേറ്റർ സി. മെറിൻ ജോസ്, രൂപത കെ സി ബി സി പ്രോലൈഫ് സമിതി ട്രഷറർ ടോമി പ്ലാത്തോട്ടത്തിൽ, തിരുവമ്പാടി യൂണിറ്റ് പ്രസിഡണ്ട് തങ്കച്ചൻ പുരയിടത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പുല്ലൂരാംപാറ യൂണിറ്റ് പ്രസിഡണ്ട് സ്റ്റാൻലി പ്ലാംപറമ്പിൽ ഏവർക്കും നന്ദി അർപ്പിച്ചു. പങ്കെടുത്ത ഏവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി 31 കുടുംബങ്ങൾ സംഗമത്തിൽ പങ്കെടുത്തു.

# യൂദിത്ത് ഫോറം

## യൂദിത്ത് ഫോറം കൂരാച്ചുണ്ട് ഫൊറോന സംഗമം നടത്തി

വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കൂരാച്ചുണ്ട് ഫൊറോന സംഗമം നടത്തി. ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായ സമ്മേളനത്തിൽ കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന വികാരി ഫാ. വിൻസന്റ് കണ്ടത്തിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സി. റെനി ജോസ് മുഖ്യപ്രഭാഷണം നടത്തി. കേരള വനിതാ വികസന കോർപ്പറേഷൻ ബോർഡ് അംഗം വി. കെ പ്രകാശ് ക്ലാസ് നൽകി. കുരാച്ചുണ്ട് ഫൊറോനയിലെ 13 ഇടവകകളിൽ നിന്നായി 150-ാളം അമ്മമാർ സമ്മേളനത്തിൽ പങ്കെടുത്തു. താമരശ്ശേരി രൂപതയിലെ വിവിധ സന്യാസിനിഭവനങ്ങളിൽ നിന്നുള്ള സഹോദരിമാരാണ് സമ്മേളനത്തിന് നേതൃത്വം നൽകിയത്. കോഡിനേറ്റർ സി. വിമല എസ്.എച്ച് സോഷ്യൽ വർക്ക് കോഡിനേറ്റർ വിഷ്ണുപ്രിയ, യൂദിത്ത് ഫോറം രൂപത സെക്രട്ടറി പ്രസന്ന അഴകത്ത് എന്നിവർ പ്രസംഗിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, എക്യുമെനിസം,
മരിയൻ പ്രോലൈഫ് മൂവ്മെന്റ്, യൂദിത്ത്ഫോറം

ക്കു



# യേശുനിധി

2025 ജൂൺ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Anackampoil | 15,000.00 |
| 2 | Chippilithode | 10,000.00 |
| 3 | Kannoth | 10,000.00 |
| 4 | Kodanchery | 8,000.00 |
| 5 | Koorachundu | 10,000.00 |
| 6 | Koorachundu | 10,000.00 |
| 7 | Malaparamba | 10,000.00 |
| 8 | Poozhithode | 10,000.00 |
| 9 | Thottumukkam | 10,000.00 |
| 10 | Vadakara | 8,000.00 |
| 11 | Vayalada | 10,000.00 |
| | **Home** | |
| 12 | Anackampoil | 15,000.00 |
| 13 | Anackampoil | 15,000.00 |
| 14 | Chakkittappara | 15,000.00 |
| 15 | Kalkundu | 15,000.00 |
| 16 | Kulathuvayal | 10,000.00 |
| 17 | Manjakadave | 15,000.00 |
| 18 | Maramchatty | 15,000.00 |
| 19 | Muthappanpuzha | 10,000.00 |
| 20 | Muthukad | 10,000.00 |
| 21 | Poilomchal | 10,000.00 |
| 22 | Poozhithode | 15,000.00 |
| 23 | Vayalada | 15,000.00 |
| 24 | Vettilappara | 15,000.00 |
| | **Medical** | |
| 25 | Anackampoil | 10,000.00 |
| 26 | Balussery | 12,000.00 |
| 27 | Chakkittappara | 10,000.00 |
| 28 | Erude | 10,000.00 |
| 29 | Kakkadampoil | 10,000.00 |
| 30 | Karingad | 12,000.00 |
| 31 | Kariyathumpara | 8,000.00 |
| 32 | Karuvarakundu | 10,000.00 |
| 33 | Kattipara | 15,000.00 |
| 34 | Kodanchery | 10,000.00 |
| 35 | Kodanchery | 10,000.00 |
| 36 | Koodathai | 10,000.00 |
| 37 | Mailellampara | 12,000.00 |
| 38 | Mankada | 20,000.00 |
| 39 | Peruvannamuzhi | 10,000.00 |
| 40 | Poothampara | 10,000.00 |
| 41 | Pushpagiri | 12,000.00 |
| 42 | Puthuppady | 7,000.00 |
| 43 | Thalayad | 10,000.00 |
| 44 | Thazhekode | 15,000.00 |
| 45 | Vaniambalam | 12,000.00 |
| 46 | Vettilappara | 12,000.00 |
| 47 | Vettilappara | 10,000.00 |
| | **Miscellaneous** | |
| 48 | Thazhekode | 12,000.00 |
| | **Total** | **5,55,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ജൂൺ

27 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ ബഹു. ജോർജ് മുണ്ടനാട്ട് അച്ചന്റെ പരേതയായ മാതാവ് റോസമ്മ പുന്നൂസ് മുണ്ടനാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, കോഴിക്കോട്, പൂളക്കോട് എം.വി.ആർ. ക്യാൻസർ കെയർ സെന്റർ നൽകിയ ആദരവ് എം.വി.ആർ. സെമിനാർ ഹാളിൽ വെച്ച് ഏറ്റുവാങ്ങി.

തിരുഹൃദയതിരുന്നാളിനോടനുബന്ധിച്ച് ഈരൂട് വിയാനി വൈദികമന്ദിരം വെഞ്ചരിച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തി.

28 രാവിലെ, പി.എം.ഒ.സിയിൽ നടന്ന, പുതുതായി വിശ്വാസ പരിശീലനരംഗത്തേക്കു കടന്നുവന്ന മതാദ്ധ്യാപകർക്കുള്ള ആമുഖ സെമിനാറിൽ സംബന്ധിച്ചവർക്ക് വി. കുർബാന അർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.

പുല്ലുരാംപാറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, കൂരാച്ചുണ്ട് ഇടവകയിൽ, താമരശ്ശേരി സാന്തോം തിരുഹൃദയ പ്രവിശ്യയുടെ നേതൃത്വത്തിൽ നടത്തിയ തിരുഹൃദയ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

വേനപ്പാറ ഇടവകയിൽ ഒരു കുടുംബത്തിന്റെ വിവാഹ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

29 തോട്ടുമുക്കം ഫൊറോന ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

30 ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ നടന്ന സി.ഒ.ഡി. യുടെ കേന്ദ്ര സമിതി യോഗത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, അൽഫോൻസ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു.

രൂപതാഭവനിൽ തോമസ് നാമധാരികളായവരുടെ നാമഹേതുക തിരുനാളാഘോഷങ്ങളിൽ സംബന്ധിച്ചു.

നിലമ്പൂർ നിയമസഭാ മണ്ഡല ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. ആര്യാടൻ ഷൗക്കത്തിനെ രൂപതാഭവനിൽ സ്വീകരിച്ചു.

## ജൂലൈ

1 രാവിലെ, മാണ്ഡ്യ രൂപതാഭവനിൽ, മാണ്ഡ്യ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനേയും ഫൈനാൻസ് ഓഫീസറായി ശുശ്രൂഷ ചെയ്യുന്ന താമരശ്ശേരി രൂപതാംഗം ബഹു. ജെയിംസ് പുൽത്തകിടി അച്ചനേയും സന്ദർശിച്ചു.

2 ബാംഗളൂർ സെന്റ് പാട്രിക്സ് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

3 വൈകുന്നേരം, കല്ലുരുട്ടി ഇടവകയിൽ, താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ഭാഗമായി, ഇൻഫാമിന്റെ നേതൃത്വത്തിൽ നല്കുന്ന വൃക്ഷത്തൈകളുടെ വിതരണോത്ഘാടനം നിർവ്വഹിച്ചു.

വി. തോമാശ്ലീഹായുടെ ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് കല്ലുരുട്ടി ഇടവകയിൽ റാസ കുർബാന അർപ്പിക്കുകയും ഇടവക സ്ഥാപനത്തിന്റെ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

4 രാവിലെ, താമരശ്ശേരി രൂപതാഭവൻ ജോൺ പോൾ രണ്ടാമൻ ഓഡിറ്റോറിയത്തിൽ നടന്ന, കോർപ്പറേറ്റ് എഡ്യുക്കേഷന് കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപക സംഗമം ഉദ്ഘാടനം ചെയ്തു.

5 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതനായ ജ്യേഷ്ഠ സഹോദരൻ അഗസ്റ്റിൻ ഇഞ്ചനാനിയിലിന്റെ ചരമവാർഷിക ത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് ഭവനത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

വൈകുന്നേരം, ബാലുശ്ശേരി ഇടവകയിലെ അജപാലന സന്ദർശനത്തോടനുബന്ധിച്ച് ഇടവകയിലെ രോഗികളായ വരുടെ ഭവനങ്ങൾ സന്ദർശിച്ചു.

6 ബാലുശ്ശേരി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, കോരങ്ങാട് അൽഫോൻസ സ്കൂൾ അദ്ധ്യാപകൻ, പരേതനായ സുരേഷ് കുമാറിന്റെ ഭവനം സന്ദർശിച്ചു അനുശോചനം അറിയിച്ചു.

തിരുവമ്പാടി ഇടവകയിൽ, പരേതനായ എ.വി.തോമസ് തോണിപ്പാറയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നല്കി.

വൈകുന്നേരം, അമലാപുരി ഇടവകയിൽ കുടുംബ - സമർപ്പണ ദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

6-10 പുല്ലൂരാംപാറ ബഥാനിയായിൽ നടന്ന, താമരശ്ശേരി രൂപതയിലെ വൈദികർക്കായി നടത്തിയ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

10 വൈകുന്നേരം, പനംപ്ലാവ് ഇടവകയിൽ പരേതയായ വാത്തോലിൽ മാർത്ത തോമസിന്റെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് നേതൃത്വം നൽകി.

11 രാവിലെ, പി.എം.ഒ.സി.യിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിക്കുന്ന വർക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചയ്ക്ക്, കോരങ്ങാട് അൽഫോൻസ സ്കൂളിൽ, പരേതനായ മലയാളം അദ്ധ്യാപകൻ സുരേഷ് കുമാറിന്റെ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു.

12 രാവിലെ, തിരുവമ്പാടി ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

പുല്ലൂരാംപാറ ബഥാനിയായിൽ, ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി യോടനുബന്ധിച്ച് സംഘടിപ്പിച്ച ഈ വർഷം ആഘോഷപൂർവ്വ കമായ ദിവ്യകാരുണ്യം സ്വീകരിച്ച കുഞ്ഞുങ്ങളുടെ സംഗമം 'എയ്ഞ്ചൽസ് മീറ്റ്' ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പാറോപ്പടി ഫൊറോന ഇടവകയിലെ അജപാലന സന്ദർശനത്തോടനുബന്ധിച്ച് ഇടവകയിലെ സന്യാസഭവനങ്ങളും രോഗികളായവരുടെ ഭവനങ്ങളും സന്ദർശിച്ചു.

13 പാറോപ്പടി ഫൊറോന ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

14 രാവിലെ, കൂരാച്ചുണ്ട് ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

15 രാവിലെ, രൂപതാഭവനിൽ നടന്ന കോർഡിനേഷൻ കമ്മറ്റി യോഗത്തിൽ പങ്കെടുത്തു.

ഉച്ചയ്ക്ക്, രൂപത മൈനർ സെമിനാരിയിൽ റെക്ടേർസ് ഡേയോടനബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ സംബന്ധിച്ചു.

വൈകുന്നേരം, പാലൂർക്കോട്ട ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

16 രാവിലെ, ചാവറ ഹോസ്പിറ്റൽ ഭവന കപ്പേളയിൽ, കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

പി.എം.ഒ.സി. യിൽ, താമരശ്ശേരി രൂപത സെന്റ് അൽഫോൻസ പാലിയേറ്റീവ് ആന്റ് ജെറിയാട്രിക് കെയറിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പാത്തിപ്പാറ ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

17 രാവിലെ, പുല്ലുരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിൽ അഖണ്ഡജപമാല ശുശ്രൂഷയുടെ പ്രഥമ ദിനത്തിൽ വി. കുർബാന അർപ്പിക്കുകയും ജപമാലയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം, താമരശ്ശേരി രൂപത റൂബി ജൂബിലി കേന്ദ്ര സമിതിയുടെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

18 വൈകുന്നേരം, പുതുപ്പാടി സെന്റ് ഫിലിപ്പ് നേരി ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു.

19 രാവിലെ, താമരശ്ശേരി രൂപതാ ഭവൻ ജോൺ പോൾ രണ്ടാമൻ ഓഡിറ്റോറിയത്തിൽ നടന്ന പാസ്റ്ററൽ കൗൺസിലിൽ ആദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം, പാറത്തോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

20 തേക്കുംകുറ്റി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

21 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ നോവഷ്യേറ്റ് ഭവനത്തിൽ വി. കുർബാന അർപ്പിക്കുകയും സന്യാസാർത്ഥിനികൾക്കായി ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചയ്ക്ക്, കോടഞ്ചേരി പാരീഷ് ഹാളിൽ യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം കോടഞ്ചേരി മേഖല സംഘടിപ്പിച്ച നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികാഘോഷത്തിലും സൂനഹദോസ് പിതാക്കന്മാരുടെ അനുസ്മരണ സമ്മേളന ത്തിലും ആദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം, ഈരൂട് ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

22 രാവിലെ, ഭരണങ്ങാനം വി. അൽഫോൻസാമ്മയുടെ കബറിട ദൈവാലയത്തിൽ താമരശ്ശരി രൂപതയിലെ വൈദികരോടും സന്ന്യസ്തരോടും ദൈവജനത്തോടുമൊപ്പം വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

23 രാവിലെ, തിരുവമ്പാടി ഇടവകയിൽ പരേതനായ ഫാ. ടോമി എട്ടിയിൽ MSSCC യുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

വൈകുന്നേരം, പശുക്കടവ് ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

24 രാവിലെ, രൂപതാഭവൻ ജോൺ പോൾ രണ്ടാമൻ ഓഡിറ്റോറിയ ത്തിൽ, താമരശ്ശേരി രൂപത റൂബി ജൂബിലിയോടനുബന്ധിച്ച്, കെ.സി.വൈ.എം - എസ്എം.വൈ.എം. സംഘടിപ്പിച്ച മുൻകാല ഭാരവാഹികളുടെ സംഗമം 'നമ്മൾ' ഉദ്ഘാടനം ചെയ്തു.

എസ്.എസ്.എച്ച്. സന്യാസിനി സഭയുടെ റാഞ്ചി പ്രൊവിൻഷ്യൽ സി. അഞ്ചലി എസ്.എസ്.എച്ചിനെ രൂപതാഭവ നിൽ സ്വീകരിച്ചു.

നസ്രത്ത് സന്യാസിനി സൂഹത്തിന്റെ സുപ്പീരിയർ ജനറാൾ ബഹു. സി. ജെസീന്ത സെബാസ്റ്റ്യൻ NS നെ രൂപതാഭവനിൽ സ്വീകരിച്ചു.


25 വൈകുന്നേരം, ബഥാനിയ നവീകരണ കേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കായി വി. കുർബാന അർപ്പിച്ചു.

26 വൈകുന്നേരം, പനംപ്ലാവ് ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

27 കൂമംകുളം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, കാക്കവയൽ ഇടവകയിൽ പുത്തൻപുരയ്ക്കൽ സെബാസ്റ്റ്യന്റെ പുതുതായി പണിത ഭവനം വെഞ്ചരിച്ചു.





# POPE LEO XIV
## HOMILY
## FRIDAY, 27 JUNE 2025



The priestly ministry is one of sanctification and reconciliation for the building up of the Body of Christ in unity (cf. Lumen Gentium, 7). For this reason, the Second Vatican Council exhorted priests to make every effort to “lead all to the unity of charity” (Presbyterorum Ordinis, 9), harmonizing differences so that “no one… may feel left out” (ibid.). It also encouraged priests to remain united with their bishop and within the presbyterate (ibid., 7-8). For the more we are united among ourselves, the more we will be able to lead others to the fold of the Good Shepherd, and to live as brothers and sisters in the one house of the Father.

Saint Augustine, in a homily delivered on the anniversary of his ordination, spoke of the joyful fruit of communion that unites the faithful, priests and bishops, grounded in the recognition that all of us are redeemed and saved by the same gracious mercy of God. It was in that context that he spoke the celebrated words: “For you I am a bishop, with you I am a Christian” (Serm. 340, 1).

In the solemn Mass inaugurating my Pontificate, I voiced before the People of God my great desire for “a united Church, a sign of unity and communion, which becomes a leaven for a reconciled world” (18 May 2025). Today, I share this desire once more with all of you. Reconciled with one another, united and transformed by the love that flows abundantly from the Heart of Christ, let us walk together humbly and resolutely in his footsteps, firm in faith and open to all in charity. Let us bring the peace of the risen Lord to our world, with the freedom born of the knowledge that we have been loved, chosen and sent by the Father.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-07-2025 |



## വി. ജോൺ മരിയ വിയാനി

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, Issue 08, August 2025, Pages 96.